# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 40

വാല്യം - 15 | ലക്കം - 6 | ഇടവം - 1198 | ജൂൺ 2023







എറണാകുളം കരയോഗം

# ടി.ഡി.എം. പമ്പാഹാൾ





**നവീകരിച്ച ടി.ഡി.എം. പമ്പാഹാൾ 2023 ആഗസ്റ്റ് 17 മുതൽ പൊതുജനങ്ങൾക്ക് തുറന്നു നൽകുന്നു. ഹാൾ ബുക്കിങ്ങിന് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.**

ടി.ഡി.എം. ഹാൾ കോംപ്ലക്സ്, ഡി.എച്ച്. റോഡ്, കൊച്ചി - 682016

**ഫോൺ - 0484 2361160, മൊബൈൽ - 8281588833**

E-mail:ekmkgm@gmail.com



# ഉള്ളടക്കം

വാല്യം 15 | ലക്കം 6 | ജൂൺ 2023


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 6 |
| വാസ്തു. | 7 |
| ക്ഷേത്രങ്ങളിലൂടെ. | 8 |
| തുർക്കി യാത്ര | 11 |
| ചട്ടമ്പിസ്വാമിയും മറ്റു ശിഷ്യന്മാരും | 14 |
| കാർഷിക മേഖലയിലെ കാർബൺ പ്രസരണം | 16 |
| താരൻ | 19 |
| മനുഷ്യവർഗ്ഗത്തെക്കുറിച്ച് | 22 |
| സുന്ദരികളും സുന്ദരന്മാരും ആയ നമ്മൾ | 24 |
| ദൃക്ക് ദൃശ്യ വിവേകം | 29 |
| തമസോ മാ ജ്യോതിർഗമയ | 32 |
| കർമ്മവും ജ്യോതിശ്ശാസ്ത്രവും | 34 |
| മാസഫലം | 37 |
| മാട്രിമോണിയൽ. | 38 |



## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**


### എഡിറ്റോറിയൽ

# ക്ഷേത്രഭരണം ക്ഷേത്രവിശ്വാസികളെ ഏൽപ്പിക്കുക

**ക**ഴിഞ്ഞ കുറച്ച് കാലമായി കേരളത്തിലെ ക്ഷേത്രങ്ങൾക്കു നേരെ പ്രത്യക്ഷമായും പരോക്ഷമായും നടത്തുന്ന കടന്നുകയറ്റങ്ങളെക്കുറിച്ചും പരിപാവനമായ നമ്മുടെ ക്ഷേത്രങ്ങളിൽ മനപൂർവ്വമായി നടത്തുന്ന ആചാരലംഘനങ്ങളെക്കുറിച്ചും ഈ പംക്തിയിലൂടെ പലപ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. പക്ഷെ ഒരോ ദിവസം ചെല്ലുന്തോറും ക്ഷേത്രങ്ങൾക്കും ക്ഷേത്രവിശ്വാസികൾക്കുമെതിരേയും നടത്തുന്ന ഈ ദുഷ്ചെയ്തികൾ കൂടിക്കൂടി വരികയാണ്. ക്ഷേത്രങ്ങളെ ചിലരുടെ രാഷ്ട്രീയകളരിയാക്കി മാറ്റിയെടുക്കാനുള്ള ചില പാർട്ടികളുടെ ദുർമ്മോഹമാണ് ഇതിന്റെ പിന്നിൽ. ക്ഷേത്രങ്ങൾ എന്നു പറഞ്ഞാൽ അത് നിലനില്ക്കുന്ന ദേശത്തിന്റെ ഐക്യത്തിന്റെയും ഐശ്വര്യത്തിന്റെയും ശാന്തിയുടെയും സമൃദ്ധിയുടെയും പ്രതീകമാണ്. ക്ഷേത്ര സങ്കല്പത്തിന്റെയും ക്ഷേത്രാചാരങ്ങൾ കൃത്യമായി പാലിച്ചാലുണ്ടാകുന്ന ഗുണങ്ങളെ പറ്റിയും തെല്ലും ബോധ്യമില്ലാത്തവർ, പാർട്ടി ഓഫീസുകൾക്കു സമാനമാണ് ക്ഷേത്രങ്ങളും എന്ന് കരുതി കാട്ടിക്കൂട്ടുന്ന ധിക്കാരപരമായ പ്രവർത്തികളാണിവ. തങ്ങൾക്കറിയാൻ പാടില്ലാത്തതെല്ലാം തെറ്റും അന്ധവിശ്വാസമാണെന്നാണ് ഇക്കൂട്ടരുടെ

ധാരണ. ഈ പ്രവണത വെച്ചു പൊറുപ്പിക്കുവാൻ പാടില്ല. ഇതിനൊരു പരിഹാരമുണ്ടാവണം. ശാശ്വതമായ പരിഹാരം. ക്ഷേത്രങ്ങളെ ദേവസ്വം ബോർഡ് ഭരണത്തിൽ നിന്നും മോചിപ്പിക്കാതെ ഇതിനൊരിക്കലും പരിഹാരം കാണാൻ കഴിയില്ല. രാഷ്ട്രീയക്കാരാൽ നിയമിതരാകുന്ന ദേവസ്വം ബോർഡ് ജീവനക്കാർ രാഷ്ട്രീയ ഭരണക്കാരുടെ നിയന്ത്രണിത്തിലായതുകൊണ്ട് ദേവസ്വം ബോർഡിൽ നിന്നും നിഷ്പക്ഷമായ പ്രവർത്തികൾ പ്രതീക്ഷിക്കാനാവില്ലല്ലോ പണ്ട് നമ്മൾ ക്ഷേത്ര പ്രവേശനത്തിനു വേണ്ടി സമരം ചെയ്തെങ്കിൽ ഇന്ന് നമുക്ക് ക്ഷേത്രവിമോചനത്തിനു വേണ്ടി സമരരംഗത്തിറങ്ങണം. ഒട്ടും അമാന്തിക്കാതെ അടിയന്തിരമായിത്തന്നെ.

ഇക്കാര്യം ഇപ്പോൾ ചർച്ചയ്ക്കെടുക്കുവാനുണ്ടായ പ്രത്യേക സാഹചര്യവും അറിയേണ്ടതാണ്. ക്ഷേത്രവിശ്വാസികളല്ലാത്ത, ഹൈന്ദവാചാരധ്വംസനം മാത്രം നടത്തി ശീലമുള്ള ചില രാഷ്ട്രീയക്കാർ, ക്ഷേത്രഭരണ കാര്യങ്ങൾ അധികാരം ഉപയോഗിച്ച് വിശ്വാസികളിൽ നിന്നും കവർന്നെടുത്ത് ക്ഷേത്രാചാരങ്ങളും അനുഷ്ഠാനങ്ങളും പോലും തടസ്സപ്പെടുത്തുവാൻ തുടങ്ങിയിരിക്കുന്നു. കേരളത്തിലെ ഒട്ടനവധി ക്ഷേത്രങ്ങളിൽ അടുത്ത കാലത്ത് ദേവസ്വം ബോർഡിനെ മറയാക്കികൊണ്ട് ഇത്തരക്കാർ നുഴഞ്ഞു കയറിയിട്ടുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിൽ പോലും നിരീശ്വരവാദികളായ പാർട്ടിക്കാരുടെ ഫോട്ടോ പ്രദർശിപ്പിച്ചിട്ടുള്ളതായാണ് അറിവ്. എന്തിന് 2016 മുതൽ എറണാകുളം ശിവക്ഷേത്രത്തിൽ ബഹു. കേരള ഹൈക്കോടതിയുടെയും ദേവസ്വം ബോർഡിന്റെയും അംഗീകാരത്തോടുകൂടി പ്രവർത്തിച്ചു വരുന്ന ക്ഷേത്രക്ഷേമസമിതി നിലനില്ക്കുമ്പോൾ തന്നെ ക്ഷേത്രകാര്യങ്ങളിൽ രാഷ്ട്രീയക്കാരെ കുത്തി നിറക്കുക എന്ന ദുഷ്ടലാക്കോടുകൂടിയായിരിക്കണം മുമ്പ് വേണ്ടെന്നു വെച്ച ഉപദേശകസമിതിയെ പുനരുജ്ജീവിപ്പിക്കുവാനുള്ള തീവ്രശ്രമമാരംഭിച്ചിരിക്കുകയാണ്. തികച്ചും ദുരപിദിഷ്ടമായ ഈ നീക്കത്തിനെതിരേ നമ്മുടെ ക്ഷേത്രക്ഷേമസമിതി നിയമപരമായി നീങ്ങുകയുമുണ്ടായി. ഏതായാലും മറ്റുള്ള പല അനീതികൾക്കുമെതിരെ ജനങ്ങളുടെ രക്ഷയ്ക്കായി എത്തുന്ന ബഹു. കോടതി ഇക്കാര്യത്തിലും നമുക്ക് ആശ്വാസം പകർന്നു നല്കിയിരിക്കുകയാണ്. ദേവസ്വം ബോർഡിന്റെ ഉത്തരവ് താല്ക്കാലികമായി ബഹു. കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഏറെ സന്തോഷകരമായ മറ്റൊന്ന് ശ്രീ. ടി.ജി. മോഹൻദാസും, ശ്രീ. സുബ്രഹ്മണ്യൻ സ്വാമിയും ദേവസ്വം ബോർഡുകൾ പിരിച്ചു വിട്ട് ഭരണം വിശ്വാസികളെ ഏൽപ്പിക്കണം എന്നാവിശ്വപ്പെട്ടുകൊണ്ട് 2018-ൽ സുപ്രീംകോടതിയിൽ നല്കിയ കേസ് ബഹു. കോടതിയുടെ പരിഗണനയിലാണ്. ഇതിനു മുമ്പ് ബഹു. കേരളഹൈക്കോടതി ദേവസ്വം നിയമനം സുതാര്യമാക്കണമെന്നും, ജനങ്ങളുടെ അഭിപ്രായം അറിയണം എന്നു തുടങ്ങി പല നിർദ്ദേശങ്ങളും കേരളസർക്കാരിന് നല്കിയെങ്കിലും അത് വെറും നിർദ്ദേശങ്ങളാണെന്ന് പറഞ്ഞു നടപടി എടുത്തിട്ടില്ല. ഇത്തരുണത്തിലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഇടപെടൽ ഏറെ പ്രസക്തമാകുന്നത്. നമുക്ക് പ്രതീക്ഷയോടെ കാത്തിരിക്കാം. ഇന്ന് കോടതി മാത്രമേ രക്ഷയ്ക്കായുള്ളൂ എന്ന അവസ്ഥയിലെത്തിയിരിക്കുകയാണ് നമ്മുടെ നാട്.

ഇക്കാര്യത്തിൽ ദേവസ്വം ബോർഡിന്റെ വിശ്വാസികൾക്കെതിരെയുള്ള ഈ ധാർഷ്ട്യത്തിനെതിരെ ശക്തമായ പ്രതിഷേധനിര കെട്ടി ഉയർത്തേണ്ടതുണ്ട്. അതിനായി വിശ്വാസികളായ സകലരും കയ്മെയ് മറന്ന് രംഗത്തിറങ്ങണം. ഇത് ഇന്നിന്റെ ആവശ്യമാണ്. നമ്മുടെ സ്വാഭിമാന പ്രശ്നമാണ്. ഒന്നായി അണിചേരുക. ക്ഷേത്രഭരണം വിശ്വാസികളുടെ കൈകളിലെത്തും വരെ സധീരം സധൈരം പോരാടുക-സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ ധർമ്മത്തിന്റെ കാവലാളുകളാവുക. വിജയം നമ്മുടേതാണ്.

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രിയ കരയോഗാംഗങ്ങളെ,

എറണാകുളം കരയോഗത്തിന്റെ 98–ാ മത് വാർഷിക പൊതുയോഗം ജൂൺ 25–ാം തീയതി ഞായറാഴ്ച രാവിലെ 10.00 മണിക്ക് ടി.ഡി.എം ഹാളിൽ വെച്ച് കൂടുന്നതു സംബ ന്ധിച്ച് കരയോഗം നിയമാവലി അനുസരിച്ച് വിശദമായ എല്ലാ റിപ്പോർട്ടുകളും കണക്കു കളും ഈ ലക്കം സൗഹൃദത്തിൽ പ്രസിദ്ധീ കരിക്കുന്നു. കഴിഞ്ഞ ഒരു വർഷത്തെ പ്ര വർത്തനങ്ങളെ സംബന്ധിച്ചും വരും വർഷ ങ്ങളിൽ പൂർത്തിയാക്കേണ്ടതും നടപ്പിലാക്കേ ണ്ടതുമായ വിവിധ പദ്ധതികളെക്കുറിച്ചും പൊതുയോഗത്തിന്റെ അഭിപ്രായത്തിനും തീ രുമാനത്തിനും വിധേയമായി സമർപ്പിച്ചിട്ടുള്ള താകുന്നു.

2022–23 സാമ്പത്തിക വർഷത്തിൽ പൂർത്തീ കരിച്ചതും അതോടൊപ്പം തുടങ്ങി വെച്ചതു മായ പദ്ധതികൾ 2023–24 വർഷം പൂർത്തി യാക്കാൻ കഴിയും. ഇതിലെല്ലാമുപരിയായി 2025 എറണാകുളം കരയോഗത്തെ സംബ ന്ധിച്ച് ഒരു ചരിത്ര വർഷവും കൂടിയാണ്. 100 വർഷം പൂർത്തിയാക്കുന്ന ഒരു സാമൂഹിക സാംസ്കാരിക സംഘടന എന്ന നിലയിൽ സമൂഹത്തിനും നാടിനും മാതൃകാപരമായി പലതും ചെയ്യുവാൻ ഇനിയും ബാക്കിയുണ്ട് എന്ന് ഓർമ്മിപ്പിക്കുകയാണ്. ഈ ശതാബ്ദി സ്മരണയ്ക്ക് ഉതകുന്ന പദ്ധതികൾ ആസൂത്ര ണം ചെയ്യേണ്ടതുണ്ട്. ഈ സ്ഥാപനത്തി നോടും സമുദായത്തിനോടും താല്പര്യ മുള്ള എല്ലാവരുടെയും മനസ്സിൽ ഇതുണ്ടാ വണമെന്നും അതിനുള്ള ശ്രമങ്ങളും ചിന്തക ളും നമുക്ക് ഒരുമിച്ച് കൂട്ടായി എടുക്കേണ്ട സമയമാണിതെന്നും ഓർമ്മിപ്പിച്ചു കൊള്ളു ന്നു. നിങ്ങളോരോരുത്തരുടെയും മനസ്സിൽ തോന്നുന്ന ആശയങ്ങളും പദ്ധതികളും രേ ഖാമൂലം തന്നെ കരയോഗത്തെ അറിയിക്ക ണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം നിങ്ങ ളേവരേയും എറണാകുളം കരയോഗത്തിന്റെ വാർഷിക പൊതുയോഗത്തിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു കൊള്ളുന്നു.

എറണാകുളം കരയോഗത്തിന്റെ 2023 നവ രാത്രി ആഘോഷം 2023 ഒക്ടോബർ മാസം 15 മുതൽ 24 വരെ വിവിധ പരിപാടികളോടെ പൂ ർവ്വാധികം ഭംഗിയായി നടത്തപ്പെടുന്നതാണ്. നവരാത്രിയോടനുബന്ധിച്ച് എല്ലാ വർഷവും നടത്തി വരാറുള്ള പുരാണേതിഹാസ കലാ സാഹിത്യ മത്സരങ്ങൾ വിവിധ ഇനങ്ങളിൽ കുട്ടികൾക്കായി സബ്ജൂനിയർ, ജൂനിയർ, സീനിയർ എന്നീ 3 വിഭാഗങ്ങളായി തിരിച്ച് മത്സരങ്ങൾ 2023 ഓഗസ്റ്റ് 6 മുതൽ ഒക്ടോ ബർ 8 വരെ നടത്തുന്നതാണ്. അതിലേക്കാ യുള്ള അപേക്ഷാഫോറം ജൂലായ് 1 മുതൽ 15 വരെ കരയോഗം ഓഫീസിൽ നിന്നും ലഭിക്കു ന്നതാണ്. പൂരിപ്പിച്ച അപേക്ഷ ജൂലായ് 30 ന കം തിരികെ ലഭിക്കേണ്ടതാണ്.

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ ജൂൺ മാസം 18–ാം തീയതി ഞായറാഴ്ച 4.00 മണിക്ക് സംഗീത സായാഹ്നം ടി.ഡി.എം യമുന ഹാ ളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗവും ബീമും സംയു ക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരി പാടിയിൽ ജൂൺ 27 ചൊവ്വാഴ്ച വൈകുന്നേരം 6.30 ന് വള്ളുവനാട് ബ്രഹ്മ അവതരിപ്പിക്കുന്ന നാടകം 'രണ്ടു നക്ഷത്രങ്ങൾ' ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

എറണാകുളം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭി മുഖ്യത്തിൽ കൊച്ചി രാജകുടുംബവും എറ ണാകുളവുമായിട്ടുള്ള ബന്ധവും, രാജാക്ക ന്മാരുടെ സംഭാവനകളും എന്ന വിഷയത്തിൽ ശ്രീ. ബാലഗോപാൽ വർമ്മ അദ്ദേഹത്തിന്റെ ഓർമ്മകൾ നമ്മളുമായി പങ്കുവെക്കുന്നു. ജൂൺ 30–ാം തീയതി വെള്ളിയാഴ്ച വൈകു ന്നേരം 5.00 മണിക്ക് ടി.ഡി.എം ഹാളിൽ വെച്ച് നടത്തുന്ന ഈ പ്രഭാഷണ പരമ്പരയിൽ ഏവരേയും സ്വാഗതം ചെയ്യുന്നു.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങ ളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങ ളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവ ണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

*****



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## വൃദ്ധമാനസം

പ്രിയപ്പെട്ട ചങ്ങാതിമാരേ,

**വൃ**ദ്ധന്മാരില്ലാത്ത വീട് വീടല്ല, സഭ സഭയല്ല. ധർമ്മം പറയാത്തവർ വൃദ്ധരുമല്ല. സത്യത്തോടു കൂടിയല്ലാതെ പറയപ്പെടുന്നതൊന്നും ധർമ്മമാവുകയില്ല.

രാജസദസ്സും പണ്ഡിതസദസ്സുമൊക്കെ ഉണ്ടായിരുന്ന പഴയൊരു കാലത്ത് ചൂതുകളിയിൽ വിജയിച്ച ദുര്യോധനൻ തനിക്കു പണയമായി ലഭിച്ച പാഞ്ചാലിയെ സഭയിലേക്ക് വലിച്ചിഴച്ചു കൊണ്ടു വന്ന് അട്ടഹസിച്ചു. ആ രാജസഭയിൽ മഹാജ്ഞാനികളും, അതിലേറെ കരുത്തുള്ള വരുമായ വൃദ്ധന്മാരുണ്ടായിരുന്നു. ഭീഷ്മരും, ദ്രോണരും, കൃപരും രാജാവായ ധൃതരാഷ്ട്രരും ! അവരൊക്കെയും കാൺകെ ദുശ്ശാസനൻ ഉടുപുടവ വലിച്ചഴിക്കുമ്പോൾ, പാഞ്ചാലി ദയനീയമായി വിലപിച്ചുകൊണ്ട് ചോദിച്ചു.

–'ഹേ മഹാനുഭാവരെ, ഈ കൊടിയ അധർമ്മം നിങ്ങൾ എന്തേ കണ്ടിട്ടും കാണാതെയെന്നപോലെ ഇരിക്കുന്നു? ഈ അക്രമം നിങ്ങൾ തടയാത്തതെന്തേ ? '

ധർമ്മം അറിയുന്ന അവരാരും അത്തരമൊരു അധർമ്മത്തെ എതിർത്തില്ല.? സത്യവും ധർമ്മവും മാനാഭിമാന മര്യാദകളും എന്തെന്നു വിളിച്ചു പറഞ്ഞില്ല.?

അങ്ങനെ ചെയ്തിരുന്നെങ്കിൽ കുരുക്ഷേത്ര യുദ്ധം ഉണ്ടാകുമായിരുന്നില്ല. വൃദ്ധന്മാരുണ്ടായിരുന്നിട്ടും ധർമ്മം ഉപദേശിക്കാതിരുന്നതിന്റെ ഫലമായിരുന്നു മഹാഭാരത യുദ്ധം.

ഉചിതസമയത്ത് ഒരു സഭയിൽ ഒരു വൃദ്ധൻ നൽകുന്ന ഓർമ്മപ്പെടുത്തലും ഉപദേശവും പ്രോത്സാഹനവും വലിയ പ്രതിസന്ധികൾ തരണം ചെയ്യാൻ അവരെ പ്രാപ്തനാക്കുന്നു. ഏതിനും കഥയുണ്ട് പുരാണത്തിൽ. രാമായണത്തിലാണത്. സീതാന്വേഷണത്തിനൊടുവിൽ, ദേവി ലങ്കയിലുണ്ടെന്നറിഞ്ഞ വാനരപ്പട സന്തോഷം കൊണ്ടു. പക്ഷെ, മുന്നിൽ മഹാസമുദ്രം. അക്കരെയാണ് ലങ്കാരാജ്യം. ആർക്കും കഴിയില്ല കടൽ കടക്കാൻ. സങ്കടത്തോടെ അവർ ഇരുന്നു. ശോകമൂകമായ അത്തരമൊരവസ്ഥയ്ക്ക് വിരാമമിട്ടത് അന്ന് ജാംബവാനായിരുന്നു.

സംഘത്തിലെ ഏറെ ലോകപരിജ്ഞാനമുള്ള വൃദ്ധനായ അദ്ദേഹം പറഞ്ഞു.

'അല്ലയോ പവനാസുതാ, അങ്ങും എന്തേ വിഷാദിയായിരിക്കുന്നു. ബാല്യത്തിൽ തന്നെ സൂര്യമുഖത്തേക്ക് പറന്നുയർന്നയാളല്ലേ അങ്ങ്? മാത്രമല്ല അങ്ങ് സൂര്യശിഷ്യനുമല്ലേ? ഈ സമുദ്രം മറികടക്കാനാണോ അങ്ങേയ്ക്ക് വിഷമം? അങ്ങേയ്ക്ക് കഴിയാത്തതായി ലോകത്രയത്തിൽ എന്താണുള്ളത് ? ഒന്നുമില്ല. ഒട്ടും സമയം കളയാതെ ദേവകാര്യാർത്ഥം അക്കരെക്കെത്തിയാലും !

അന്ന് ആ വാനരസഭയിൽ ജ്ഞാനവൃദ്ധനായ ജാംബവാനും, അദ്ദേഹത്തിന്റെ വാക്കുകളെ ശിരസ്സാ വഹിച്ച ഹനുമാനും ഇല്ലായിരുന്നെങ്കിൽ രാമായണത്തിന്റെ അവസാനം എന്താകുമായിരുന്നു? ഊഹിക്കാൻ പ്രയാസം തോന്നുന്നു. ഏത് പ്രതിസന്ധിയും തരണം ചെയ്യാൻ വൃദ്ധജനസാന്നിദ്ധ്യവും ഉപദേശവും സഹായിക്കുമെന്ന് ഈ കഥാസന്ദർഭം സൂചന നൽകുന്നു.

ഇന്ന് എങ്ങും വിവിധതരം സഭകളാണ്. സഭകളിൽ വൃദ്ധന്മാരും വിരളമല്ല. എണ്ണത്തിൽ കുറവില്ലാത്ത അവരുടെ ഗുണഗണങ്ങൾക്കാണിന്ന് കുറവ്. തിമിരം കൊണ്ട് കാഴ്ച മങ്ങിയ കണ്ണുകളിലൂടെയാണ് അവർ എല്ലാം കാണുന്നതും, സത്യധർമ്മങ്ങൾ നോക്കാതെ ഓരോന്നും പുലമ്പുന്നതും, പിൻ തുണയ്ക്കുന്നതും.

ധർമ്മിഷ്ടരായ ചിലർ നല്ലതു വല്ലതും ഉപദേശിക്കാമെന്നിരിക്കട്ടെ, ആരു കേൾക്കാൻ ?

'ഈ പടുകിഴവൻ പറയുന്നതെന്തൊക്കെയാണ്? ശല്യം. ഇയാളെ എവിടെയെങ്കിലും കൊണ്ടുപോയി കളയുന്നതാവും ബുദ്ധി. '– എന്നു ചിന്തിക്കുന്നതാണ് പുതുതലമുറ. അത്യന്തം ഖേദകരമാണ് ഇത്തരമൊരവസ്ഥ. സഭ ഏതുമാവട്ടെ, സത്യത്തിലൂന്നിനിന്ന് ധർമ്മത്തെ തുണയ്ക്കുന്ന വൃദ്ധജനങ്ങൾ ഉണ്ടായിരിക്കേണ്ടത് അനിവാര്യം തന്നെയാണ്. സത്യവും ധർമ്മവും ദൈവം എന്നതുകൊണ്ടു തന്നെ ധർമ്മജ്ഞരായ വൃദ്ധജനത്തെ ദൈവസമാനമായി തന്നെ നാം കണ്ടറിയണം. ആദരിക്കണം. അതാവണം നമ്മുടെ സംസ്ക്കാരം. അത്തരത്തിൽ കേരളം ദൈവത്തിന്റെ സ്വന്തം നാടായി വളരട്ടെ, എന്നതാവണം നമ്മുടെയൊക്കെ പ്രർത്ഥന.

പ്രാർത്ഥനകൾ ഒക്കെ സഫലമാവട്ടെ. സമ്പൂർണ്ണാമോദവും സമൃദ്ധിയും കൈവരിക്കാൻ നമ്മുടെ മക്കൾക്കാവട്ടെ. കൊച്ചു കൊച്ചറിവുകൾ കൂട്ടിവെച്ച് കൂട്ടുകാർ അറിവും അലിവുമുള്ളവരായി വളർന്നു വരട്ടെ.

ജൂൺ മഴയുടെ സമയമായി. നല്ലൊരു മഴക്കാലം ആശംസിക്കുന്നു.

*****




# വാസ്തുശാസ്ത്രം

ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

വളരെയധികം പ്രാവശ്യം പറഞ്ഞിട്ടുള്ള വിഷയം വീണ്ടും പറയേണ്ടി വന്നതിൽ വിഷമമുണ്ട്.

ഇന്നലെ ഒരു വീട്ടിൽ പോയപ്പോൾ വീടിന്റെ മുൻവശം (വടക്ക്) പൊന്തിയും, തെക്കുവശം താഴ്ന്നും ഇരിക്കുന്നു. തെക്കുപടിഞ്ഞാറെ മൂലയിലാണ് കിണർ. പറമ്പിന്റെ കിഴക്കെ അതിർത്തി വടക്കോട്ടുവരുന്തോറും പടിഞ്ഞാറോട്ടു ചരിഞ്ഞ് വടക്ക് വീതികുറഞ്ഞിരിക്കുന്നു. പറമ്പിന്റെ കിഴക്ക് വടക്കു ഭാഗം ഈ പറമ്പിൽ നിന്നും മുറിഞ്ഞു പോയിരിക്കുന്നു. ഇങ്ങനെ വന്നാൽ വടക്കു കിഴക്കെ മൂലയിൽ നിന്നും വീടിനു സമാന്തരമായി അതിർത്തി തിരിക്കണം. ഇങ്ങനെ അതിർത്തി തിരിക്കുമ്പോൾ കാർപോർച്ചിന്റെ മദ്ധ്യത്തിൽക്കൂടി വരുന്നു. അതുകൊണ്ടാണ് വീടുപണി തുടങ്ങുന്നതിനു മുൻപ് പ്ലോട്ട് ശരിയാക്കണമെന്നു പറയുന്നത്. ഒരിക്കലും പറമ്പിന്റെ വടക്കുകിഴക്ക്, കിഴക്കു വടക്ക്, വടക്കുപടിഞ്ഞാറ്, തെക്കുപടിഞ്ഞാറ് മുറിഞ്ഞു പോകരുത്. ഇതിനോടു ചേർന്നിരിക്കുന്ന sketch പരിശോധിച്ചു നോക്കുക.

ചെറിയ പ്ലോട്ടുകൾക്ക് വാസ്തു നോക്കേണ്ടതില്ല എന്നു ചിലർ പറയുന്നുണ്ട്. വാസ്തുശാസ്ത്രം എന്താണെന്നറിയാത്തവരാണ് അതു പറയുന്നത്. വാസ്തുശാത്രവും, പ്ലോട്ടിന്റെ വലിപ്പവും തമ്മിൽ യാതൊരു ബന്ധവുമില്ല. വാസ്തുശാസ്ത്രത്തിൽ മുറികളുടെ സ്ഥാനവും, ഉപയോഗവും, പ്രകൃതിയും (ഭൂമി, ആകാശം, ജലം, അഗ്നി, വായു) തമ്മിലുള്ള ബന്ധമാണ് പ്രതിപാദിക്കുന്നത്. പ്ലോട്ട് ചെറുതാണെങ്കിലും, വാസ്തു നോക്കണം.



വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേർ രജിസ്റ്റർ ചെയ്തിരിക്കണം.

## അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

ക്ഷേത്രങ്ങളിലൂടെ

# ആലത്തിയൂർ ശ്രീപെരുംതൃക്കോവിൽ ക്ഷേത്രം



ഇന്ദിരാഭായി ഫോൺ : 8078552892

*(തുടർച്ച)*

**ഹ**നുമാൻ സ്വാമിയുടെ മഹത്വത്തെ ദേവന്മാർ പോലും പ്രകീർത്തിക്കുന്നു. ശനിദോഷനിവാരകനായി ഹനുമാൻ സ്വാമിയെ കണക്കാക്കുന്നു. ശനിദശ എന്നു കേൾക്കുമ്പോൾ എല്ലാവരുടേയും മനസ്സിൽ ഒരു ഭയത്തിന്റെ നിഴൽ കടന്നുകൂടും. ശനിയെ ദുർദ്ദശയായാണ് കരുതുന്നത്. നവഗ്രഹങ്ങളിൽ ശക്തിയേറിയ ഈശ്വരനായാണ് ശനിയെ കാണുന്നത്. മനുഷ്യന്മാരും ദേവന്മാരും ഒരു പോലെ ശനിയെ ഭയക്കുന്നു. പല ദേവന്മാരേയും ശനി അപഹരിച്ച് കഷ്ടപ്പെടുത്തിയിട്ടുമുണ്ട്. ശനിയുടെ പിടിയിൽ നിന്നും രക്ഷപ്പെട്ടവരാണ് ഗണപതി ഭഗവാനും ഹനുമാൻ സ്വാമിയും. ഗണപതി ഭഗവാൻ ബുദ്ധികൊണ്ടും ഹനുമാൻ സ്വാമി തന്റെ കായിക ശക്തികൊണ്ടും ശനിയെ നേരിട്ടു. ഒരിക്കൽ ഹനുമാൻ സ്വാമിയുടെ അടുത്തെത്തിയ ശനി അങ്ങയുടെ കാലചക്രത്തെ ഒന്നു മാറ്റി മറിക്കാനാണ് വന്നതെന്ന് അറിയിച്ചു. എന്റെ സമയത്തെ മാറ്റാൻ വന്ന് സ്വന്തം സമയം തകിടം മറിയാതെ സൂക്ഷിക്കണം എന്ന് ഹനുമാൻ ശനിയെ ഉപദേശിച്ചു. ശനി കോപാകുലനായി ഹനുമാനെ പിടികൂടാൻ തയ്യാറായി. ഹനുമാൻ സ്വയം വളർന്ന് ശനിയുടെ കുടുമയിൽ പിടിച്ച് വായുവിൽ തൂക്കി ആട്ടി. കൊടുങ്കാറ്റിൽ ഉലയുന്ന ആലില പോലെ ശനി വായുവിൽ കിടന്നാടി. രക്ഷിക്കണേ എന്ന് ഹനുമാൻ സ്വാമിയോട് തന്നെ കരഞ്ഞപേക്ഷിച്ച് ഒരുവിധം ഹനുമാൻ സ്വാമിയിൽ നിന്നും ശനി രക്ഷപെട്ടു. വീണ്ടും ഒരിക്കൽ രാമസേതു നിർമ്മാണം നടക്കുന്ന സമയത്ത് എനിക്ക് അങ്ങയിൽ വസിക്കേണ്ട സമയമാണ് എന്ന് പറഞ്ഞ് ശനി ഹനുമാൻ സ്വാമിയുടെ അടുത്തെത്തി. ഇപ്പോൾ തിരക്കാണ് എനിക്ക് സമയമില്ല എന്നായി ഹനുമാൻ സ്വാമി. എന്നാൽ ശനി പിൻമാറാൻ തയ്യാറായില്ല. ഞാൻ അങ്ങയിൽ എവിടെയാണ് വസിക്കേണ്ടത് എന്നായി ശനി. എന്റെ തലയിലേക്ക് കൂടിക്കോ എന്നു ഹനുമാൻ സ്വാമി പറഞ്ഞു. ശനി വേഗം തന്നെ ഹനുമാൻസ്വാമിയുടെ തലയിൽ വാസം ഉറപ്പിച്ചു. ഹനുമാൻ സ്വാമി തന്റെ സേതു നിർമ്മാണത്തിൽ മുഴുകിയും ഏറ്റവും ഭാരം കൂടിയ കല്ലുകൾ തന്റെ തലയിലേറ്റി പണി തുടരുകയും ചെയ്തു. ശനിയ്ക്ക് ഭാരം താങ്ങാൻ നിവൃത്തിയില്ലാതെ രക്ഷിക്കണേ എന്ന് കരഞ്ഞപേക്ഷിച്ചു എങ്കിലും ഹനുമാൻ സ്വാമി കേൾക്കാൻ തയ്യാറായില്ല. ശനി ഗണപതിയെ വിളിച്ചപേക്ഷിച്ചു. ശനിയോട് ഗണപതി ഭഗവാനും കനിഞ്ഞില്ല. മനസ്സലിഞ്ഞ ഹനുമാൻ സ്വാമി മേലിൽ എന്നെയും ഗണപതിയേയും ഞങ്ങളുടെ ഭക്തരേയും ഉപദ്രവിക്കില്ലെന്നു ശനിയെക്കൊണ്ട് സമ്മതിപ്പിച്ച് ശനിയെ വിട്ടയച്ചു. ഇന്നും ഹനുമാൻ സ്വാമിയുടെ ഭക്തരെ ശനി ഉപദ്രവിക്കില്ല എന്ന് തന്നെ വിശ്വസിക്കുന്നു. ശനിയാഴ്ചതോറും ശനിദോഷപരിഹാരാർത്ഥം ഹനുമാൻ സ്വാമിയ്ക്ക് വെണ്ണയും കദളിപ്പഴവും അവിലും നിവേദിക്കുന്നത് ശനിദോഷനിവാരണത്തിന് ഫലപ്രദമെന്ന് വിശ്വസിക്കുന്നു. ബുദ്ധിയ്ക്കും ശക്തിയ്ക്കും സൽകീർത്തിയ്ക്കും ശനി ദോഷശാന്തിയ്ക്കും ഹനുമത് ഭജനം അത്യുത്തമമാണ്. വിജയത്തിന്റെ പ്രതീകമാണ് ഹനുമാൻ സ്വാമി.

ശ്രീരാമസ്വാമിയോടുള്ള ഭക്തിയാണ് തന്റെ ശക്തിയും ആത്മബലവും എന്ന് ഹനുമാൻ സ്വാമി വിശ്വസിക്കുന്നു. ആത്മധൈര്യത്തിന്റെ മൂർത്തിമത്ഭാവമായിരുന്നു ഹനുമാൻ സ്വാമി. ലങ്കയിലെ രാവണസവിധ

ത്തിലെത്തിയ ഹനുമാൻ സ്വാമിയ്ക്ക് ഇരിക്കാൻ ഇരിപ്പിടം നൽകാനൊരുങ്ങുമ്പോൾ സ്ഥാനമാനങ്ങൾ ആരും നൽകേണ്ടതല്ല അത് സ്വന്തം പ്രവൃത്തികളിലൂടെ സ്വയം നേടേണ്ടതാണ് എന്നുള്ള ഹനുമാൻ സ്വാമിയുടെ വാക്കുകളുടെ അർത്ഥവ്യാപ്തി വളരെ വലുതാണ്. രാവണന്റെ പ്രവൃത്തികൾ മൂലം രാവണൻ നേടാൻ പോകുന്ന സ്ഥാനമാനനഷ്ടങ്ങളുടെ സൂചനയായിരുന്നു ആ വാക്കുകളിൽ അടങ്ങിയിരുന്നത്. രാവണന് മുന്നിൽ രാവണന്റെ ഇരിപ്പിടത്തേക്കാൾ ഉയരത്തിൽ തന്റെ വാലുചുരുട്ടി ഇരിപ്പിടമാക്കി ഹനുമാൻ ഇരിക്കുകയും ചെയ്തു. അവിടെയിരുന്ന് രാമനാമം ഉച്ചരിക്കുകയും, രാവണനെ ഉപദേശിക്കുകയും ചെയ്യുന്ന ഹനുമാൻ സ്വാമിയോട് കോപാകുലനായ രാവണൻ നിന്നെ കൊന്നുകളയും എന്ന് പറയുമ്പോൾ നിന്നെപ്പോലെ നൂറ് രാവണന്മാരൊരുമിച്ച് വന്നാലും അത് തടുക്കുക എന്നത് എന്റെ ചെറുവിരലിനുപോലും നിസ്സാരം എന്ന് പറയുന്ന ആത്മധൈര്യം, അതാണ് ഹനുമാൻ സ്വാമി.

ഒരിക്കൽ നാരദ മഹർഷി ഹനുമാൻ സ്വാമിയുടെ അടുത്തെത്തി. ഞാനാണ് ഏറ്റവും ഉത്തമനായ ഭക്തൻ എന്ന് നാരദ മഹർഷിയ്ക്കൊരു വിചാരമുണ്ടായിരുന്നു. നാരദ മഹർഷി ഹനുമാൻ സ്വാമിയുടെ അടുത്തെത്തിയ സമയം ഹനുമാൻ ഒരു പാറപ്പുറത്തിരുന്ന ഭക്തി ഗീതങ്ങൾ പാടിക്കൊണ്ടിരിക്കുകയായിരുന്നു. പാട്ടുകേട്ട് ആസ്വദിച്ചുകൊണ്ട് നാരദ മഹർഷി അവിടെയിരുന്നു. തന്റെ വീണയും ആ പാറപ്പുറത്തു വച്ചു ഹനുമാന്റെ പാട്ടിൽ ലയിച്ചിരുന്നു. പാട്ടുകേട്ടു കഴിഞ്ഞ് തന്റെ വീണയെടുക്കുവാൻ നോക്കിയ നാരദ മഹർഷിയ്ക്ക് അതെടുക്കുവാൻ സാധിച്ചില്ല. ഹനുമാൻ സ്വാമിയുടെ പാട്ടിന്റെ ലയം കാരണം പാറ അലിയുകയും വീണ അവിടെ താഴുകയും ചെയ്തു. പാട്ട് തീർന്നപ്പോൾ പാറ വീണ്ടും പഴയതുപോലെ ഉറച്ചപ്പോൾ വീണയും പാറയിലുറച്ചുപോയി. വീണയെടുക്കുവാൻ വിഷമിക്കുന്ന നാരദനോട് പാട്ടുപാടിയാൽ മതി പാറ അലിയും അപ്പോൾ വീണയെടുക്കാമെന്ന് ഹനുമാൻ പറഞ്ഞു. അതനുസരിച്ച് നാരദൻ പാട്ടുപാടി. പലവട്ടം പാടിയിട്ടും പാറ അലിഞ്ഞില്ല. ഇതുകണ്ടു ഹനുമാൻ വീണ്ടും പാടി. അപ്പോൾ പാറ അലിയുകയും നാരദന്റെ വീണ കിട്ടുകയും ചെയ്തു. ഇതിൽ നിന്നും അഹം എന്ന ഭാവമില്ലാത്ത യഥാർത്ഥ ഭക്തിക്കു മുന്നിൽ ശിലയും അലിയും എന്ന സത്യം ഹനുമാൻ വ്യക്തമാക്കി തരുന്നു. നാരദ മഹർഷി ഹനുമാനെ സ്തുതിച്ചശേഷം ജാള്യതയോടെ അവിടെ നിന്നും പോവുകയും ചെയ്തു.

അവതാരപുരുഷനായ ശ്രീരാമ സ്വാമിക്ക് തന്റെ അവതാരദൗത്യം പൂർത്തിയാക്കുവാൻ ഹനുമാൻ സ്വാമി വളരെയധികം സഹായിച്ചിട്ടുണ്ട്. ലങ്കാപുരിയിലെ രണാങ്കണത്തിൽ ഇന്ദ്രജിത്തിന്റെ ബ്രഹ്മസ്ത്രപ്രഭാവത്താൽ ലക്ഷ്മണനും വാനരശ്രേഷ്ഠന്മാരും ബോധരഹിതരായി നിലം പതിച്ചപ്പോൾ ജാംബവാൻ വിഭീഷണനോട് ഹനുമാൻ ജീവിച്ചിരിപ്പുണ്ടോ എന്നന്വേഷിക്കുന്നുണ്ട്. ജീവിച്ചിരിപ്പുണ്ടെങ്കിൽ നാമെല്ലാം രക്ഷപ്പെടുമെന്നും ജാംബ വാൻ പറയുന്നുണ്ട്. ഈ വിശ്വാസത്തിൽ നിന്നും ഹനുമാൻ സ്വാമിയുടെ മഹത്വം എത്രവലുതാണെന്ന് ഊഹിക്കാവുന്നതാണ്. ഹനുമാൻ സ്വാമി ശ്രീരാമദേവനിൽ നിന്നും ഒന്നും പ്രതീക്ഷിക്കുന്നില്ല, രാമനാമം ജപിച്ചും ശ്രവിച്ചും കഴിയാനാണ് ആഗ്രഹിച്ചത്. ശ്രീരാമ പാദസേവ തപസ്സായി സ്വീകരിച്ച ഹനുമാന് തുല്യനായ സൗഭാഗ്യ ശാലികളാരും ഇല്ലെന്നാണ് ശ്രീപരമേശ്വരൻ പാർവ്വതീദേവിയോട് പറഞ്ഞത്.

ശ്രീരാമകഥയിൽ ഹനുമാൻ സ്വാമിയ്ക്ക് രാമതുല്യസ്ഥാനമാണ് കൽപ്പിക്കുന്നത്. രാമനാമം എവിടെയുണ്ടോ അവിടെ ഹനുമാൻ സ്വാമിയും ഉണ്ട്. ശ്രീരാമഭക്തരിൽ ഹനുമാന് പകരം വെയ്ക്കാൻ മറ്റൊരാളില്ല. പല സന്ദർഭങ്ങളിലും വിജയഹനുമാനായിരുന്നെങ്കിലും ശ്രീരാമ സ്വാമി സമീപമെത്തുമ്പോൾ വിനയ ഹനുമാനാകും. ഹിന്ദുധർമ്മരക്ഷാപ്രചരണത്തിനായി

ശ്രീരാമദാസമിഷൻ ഹനുമാൻ സ്വാമിയെയാണ് ആദർശമൂർത്തിയായി സ്വീകരിച്ചിരിക്കുന്നത്. ഭാരതമൊട്ടുക്കും ഹിന്ദുധർമ്മ പ്രവർത്തനങ്ങൾക്കായി സജീവമായി പ്രവർത്തിയ്ക്കുന്ന യുവജന പ്രസ്ഥാനം ബജ്രംഗ്ദൾ എന്ന നാമധേയമാണ് സ്വീകരിച്ചിരിക്കുന്നത്. ഹനുമാൻ സ്വാമി വീരസാഹസികനായും ശ്രീരാമദാസനായും ചിരഞ്ജീവിയായും ഭക്തജന മനസ്സുകളിൽ ഇന്നും ജീവിക്കുന്നു.

ആലത്തിയൂരിലെ ക്ഷേത്രഗോപുരത്തിന്റെ ഇടതുവശത്തായി വളരെ ഉയരത്തിലുള്ള ചുറ്റുമതിലിൽ ഒരു ചെറിയ ജനൽ എന്നു തോന്നും വിധത്തിലുള്ള ഒരു കവാടരൂപമുണ്ട്. ഹനുമാൻ സ്വാമി ഇവിടെ ക്ഷേത്ര കാവൽക്കാരനും കൂടിയാണ്. പണ്ടൊരിക്കൽ രാത്രികാലത്ത് ഈ ക്ഷേത്രത്തിൽ അക്രമികൾ കടന്നു വരികയുണ്ടായി. ഹനുമാൻ സ്വാമി ശ്രീകോവിലിൽ നിന്നും ഈ മതിലിന്റെ മുകളിലുള്ള സ്ഥാനത്തുകൂടി പുറത്തേക്കു ചാടി അക്രമികളെ തുരത്തിയെന്നും അവർ തല്ലുകൊണ്ടോടിയെന്നുമാണ് വിശ്വസിക്കുന്നത്. ഹനുമാൻ സ്വാമി രാമകാര്യാർത്ഥം സീതാന്വേഷണത്തിന് പുറപ്പെടുമ്പോൾ ശ്രീരാമസ്വാമി അംഗുലീയവും അടയാളവാക്യവും ഒരു പൊതി കുഴച്ച അവിലും ഹനുമാൻ സ്വാമിയ്ക്ക് നൽകിയാണ് യാത്രയയച്ചത്. ഇതിന്റെ സ്മരണയെന്നോണം ഇന്നും ഇവിടെ കുഴച്ച അവിൽ ഹനുമാൻ സ്വാമിയുടെ പ്രധാന വഴിപാടാണ്. കാര്യസാദ്ധ്യത്തിനായി പുറപ്പെടുന്ന ഹനുമാൻ സ്വാമിയ്ക്ക് ശ്രീരാമസ്വാമി നൽകിയ ഈ അവിൽപൊതി വഴിപാടായി സമർപ്പിച്ച് പ്രാർത്ഥിച്ചാൽ ഉദ്ദിഷ്ടകാര്യം ഉറപ്പായും സാധിക്കുമെന്ന് അനുഭവസ്ഥരായ ഭക്തജനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

ഹനുമാൻ സ്വാമിയുടെ തിരുനാളായ ചോതി നക്ഷത്രദിനവും ശ്രീരാമസ്വാമിയുടെ നക്ഷത്രമായ പുണർതം നാളും ആലത്തിയൂരിലെ പ്രധാന ഉത്സവദിനങ്ങളാണ്. രാമായണ മാസാചരണവും ഇവിടെ അതിവിപുലമായി ആഘോഷിക്കാറുണ്ട്. ശനിയാഴ്ച ദിവസവും പ്രധാനമാണ്. ശ്രീരാമസ്വാമിയേയും ശ്രീരാമദാസനായ ഹനുമാൻ സ്വാമിയേയും ദർശിക്കുവാൻ ഒരിക്കലെങ്കിലും ആലത്തിയൂരിലെത്തി ആത്മബലവും ആജീവനാന്ത ആത്മാനന്ദവും നേടൂ; അവിൽ പൊതി നൽകി ആത്മനിർവൃതി നേടൂ. ആഞ്ജനേയസ്വാമി! അങ്ങയുടെ കരുണയ്ക്കായി പ്രാർത്ഥിച്ചുകൊണ്ട് ഈ ക്ഷേത്ര ചരിത്രത്തെ ഒരു നാഴി അവിലായി സങ്കൽപ്പിച്ച് അവിടുത്തെ തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നു.

****


**കൈലാസ് മാനസരോവർ യാത്ര – ഓഗസ്റ്റിൽ**

**അമർനാഥ്, വൈഷ്ണോദേവി, ശിവകോടി, സുവർണ്ണക്ഷേത്രം, വാഗാ ബോർഡർ, ശ്രീനഗർ – ജൂലൈയിൽ**

**ലേ – ലഡാക്ക് (പാംഗോംഗ് ലേക്ക്, നുബ്രാവാലി, ഖർഡുംഗലാ ചുരം, ഹണ്ടർ & ടുർ–ടുക് ഗ്രാമങ്ങൾ) – ജൂലൈയിൽ**

**ബദരീനാഥ് കേദാർനാഥ്, ഗംഗോത്രി, യമുനോത്രി – സെപ്റ്റംബറിൽ**

**കൈലാസ് ദർശൻ ടൂർസ് PH: 9895423818 | 9961200400**

യാത്രാവിവരണം

# തുർക്കി പർവ്വം 1

## ഇസ്റ്റാൻബുൽ: ഹിപ്പൊഡ്രോം ,ബ്ലൂ മോസ്ക്, ഹജ്ജിയാ സോഫിയ, ഗ്രാൻഡ് ബസാർ

ടി വത്സല മേനോൻ - 9884083138

**എ**റണാകുളം കരയോഗത്തിന്റെ ഇത്തവണത്തെ അന്താരാഷ്ട്ര കുടുംബപര്യടനം തുർക്കിയിലേക്കാണ് എന്ന അറിയിപ്പ് ജനുവരിയിൽ ആണ് വന്നത്. ജനുവരി പകുതിയോടെ ആദ്യ മീറ്റിംഗിൽ കരടുരേഖ തയ്യാറായപ്പോൾ ഞങ്ങൾ ഏവരും ആകാംക്ഷയോടെ ഈ യാത്രക്ക് ഒരുങ്ങിയിരുന്നു. വർഷങ്ങളായി കരയോഗം അംഗമായിരുന്നെങ്കിലും ഞാനും എന്റെ ഭർത്താവ് ഹരിഹരനന്ദനനും ചെന്നൈയിലായിരുന്നതിനാൽ കഴിഞ്ഞ യാത്രകൾക്കൊന്നും പങ്കെടുക്കാൻ സാധിച്ചിരുന്നില്ല,

ന്യൂയോർക് മുതൽ ന്യൂ കാലിഡോണിയ വരെ ധാരാളം യാത്ര ചെയ്തിട്ടുള്ള ഹരി പൊതുവേ കാഴ്ചകൾ കാണാൻ താല്പര്യമുള്ള കൂട്ടത്തിലായിരുന്നില്ല. മാത്രമല്ല ഒരു പത്രപ്രവർത്തകൻ എന്ന നിലയിൽ ഇന്ത്യൻ എക്സ്പ്രസ്സിനും ടൈംസ് ഓഫ് ഇന്ത്യക്കും വേണ്ടി യാത്ര ചെയ്തപ്പോൾ മുഴുവൻ സമയവും അദ്ദേഹം തന്റെ റിപ്പോർട്ടുകളിൽ മുഴുകിയിരിക്കുകയാണ് പതിവ്. അത് കൊണ്ട് തന്നെ കൂടെ യാത്ര ചെയ്യാൻ ഞാനും താല്പര്യം കാണിച്ചില്ല. എന്നാൽ ഇപ്പോൾ ജോലിയിൽ നിന്ന് വിരമിച്ചതോടെ ഹരി ഈ യാത്രക്ക് തയ്യാറായി. വാസ്തവത്തിൽ തുർക്കി ഹരിയെ ആകർഷിക്കാൻ അവിടെ പോയിട്ടില്ല എന്നതിന് പുറമെ മറ്റൊരു കാരണവും ഉണ്ടായിരുന്നു. ഡബ്ല്യൂ.ബി. യേറ്റ്സിന്റെ, ബൈസാൻടിയം, എന്ന കവിത കോളേജിൽ പഠിച്ച നാൾ മുതൽ ബൈസാൻടിയത്തിന്റെ തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിളിലെ (ഇന്നത്തെ തുർക്കിയുടെ തലസ്ഥാനമായ ഇസ്താൻബുൽ) കലാ, വാസ്തു ശില്പങ്ങളുടെ വർണ്ണന എല്ലാം മനസ്സിൽ തങ്ങി നിന്നിരുന്നു.

ആദ്യത്തെ സംശയം 11 ദിവസത്തെ യാത്രക്ക് ഉള്ള വഹകൾ തുർക്കിയിൽ ഉണ്ടോ എന്നായിരുന്നു. എന്നാൽ ടൂർ ഓപ്പറേറ്റർ ആയ സൂരജ് നൽകിയ ലഘുലേഖയിൽ തുർക്കിയിലെ ആറേഴു പ്രധാന നഗരങ്ങളിലെ കാഴ്ചകളുടെ രൂപ രേഖ വായിച്ചപ്പോൾ ആ സംശയത്തിന് വിരാമമായി.

എന്നാൽ ഫെബ്രുവരിയിലെ രണ്ടാം മീറ്റിംഗിന് തൊട്ടു മുമ്പ് തുർക്കിയിലുണ്ടായ ഒരു ഭൂകമ്പത്തിന്റെ കെടുതികൾ അറിഞ്ഞ ഞങ്ങൾക്ക് ഈ യാത്ര നടക്കുമോ എന്ന് തന്നെ നിശ്ചയമുണ്ടായിരുന്നില്ല. ഭൂകമ്പം ഉണ്ടായ സ്ഥലം ഞങ്ങൾ പോകാനുദ്ദേശിക്കുന്ന പട്ടണങ്ങളിൽ നിന്നു ആയിരം കിലോമീറ്ററുകൾ അകലെയാണെന്നു സൂരജ് പറഞ്ഞതോടെ അതിനും ഒരു തീരുമാനമായി.

സുഹൃത്തുക്കളും ബന്ധുക്കളും ടർക്കിയിൽ പോകുന്നു എന്ന പദ്ധതിക്ക് മുൻപിൽ നെറ്റി ചുളിച്ചതു അവിടെ പള്ളികളല്ലാതെ വേറെ എന്തിങ്കിലും ഉണ്ടോ എന്ന സംശയത്തോടെയാണ്. അതിനുള്ള മറുപടി ഈ യാത്രാ വിവരണത്തിലൂടെ....

**ആദ്യ ദിവസം ഏപ്രിൽ 24**

അതിരാവിലെ എറണാകുളത്തപ്പനെ തൊഴുതു ഞങ്ങൾ യാത്ര തുടങ്ങി. എയർപോർട്ടിൽ എത്തിയപ്പോൾ കരയോഗം കുടുംബം അവിടെ സമ്മേളിച്ചിരുന്നു. ഒമാൻ എയർ ഫ്ളൈറ്റിൽ ഞങ്ങൾ മസ്കറ്റിലേക്കു യാത്ര തിരിച്ചു.അവിടെ നിന്ന് ഉച്ചയോടെ മറ്റൊരു ഫ്ളൈറ്റിൽ സന്ധ്യയോടെ ഇസ്താൻ ബുളിൽ എത്തി. അവിടെ ഞങ്ങളെ കാത്ത് ഞങ്ങളുടെ അടുത്ത പത്തു ദിവസത്തേക്കുള്ള ഗൈഡ് ഹുസ്നിയ നിന്നിരുന്നു. ഒരു പൂമ്പാറ്റയുടെ കൊടി പിടിച്ചാണ് ഹുസ്നിയ നിന്നിരുന്നത്. അത് കൊണ്ട് തന്നെ ഞങ്ങൾ പിന്നീട് അവളെ ബട്ടർഫ്ളൈ എന്ന് വിളിക്കാൻ തുടങ്ങി. ബട്ടർഫ്ളൈയുടെ കൂടെ ഒരു ബസും ഉണ്ടായിരുന്നു. അടുത്ത പത്തു

ദിവസത്തേയ്ക്കു ആ ബസ് ആണ് ഞങ്ങളെ എല്ലായിടങ്ങളിലും കൊണ്ട് പോവേണ്ടത്. ഒരു മണിക്കൂർ സഞ്ചരിച്ച ശേഷം ഹോട്ടൽ പുൾമനിൽ എത്തി. സമൃദ്ധമായ ബുഫേ ഡിന്നറിനു ശേഷം എല്ലാവരും നിദ്രയിലാണ്ടു.

രണ്ടാം ദിവസം ഏപ്രിൽ 25

ഒരു ടർക്കിഷ് ബുഫേ കഴിഞ്ഞു ഞങ്ങൾ ഹിപ്പൊഡ്രോമിലേക്കു യാത്ര തിരിച്ചു.പണ്ട് കാലത്തു തുർക്കി നിവാസികൾക്ക് ഒത്തു ചേരാനും രഥമത്സരങ്ങൾ നടത്താനുമുള്ള വേദിയായിരുന്നു ഈ സ്ഥലം. ഹിപ്പോ എന്നാൽ കുതിര, ഡ്രോമോ എന്നാൽ വഴി എന്നാണ് അർഥം. സുൽത്താൻ അഹമദ് എന്ന പ്രദേശത്തുള്ള ഈ വേദി ഗ്ലാഡിയേറ്റർ കളികൾ, ഔദ്യോഗിക ചടങ്ങുകൾ, ആഘോഷങ്ങൾ എന്തിനു പ്രതിഷേധങ്ങൾ പോലും ഇവിടെയായിരുന്നു നടന്നിരുന്നത്. ഉദ്ദേശം 1700 കൊല്ലങ്ങൾക്കു മുൻപ് കോൺസ്റ്റന്റൈൻ എന്ന രാജാവ് ഈ നഗരത്തെ കോൺസ്റ്റാന്റിനോപ്പിൾ എന്ന് നാമകരണം ചെയ്യുകയും ബൈസാന്തിയത്തിന്റെ തലസ്ഥാനമായി പ്രഖ്യാപിക്കുകയും ചെയ്തു. റോമിൽ നിന്നും തെറിച്ചു പോയ ഗ്രീക്ക് സ്വാധീനമുള്ള കോൺസ്റ്റാന്റിനോപ്പിൾ പിന്നീട് ഓട്ടോമൻ കാലഘട്ടത്തിൽ ഇസ്താൻബുൽ ആയി പരിണമിച്ചതും ചരിത്രം. സെർപെന്റ് കോളം, ഒബെലിസ്ഖ് ഓഫ് തിയോഡോസിയൂസ് എന്നിവ ഈജിപ്തിൽ നിന്നും കൊണ്ട് വന്ന് ഹിപ്പൊഡ്രോമിൽ അലങ്കരിച്ചിട്ടുണ്ട്.

ഹിപ്പൊഡ്രമിന്റെ രണ്ടു വശങ്ങളിൽ ആയാണ് ഹഗിയ സൊഫീയയും ബ്ലൂ മോസ്കും സ്ഥിതി ചെയ്യുന്നത്.

സ്ത്രീകളെല്ലാം ബ്ലൂ മോസ്കിൽ പ്രവേശിക്കുന്നതിന് മുൻപ് ചട്ടം അനുശാസിക്കുന്ന പോലെ തലയിൽ ഒരു സ്കാർഫ് ധരിക്കാൻ നിർബന്ധിതരായി. എല്ലാവരും പാദരക്ഷകളും അഴിച്ചു വെച്ചു. സാധാരണ തുർക്കിയിലെ പള്ളികളിൽ നാല് മിനറെറ്റ്സ് (മിനാരങ്ങൾ) ആണ് ഉള്ളതെങ്കിൽ ബ്ലൂ മോസ്കിൽ ആറെണ്ണമാണ് ഉണ്ടായിരുന്നത്. ഓട്ടോമൻ കാലത്തു പണി കഴിപ്പിച്ച ബ്ലൂ മോസ്കിന്റെ ഔദ്യോഗിക നാമധേയം സുൽത്താൻ അഹമ്മദ് മോസ്ക് എന്നാണ്.




നീല നിറത്തിലുള്ള ഹാൻഡ്പൈന്റഡ് ടൈൽസ് പാകിയ പള്ളിയുടെ മതിലുകൾ രാത്രി കാലങ്ങളിൽ മിന്നാരങ്ങളിൽ നിന്നുള്ള വെളിച്ചം വീശി ആ നിറത്തിൽ ശോഭിക്കും. ബ്ലൂ മോസ്കിനു മുൻപ് അതിന്റെ സമീപത്തുള്ള ഹാഗിയാ സോഫിയ ആയിരുന്നു ഇസ്താൻബുളിലെ ഏറ്റവും പ്രധാനപ്പെട്ട പള്ളി. ബ്ലൂ മോസ്ക് 1985 ൽ യുനെസ്കോ വേൾഡ് ഹെറിറ്റേജ് ലിസ്റ്റിൽ സ്ഥാനം പിടിച്ചു. പോപ്പ് ബെനഡിക്ട് 16-ാമൻ 2006 ൽ ബ്ലൂ മോസ്ക് സന്ദർശിക്കുകയുണ്ടായി. ഒരു പോപ്പ് രണ്ടാമത്തെ തവണയാണ് ഒരു ഇസ്ലാമികപള്ളി സന്ദർശിക്കുന്നത്. പാദരക്ഷകൾ അഴിച്ചു അവിടെ ലോക സമാധാനത്തിനായി അദ്ദേഹം പ്രാർത്ഥിച്ചു.

ബ്ലൂ മോസ്കിൽ നിന്നും ഞങ്ങൾ സമീപത്തുള്ള ഹഗിയ സോഫിയയിലേക്കു നടക്കുമ്പോൾ ചെറിയ ചാറ്റൽ മഴ യും തണുപ്പും ഉണ്ടായിരുന്നു. Holy wisdom എന്നാണു ബൈസാന്റിയ സമയത്തു ക്രിസ്ത്യൻ പള്ളിയായിരുന്ന ഹഗിയാ സോഫിയയുടെ (Sancta Sofia) അർത്ഥം. AD 537ൽ നിർമ്മിക്കപ്പെട്ട ഹഗിയയെക്കാൾ മെച്ചപ്പെട്ട ഒരു പള്ളിയാവണം ബ്ലൂ മോസ്ക് എന്നാണ് ഓട്ടോമൻ ചക്രവർത്തിയായി

രുന്ന സുൽത്താൻ അഹമ്മദ് വിഭാവനം ചെയ്തത്. എന്നാൽ ഹഗിയാ കണ്ടിറങ്ങിയ ഞങ്ങൾക്ക് ആയിരം വർഷങ്ങൾക്കു മുൻപ് നിർമ്മിക്കപ്പെട്ട ഈ ക്രിസ്ത്യൻ പള്ളിയുടെ അകത്തുള്ള വാസ്തു ഭംഗി ബ്ലൂ മോസ്ക്കിൽ ഉണ്ടോ എന്ന സംശയം ബാക്കിയായി. ഓർത്തോഡോക്സിൽ തുടങ്ങി കത്തോലിക്ക പള്ളിയായി പിന്നെ മുസ്ലിം പള്ളിയായ ഹഗിയയിൽ ക്രിസ്തുവിന്റെയും പുണ്യാളന്മാരുടേയുമൊക്കെ ചുവർ ചിത്രങ്ങൾ ഇപ്പോഴും അവശേഷിക്കുന്നു. 1935 ൽ ടർക്കി റിപ്പബ്ലിക്ക് ആയപ്പോൾ ഹഗിയാ ഒരു കാഴ്ചബംഗ്ലാവ് ആയി പരിണമിച്ചു. മൂന്നു വർഷം മുൻപ് 2020 ൽ ഇതു വീണ്ടും ഒരു പള്ളിയായി. നമ്മുടെ മഹാത്മാഗാന്ധിയുടെ സ്ഥാനമാണ് തുർക്കിയുടെ രാഷ്ട്ര പിതാവും ആദ്യത്തെ പ്രസിഡന്റുമായ അറ്റ തർക്കിനുള്ളത്-അങ്ങിനെ ടർക്കി എന്ന പേരും.



താജ് മഹലിനു മുൻപ് നിർമ്മിക്കപ്പെട്ട ഈ രണ്ടു വാസ്തു വിസ്മയങ്ങളുടെയും മാസ്മരികതയിൽ നിന്നും പുറത്തു വരാൻ ഉച്ചഭക്ഷണത്തിനു ശേഷം മാത്രമേ ഞങ്ങൾക്കായുള്ളു. അതിനൊരാശ്വാസമെന്ന പോലെ ഗ്രാൻഡ് ബസാർ ഞങ്ങളെ സ്വീകരിച്ചു. ഇത് ലോകത്തിലെ തന്നെ ഏറ്റവും പുരാതനവും വലിയതുമായ കമ്പോളമാണ്. ടർക്കിഷ് ലിറ ആവശ്യമുള്ളവർക്ക് ഡോളറും യൂറോയും ഏറ്റവും മികച്ച വിനിമയ മൂല്യം തരുന്ന സ്ഥലമാണിതെന്നു ബട്ടർഫ്ളൈ ഹുസ്നിയെ പറഞ്ഞു തന്നിരുന്നു. അറുപത്തി ഒന്ന് വീഥികളും നാലായിരം കടകളുമടങ്ങുന്ന സമുച്ചയമാണ് ഗ്രാൻഡ് ബസാർ.

അതോടെ ആ ദിവസത്തിന് വിരാമമായി. നാളെ ബുർസ വഴി കുസദസിയിലേക്ക് ഞങ്ങളും, ബട്ടർഫ്ളൈയും, ഞങ്ങളുടെ ബസും യാത്ര തിരിക്കും.

*(തുടരും)*

******

എറണാകുളം കരയോഗം

## സഹായ പദ്ധതി 2023

എറണാകുളം കരയോഗത്തിന്റെ സാമൂഹ്യസേവന പ്രവർത്തനങ്ങളുടെ ഭാഗമായി നല്കുന്ന വിദ്യാഭ്യാസ സഹായം, നിർദ്ധനരായ രോഗികൾക്ക് ഉള്ള സഹായം എന്നിവയ്ക്കുള്ള അപേക്ഷഫോറങ്ങൾ ജുലൈ 1-ാം തീയതി മുതൽ 10-ാം തീയതി വരെ ഉച്ചയ്ക്ക് 2 മണി മുതൽ 5 മണിവരെ കരയോഗം ഓഫീസിൽ നിന്നും വിതരണം ചെയ്യുന്നതായിരിക്കും. പൂരിപ്പിച്ച അപേക്ഷകൾ നിബന്ധനകളിൽ പറഞ്ഞിരിക്കുന്ന രേഖകൾ സഹിതം ജൂലൈ 11 മുതൽ 15-ാം തീയതി വരെ കരയോഗം ഓഫീസിൽ നേരിട്ട് നൽകേണ്ടതാണ്. സർക്കാർ/എയ്ഡഡ് സ്ക്കൂളുകളിലും, കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ വിദ്യാഭ്യാസ സഹായത്തിനർഹതയുണ്ടായിരിക്കുകയുള്ളൂ. സ്വാശ്രയ കോഴ്സുകളിൽ/കോളേജുകളിൽ പഠിക്കുന്നവരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

എന്ന്,

ജനറൽ സെക്രട്ടറി.

## ചട്ടമ്പിസ്വാമി തിരുവടികൾ - 4

# മറ്റു ശിഷ്യന്മാർ

എം.ആർ.എസ് മേനോൻ - 9037126220

*തുടർച്ച*

**ച**ട്ടമ്പിസ്വാമി തിരുവടികളും ശ്രീനാരായണഗുരു ദേവനും തമ്മിലുള്ള ബന്ധത്തെപ്പറ്റി നാം കഴിഞ്ഞ അദ്ധ്യായത്തിൽ കണ്ടു. ചട്ടമ്പിസ്വാമികളിൽ നിന്ന് പിരിഞ്ഞശേഷം ശ്രീനാരായണ ഗുരുദേവൻ തന്റെ കർമ്മമണ്ഡലത്തിൽ വ്യാപൃതനാകുകയും കേരളത്തിന്റെ സാമൂഹ്യനവോത്ഥാനത്തിൽ നിർണ്ണായക പങ്ക് വഹിക്കുകയും ചെയ്തു.

സ്വാമിയുടെ രണ്ടാമത്തെ ശിഷ്യനായ ശ്രീ നീലകണ്ഠതീർത്ഥപാദർ പൂർവ്വാശ്രമത്തിൽ മൂവാറ്റുപുഴക്ക് സമീപം തിരുമാറാടിയിൽ വാളനിക്കാട്ട് എന്ന സമ്പന്ന നായർ കുടുംബത്തിലെ അംഗമായിരുന്നു. പിതാവ് ജോതിഷം, വൈദ്യം, മർമ്മവിദ്യ, സംസ്കൃതം എന്നീ വിഷയങ്ങളിൽ പണ്ഡിതനും പാരമ്പര്യമായി വൈദ്യവും തന്ത്രവും പിന്തുടർന്നിരുന്ന കുടുംബവുമായിരുന്നു. തൃപ്പൂണിത്തുറയിലും എറണാകുളത്തുമുള്ള ഇംഗ്ലീഷ് ഹൈസ്കൂളിലെ വിദ്യാഭ്യാസത്തോടൊപ്പം പിതാവിൽ നിന്ന് സംസ്കൃതവും, വിഷവൈദ്യവും, ജോതിഷവും പഠിച്ചു. വിദ്യാഭ്യാസാനന്തരം കുറച്ചുക്കാലം സ്കൂൾ അദ്ധ്യാപകനായി ജോലിനോക്കിയിരുന്നെങ്കിലും ഒരു ചട്ടക്കൂട്ടിൽ ഒതുങ്ങാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല: അടങ്ങാത്ത വിജ്ഞാനദാഹിയായിരുന്നു നീലകണ്ഠൻ. ശംഖോപാചാര്യനിൽ നിന്ന് വൈഷ്ണവ തന്ത്രവും, കുംഭകോണം കൃഷ്ണശാസ്ത്രികളിൽ നിന്ന് വ്യാകരണവും, പിതാവിൽ നിന്നും ജ്യേഷ്ഠനിൽ നിന്നും വിഷവൈദ്യവും അഭ്യസിച്ച അദ്ദേഹം യന്ത്രസാരം, മന്ത്രസാരം തുടങ്ങിയ ഗ്രന്ഥങ്ങളും പഠിച്ച് അദ്ദേഹം ശ്രീവിദ്യാസാധനയിലും പൂർണ്ണത നേടി.

വ്യക്തി ജീവിതത്തിലെ സ്വഭാവശുദ്ധിയും ആദർശനിഷ്ഠയും കൊണ്ട് നീലകണ്ഠൻ എല്ലാവരുടെയും ആദരവ് പിടിച്ചുപറ്റിയിരുന്നു. അക്കാലത്ത് ഒരു ബന്ധുവിന്റെ ഭവനത്തിൽവച്ച് ചട്ടമ്പിസ്വാമിതിരുവടികളെ കാണാൻ സാധിച്ചത് അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായി മാറി,. സർപ്പങ്ങളുമായി ചട്ടമ്പിസ്വാമികൾക്ക് ആശയവിനിമയം നടത്താൻ കഴിയുമെന്ന അറിവാണ് വിഷചികിത്സ അഭ്യസിച്ചിരുന്ന നീലകണ്ഠനെ സ്വാമിയിലേക്ക് ആകർഷിച്ചത്. സർപ്പവിഷത്തേക്കാൾ കാഠിന്യം കൂടിയതാണ് സംസാരവിഷമെന്നും, അത് ചികിത്സിച്ച് മാറ്റലാണ് കൂടുതൽ ബുദ്ധിമുട്ട് എന്നുമുള്ള സ്വാമിയുടെ വാക്കുകൾ നീലകണ്ഠനെ സ്വാധീനിച്ചു. സ്വാമിയുടെ അഗാധമായ അറിവിലും വ്യക്തിപ്രഭാവത്തിലും ആകൃഷ്ഠനായ നീലകണ്ഠൻ സ്വാമിയുടെ ശിഷ്യനായി, നീലകണ്ഠ തീർത്ഥപാദരായി. ബംഗാളി, മറാട്ടി, തമിഴ്. തെലുങ്ക്, ഇംഗ്ലീഷ് തുടങ്ങി വിവിധ ഭാഷകളിൽ പണ്ഡിതനായിരുന്ന സ്വാമി ചട്ടമ്പിസ്വാമികളുടെ നിർദ്ദേശാനുസരണം തമിഴ് സിദ്ധ ഗ്രന്ഥകളിലേയ്ക്കായി ശ്രദ്ധ. വാസിഷ്ഠം. നിഷ്ഠാനുഭൂതി, നവനീതസാരം തുടങ്ങിയ തമിഴ് ബ്രാഹ്മാണിക ഗ്രന്ഥങ്ങൾ പഠിച്ച അദ്ദേഹം ശ്രീനിവാസാചാര്യർ, ആര്യ ഗുരുസ്വാമി, നാരായണ ശർമ്മ തുടങ്ങിയ ദേശികാചാര്യന്മാരിൽ നിന്ന് വിവിധ ദർശനങ്ങളും സ്വായത്തമാക്കി. 13 -ാമത്തെ വയസ്സിൽ വിവിധ വിഷയങ്ങളിൽ ലേഖനങ്ങൾ എഴുതി തുടങ്ങിയ അദ്ദേഹം 25 വയസ്സായപ്പോഴേക്കും പന്ത്രണ്ടോളം വേദാന്ത സ്തോത്രകൃതികൾ രചിച്ചുവെന്നത് അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന് തെളിവാണ്. ഉത്തരഭാരതത്തിലെ വിശിഷ്യാ ഹിമാലയത്തിലെ വിവിധ തീർത്ഥാടന കേന്ദ്രങ്ങൾ സന്ദർശിച്ച് ഉത്തരഭാരതത്തിലെ പണ്ഡിതന്മാരുമായി സംവാദങ്ങളും ചർച്ചകളും നടത്താനും അദ്ദേഹത്തിന് കഴിഞ്ഞു.

ക്ഷേത്രാചാരങ്ങളും അർച്ചനാപദ്ധതികളും സാധാരണക്കാർക്ക് മനസ്സിലാക്കുന്നതിന് വേണ്ടി ആചാരപദ്ധതി, ദേവാർച്ചനാപദ്ധതി എന്നീ ഗ്രന്ഥങ്ങൾ രചിക്കുകയും പരിശീലിപ്പിക്കുകയും ചെയ്തു. ജാതിയുടെ ക്രൂരതകൾ ഏറെ അനുഭവിക്കേണ്ടി വന്നിട്ടില്ലാത്തതിനാലും, ജാതി ശ്രേണിയിൽ ബ്രാഹ്മണരോടടുത്ത് നിന്നതിനാൽ കുറെയൊക്കെ സൗഭാഗ്യങ്ങൾ അനുഭവിക്കേണ്ടി വന്നതിനാലും ഈ സംഭവം നായർ സമുദായത്തിൽ വലിയ ചലനം ഉണ്ടാക്കിയില്ല. എന്നാൽ ഈ രംഗത്ത് ശ്രീനാരായണ ഗുരുവിന്റെ പ്രവർത്തനങ്ങൾ ഈഴവരായ പിന്നാക്ക സമുദായങ്ങൾ കരുത്തോടെ സാമൂഹ്യസാംസ്കാരിക മേഖലകളിൽ കുതിച്ചുയരാൻ സാഹചര്യം ഉണ്ടാക്കിയെന്ന് നാം മനസ്സിലാക്കണം.

സ്വാമിയുടെ മൂന്നാമത്തെ ശിഷ്യൻ തീർത്ഥപാദപരമഹംസർ പൂർവ്വാശ്രമത്തിൽ വടക്കൻ പറവൂർ വടക്കെ മഠം തറവാട്ടിലെ നാണു കുറുപ്പായിരുന്നു. പത്തൊമ്പതാം വയസ്സിലായിരുന്നു നാണു കുറുപ്പ് ആദ്യമായി സ്വാമിയെ കാണുന്നത്. അക്കാലത്തു തന്നെ സംസ്കൃതത്തിൽ നല്ല പാണ്ഡിത്യമുള്ള വ്യക്തിയായിരുന്നു അദ്ദേഹം. പിന്നീട് നാണു കുറുപ്പ് ചട്ടമ്പിസ്വാമികളിൽ നിന്ന് സന്യാസം സ്വീകരിച്ചു. സ്വാമികളിൽ നിന്ന് വിവിധ വിഷയങ്ങളിൽ പരിജ്ഞാനം നേടി. ചട്ടമ്പിസ്വാമികളുടെ പേരിൽ ഒരാശ്രമം സ്ഥാപിക്കാനും ഒരു സന്യാസി പരമ്പര രൂപികരിക്കാനും തീർത്ഥപാദ പരമഹംസർ ആഗ്രഹിച്ചെങ്കിലും സ്വാമിക്ക് ഇക്കാര്യത്തിൽ വലിയ താൽപ്പര്യം ഇല്ലായിരുന്നു. മഠം അധികാരം, സ്ഥാനമാനങ്ങൾ എന്നിവയിൽ യാതൊരു താൽപ്പര്യവും സ്വാമിക്കില്ലായിരുന്നു. ഭാവിതലമുറക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ഇത്തരമൊരു സ്ഥാപനം അനിവാര്യമാണെന്ന് തീർത്ഥപാദ പരമഹംസർ ബോധ്യപ്പെടുത്തിയതോടെ സ്വാമി ഇക്കാര്യത്തിൽ മൗനാനുവാദം നൽകി. തീർത്ഥപാദപരമഹംസർ തന്റെ സ്വത്തുക്കൾ മുഴുവൻ വിറ്റ് എഴുമറ്റൂർ ഒരാശ്രമം സ്ഥാപിക്കുന്നതിനുള്ള സ്ഥലം വാങ്ങി. ചട്ടമ്പിസ്വാമികളുടെ ഷഷ്ഠ്യബ്ദ പൂർത്തി സ്മാരകമായി എഴുമറ്റൂരെ ഭട്ടാരക ആശ്രമം സ്വാമി തിരുവടികളെക്കൊണ്ട് തന്നെ ഉദ്ഘാടനം ചെയ്യിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. തീർത്ഥപാദ സമ്പ്രദായത്തിലെ ആദ്യത്തെ ആശ്രമമായ എഴുമറ്റൂർ പരമഭട്ടാര ആശ്രമത്തിലെ പ്രഥമ മഠാധിപതി നീലകണ്ഠ തീർത്ഥപാദ സ്വാമികളായിരുന്നു. അദ്ദേഹത്തിന്റെ മഹാസമാധിയെത്തുടർന്ന് തീർത്ഥപാദ പരമഹംസർ മഠാധിപതിയായിത്തീർന്നു. എഴുമറ്റൂർ കൂടാതെ വാഴൂർ തീർത്ഥപാദാശ്രമം, കരുനാഗപ്പള്ളി നീലകണ്ഠ തീർത്ഥപാദമഹാസമാധി പീഠം, പന്മന ചട്ടമ്പിസ്വാമിസമാധി പീഠം തുടങ്ങിയ സ്ഥലങ്ങളിലും പിന്നീട് ശിഷ്യ പരമ്പരകളാൽ കേരളത്തിന്റെ പല ഭാഗങ്ങളിലും ഈ പരമ്പരയിലെ മഠങ്ങൾ സ്ഥാപിക്കപ്പെട്ടു.

തിരുവനന്തപുരത്തെ അഭേദാനന്ദാശ്രമവും ചട്ടമ്പിസ്വാമി പരമ്പരയിലെ പ്രസിദ്ധമായ ഒരാശ്രമമാണ്. എറണാകുളം ജില്ലയിലെ പുത്തൻ കുരിശിനടുത്ത വെങ്കിട ഭക്താനന്താശ്രമവും വടയമ്പാടിയിലെ പരമഭട്ടാരഗുരുകുലവും, ഇടുക്കി ജില്ലയിലെ മൂലമറ്റത്തെ ഭക്താനന്ദ ശബര്യാശ്രമവും, കോട്ടയത്തെ ആതുരാശ്രമവും ചട്ടമ്പിസ്വാമി പരമ്പരയിലെ സ്വാമി രാമാനന്ദതീർത്ഥരും ശിഷ്യന്മാരും സ്ഥാപിച്ചവയാണ്. ലോകപ്രശസ്തനായ സ്വാമി ചിന്മയാനന്ദന്റെ മാതാപിതാക്കളായ എറണാകുളത്തെ ശ്രീ കുട്ടൻ മേനോനും മങ്കു അമ്മയും ചട്ടമ്പി സ്വാമികളുടെ ഭക്തരായിരുന്നു. ചിന്മയാനന്ദ സ്വാമിയ്ക്ക് ബാലകൃഷ്ണൻ എന്ന് നാമകരണം ചെയ്തത് ചട്ടമ്പിസ്വാമികളായിരുന്നു.

ഭാരതീയ തത്ത്വചിന്തയുടെ അടിത്തറയായ അദ്വൈത ചിന്തയും അഗസ്ത്യർ, കണ്ണപ്പർ, അപ്പർ, തിരുജ്ഞാനസംബന്ധർ തുടങ്ങിയ തമിഴാചാര്യന്മാരുടെ സിദ്ധാന്ത സമ്പ്രദായവുംസമന്വയിപ്പിച്ചതായിരുന്നുതീർത്ഥപാദ സമ്പ്രദായം. ചട്ടമ്പിസ്വാമി തിരുവടികൾ സംസ്കൃതത്തിലും തമിഴിലുമുള്ള ഈ രണ്ട് പാരമ്പര്യങ്ങളിലും ഒരുപോലെ പണ്ഡിതനായിരുന്നു. സിദ്ധാന്തസമ്പ്രദായമനുസരിച്ച് സന്ന്യാസത്തിന്റെ ബാഹ്യലക്ഷണങ്ങൾ ഒന്നും തന്നെ ചട്ടമ്പിസ്വാമി തിരുവടികൾക്ക് ഇല്ലായിരുന്നു. (തീർത്ഥപാദ സമ്പ്രദായത്തിലെ തീർത്ഥ ദശനാമി സന്യാസി പരമ്പരയിൽപ്പെട്ടതായിരുന്നു). വേദാന്തത്തിലെ സംസ്കൃത - തമിഴ് പാരമ്പര്യത്തിന്റെ കൂടിചേർച്ച തീർത്ഥപാദ സമ്പ്രദായത്തിൽ കാണാം

*(തുടരും)..*

# കാർഷികമേഖലയിലെ കാർബൺ പ്രസരണം

എൻ. രാജശേഖരൻ - 9895550719

കാർഷിക മേഖലയിലെ ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം എങ്ങനെ കുറയ്ക്കാമെന്നാണ് ചിന്തിക്കേണ്ടത്.

1) കാർബൺ ഡൈ ഓക്സൈഡ് അടക്കമുള്ള ഹരിതഗൃഹവാതകങ്ങൾ പിടിച്ചെടുക്കാൻ കഴിയുന്ന പ്രധാനയിടങ്ങളാണ് നൈസർഗ്ഗിക നിർഗ്ഗമന സംഭരണികൾ (Natural sinks), പലതരത്തിലുള്ള വൃക്ഷങ്ങൾ, കുറ്റിച്ചെടികൾ, പടർന്നു കയറുന്ന വള്ളിച്ചെടികൾ എന്നിവ അടങ്ങുന്ന വനപ്രദേശം, സമുദ്രം, മണ്ണ് എന്നിവയാണ് നൈസർഗ്ഗിക നിർഗമന സംഭരണികൾ. വൃക്ഷലതാതികൾ കാർബൺ ഡൈ ഓക്സൈഡ് ആഗിരണം ചെയ്യുന്ന വസ്തുത നമുക്ക് ഏവർക്കും അറിയാവുന്നതാണ്. കൂടാതെ വനത്തിലെ ജൈവാംശം (Biomass) നിരവധി വർഷങ്ങളായി കാർബൺ സംഭരിച്ച് വൻ സംഭരണികളായി മാറികഴിഞ്ഞിട്ടുണ്ട്. ഇതിനും പുറമേ വൃക്ഷങ്ങൾ, കൊഴിഞ്ഞുവീഴുന്ന അവയുടെ ഇലകൾ, ഉണങ്ങിയ അവയുടെ കൊമ്പുകൾ, നിലത്ത് പടർന്ന് വളരുന്ന ചെടികൾ എന്നിവകളെല്ലാതെ കാർബൺ സംഭരണികളാണ്. വനത്തിലെ മണ്ണും കാർബൺ ശേഖരിക്കുന്നുണ്ട്.

ഇതിൽ നിന്നും ഒരു കാര്യം സുവ്യക്തമാണ്. കാർഷിക വനവൽക്കരണം (Agro forestry) ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ഉപാധിയാണെന്നത് എത്രയോ വ്യക്തമാണ്.

2) ജൈവവൈവിധ്യ സംരക്ഷണം കാലാവസ്ഥാ വ്യതിയാനം ചെറുക്കാൻ പറ്റിയ ഒരുപാധിയാണ്. വൈവിധ്യമാർന്ന കരയിലെയും തീരപ്രദേശങ്ങളിലെയും, ഉയർന്ന പ്രദേശങ്ങളിലെയും വൈവിധ്യമാർന്നതും, പ്രകൃതിദത്തവുമായ വിളകളുടെ നശീകരണമാണ് ഏറ്റവും വലിയ ഭീഷണിയായി തീർന്നിട്ടുള്ളത്.

3) മണ്ണിലെ കാർബണിനെ, മണ്ണിൽ തന്നെ പിടിച്ചു നിർത്താൻ പറ്റിയ മാർഗ്ഗമാണ് ഉഴുവുരഹിത കൃഷി മണ്ണിനെ കൂടുതലായി ഉഴുതിളക്കാതെയുള്ള കൃഷിസമ്പ്രദായമാണ് ഉഴുവുരഹിത കൃഷി. മണ്ണിനെ ഉഴുത് ഇളക്കുമ്പോൾ മണ്ണിലെ കാർബൺ പുറത്തേക്ക് വരികയും അന്തരീക്ഷത്തിൽ ലയിക്കുകയും ചെയ്യുന്നു. ഇത് മലിനീകരണത്തിനിടയാക്കുന്നു.

4) മണ്ണ്, ജലം എന്നിവ കുത്തിയൊലിച്ച് പോകാതെയുള്ള സംരക്ഷണ മാർഗ്ഗങ്ങളും കാർബണിന്റെ സാന്ദ്രത കുറയ്ക്കാൻ ഉപയോഗിക്കാവുന്ന ഉപാധികളാണ്. ആവരണ വിളകൾ കൃഷിചെയ്യുക, പരിമിതമായ രീതിയിലുള്ള ഉഴവ് കൃഷി, രാമച്ചം വളർത്തുക എന്നിവയെല്ലാം സംരക്ഷണമാർഗ്ഗങ്ങളാണ്. കൂടാതെ മൺതിട്ടകളുടെ നിർമ്മാണം, കോണ്ടൂർ ബണ്ടുകൾ, പുൽച്ചെടികൾ, കുറ്റിച്ചെടികൾ, കൈത തുടങ്ങിയ ചെടികൾ കൊണ്ടുള്ള ജൈവവേലികൾ, ജലം സംഭരിക്കാനാവുന്ന കുഴികൾ കയർ കൊണ്ടുള്ള ഭൂവസ്ത്രങ്ങൾ എന്നിവയും മണ്ണൊലിപ്പ് തടയാൻ സഹായിക്കുന്നവയാണ്.

5) തീവ്രമായ മഴയത്ത് കുത്തിയൊലിച്ച് പോയിട്ടുള്ള മേൽ മണ്ണിന്റെ പുനരുജ്ജീവനം, ജൈവവൈവിധ്യത്തിന്റെ അനുവർത്തനം, ആവാസ വ്യവസ്ഥകളുടെ സംരക്ഷണം എന്നിവയും കാർബൺ പ്രസരണം കുറയ്ക്കാൻ സഹായിക്കുന്ന മാർഗ്ഗങ്ങൾ തന്നെ.

6) തണ്ണീർത്തടങ്ങൾ, കുളങ്ങൾ, ചതുപ്പുകൾ മറ്റ് ജലാശയങ്ങൾ എന്നിവ നികത്താനോ, നശിപ്പിക്കാനോ അനുവദിച്ച് കൂടാത്തതാണ്. ഇവയെല്ലാം കാർബൺ ശേഖ

രണത്തിന് സഹായിക്കുന്നവയാണ്. മണ്ണിലെ കാർബണിന്റെ 14.5 ശതമാനവും ഇത്തരം പ്രകൃതിദത്ത തണ്ണീർത്തടങ്ങളിലും മറ്റ് ജലാശയങ്ങളിലുമാണെന്ന് ഓർക്കുക.

7) കൃഷി ആരംഭിക്കുന്നതിന് തൊട്ട് മുമ്പുള്ള പുതയിടൽ എന്ന് പ്രവർത്തനം, മണ്ണിന്റെ ജൈവവൈവിധ്യം നിലനിർത്താനും, മണ്ണിന്റെ ഊഷ്മാവ് കുറയ്ക്കാനും, മണ്ണിന്റെ ജലനഷ്ടം ഇല്ലാതാക്കാനും, കഴിയുന്ന ഒന്നാണ്.

8) കേരളത്തിലുടനീളം ഉണ്ടായിരുന്നതും, ഇപ്പോൾ ചിലയിടങ്ങളിൽ മാത്രം കാണപ്പെടുന്നതുമായ സർപ്പകാവുകൾ കാർഷികവനവൽക്കരണത്തിനുള്ള ഉത്തമ മാതൃകകളാണ്. നൂറ് കണക്കിന് വർഷങ്ങൾക്ക് മുൻമ്പ് സ്ഥാപിതമായിട്ടുള്ള മേൽപ്പറഞ്ഞ സർപ്പകാവുകൾ, വിവിധതരം അത്യപൂർവ്വമായ വൃക്ഷങ്ങളുടെയും, കുറ്റിച്ചെടികളുടെയും, വള്ളിച്ചെടികളുടെയും, പൂമരങ്ങളുടെയും, സർപ്പകുളങ്ങളുടെയും ഒരു സമുച്ചയമാണ്. നിരവധി വർഷങ്ങളായി വീണുകിടക്കുന്ന ഇലകളും, മറ്റ് ജൈവ വസ്തുക്കളെ കൊണ്ടും നിറഞ്ഞുനിൽക്കുന്ന നമ്മുടെ സർപ്പകാവുകൾ കാർബൺ ഡൈ ഓക്സൈഡ് അടക്കമുള്ള ഹരിതഗൃഹവാതകളെ വലിച്ചെടുക്കാൻ കഴിവുള്ള ഏറ്റവും വലിയ നൈസർഗ്ഗിക സംഭരണികൾ (Natural sinks) തന്നെയാണ്. ഇപ്പോൾ അവശേഷിച്ചിട്ടുള്ള ചുരുക്കം ചില സർപ്പകാവുകളെ എന്തുവില കൊടുത്തും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഇതിന് വേണ്ടി, ഇപ്പോഴുള്ള സർപ്പകാവുകളെ നിലനിർത്തുന്നവർക്ക് എന്തെങ്കിലും ഗ്രാന്റ് നൽകേണ്ടതുണ്ട്. ഇത് കൂടുതൽ മരങ്ങൾ വച്ച് പിടിപ്പിച്ച് സർപ്പക്കാവ് വിപുലീകരിക്കുന്നതിന് അവർക്ക് പ്രോത്സാഹനമാവുന്നതും, മറ്റുള്ളവർക്കും ഇപ്രകാരം ചെയ്യുവാൻ ഉത്തേജകമാവുന്നതാണ്.

9) ഓരോ കുടുംബത്തിനും, ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്നത്ര ഭക്ഷ്യപദാർത്ഥങ്ങൾ അവരവർ തന്നെ ഉൽപ്പാദിപ്പിക്കുവാനുള്ള കൃഷിരീതിയാണ് വീട്ടുവളപ്പിലെ കൃഷി അഥവാ പുരയിടകൃഷി. ഈ സമഗ്ര പുരയിട കൃഷി കൊണ്ട് മണ്ണ് കാർബൺസമൃദ്ധമാക്കാൻ ഉപകരിക്കുന്ന ഒന്നാണ്. അതുപോലെ വീട്ടുവളപ്പ് തരിശിടാതെ ഉപയോഗിക്കുന്നതിനാൽ അന്തരീക്ഷം കാർബൺ മുക്തമാക്കാൻ സഹായിക്കുന്നു. തെങ്ങ്, മറ്റ് ഫലവൃക്ഷങ്ങൾ, പച്ചക്കറികൾ, കന്നുകാലി വളർത്തൽ, കോഴി വളർത്തൽ, തേനീച്ച വളർത്തൽ, ആട് വളർത്തൽ എന്നിങ്ങനെ നിരവധി പ്രവർത്തികൾ മൂലം സമ്പന്നമായ പുരയിട കൃഷി സംയോജിത കൃഷിയ്ക്ക് ഉദാത്തമായ ഒരു മാതൃകയാണ്.

കൂടാതെ, വിവിധതരം സസ്യജന്തുജാലങ്ങളുടെ ഒരുമിച്ചുള്ള സഹകരണവും, അവയുടെ എല്ലാവിധ അവശിഷ്ടങ്ങളും, ജൈവവളങ്ങളും മണ്ണിൽ അഴുകി ചേരുകയാണ്. ഇത് കാർബണിനെ മണ്ണിൽ തന്നെ പിടിച്ചുനിർത്താൻ സഹായിക്കുന്നു എന്നത് ഒരു വലിയ കാര്യം തന്നെയാണ്.

10) മേൽപ്രകാരമുള്ള സംയോജിത കൃഷികളും മറ്റുംമൂലം ഒരു കുടുംബത്തിന് ആവശ്യമുള്ളത്ര ഭക്ഷ്യവസ്തുക്കൾ നാം തന്നെ ഉൽപ്പാദിപ്പിക്കുക വഴി, ദീർഘദൂരം സഞ്ചരിച്ചെത്തുന്ന നമ്മുടെ ഭക്ഷണവ്യവസ്ഥയ്ക്ക് കുറെയൊക്കെ മാറ്റം വരുത്താൻ കഴിയുന്നു. ഇപ്പോൾ നമുക്ക് എത്തുന്ന ഭക്ഷണപദാർത്ഥങ്ങൾ ദീർഘദൂരം സഞ്ചരിച്ചാണ് നമ്മുടെ കൈയിൽ എത്തുന്നത്. ഈ ദീർഘദൂരമുള്ള സഞ്ചാരം എത്രയോ ഹരിതഗൃഹവാതകങ്ങളാണ് പുറംതള്ളാൻ ഇടയാക്കുന്നത് എന്ന് ഓർക്കുക. ഇപ്രകാരമുള്ള സഞ്ചാരം മുഴുവനായും ഒഴിവാക്കുക അസാദ്ധ്യമാണെങ്കിൽ കൂടി വളരെയധികം കുറവ് വരുത്താൻ കഴിയുന്നതാണ്.

അതിനാലാണ് ഭക്ഷ്യവസ്തുക്കൾ കഴിയുന്നത്ര പ്രാദേശികമായി തന്നെ ഉൽപ്പാദിക്കണമെന്ന് പറയുന്നത്. കടകളിൽ നിന്നോ, ഷോപ്പിങ് മാളുകളിൽ നിന്നോ വാങ്ങുന്ന പ

ഴങ്ങളും പച്ചക്കറികളും, മറ്റ് ഭക്ഷ്യവസ്തുക്കളും എത്രയോ ദൂരത്തുനിന്നാണ് എത്തുന്നതെന്ന് ഓർത്ത് നോക്കുക.

അവസാനിപ്പിക്കും മുമ്പായി ഭാവിയിൽ കാർഷികമേഖലയിൽ വരാനിരിക്കുന്ന അപകടപരമായ അവസ്ഥയെപ്പറ്റി പരിശോധിക്കേണ്ടത് അത്യാവശ്യമായി തീർന്നിരിക്കുന്നു. ലോകമെമ്പാടും പ്രത്യേകിച്ച് ഏഷ്യാവൻകരയിൽ സംഭവിക്കാനിരിക്കുന്നത് അതിരൂക്ഷമായ ഭക്ഷ്യക്ഷാമമാണ്. ക്രമാതീതമായ ജനസംഖ്യാവർദ്ധനവും, കാലാവസ്ഥാ മാറ്റങ്ങളുടെ കെടുതികളും, ഭക്ഷ്യക്ഷാമവും കൂടിയാകുമ്പോൾ പട്ടിണി മരണങ്ങളും. അഭയാർത്ഥി പ്രവാഹവും അടിക്കടിയുണ്ടായികൊണ്ടിരിക്കുന്നതാണ്.

പ്ലാസ്റ്റിക്കിന്റെ അമിതവും അത്യന്തം അപകടകരവുമായ ഉപയോഗം ലോകമെമ്പാടും കരയിലും, സമുദ്രത്തിലും. നദികളിലും വൻ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെ തുടർന്ന് പ്ലാസ്റ്റിക്കിന്റെ അമിതമായ ഉപയോഗം ഭക്ഷ്യ സുരക്ഷയെ കാര്യമായി തന്നെ ബാധിക്കുമെന്ന് ഐക്യരാഷ്ട്ര സംഘടന മുന്നറിയിപ്പുമായി രംഗത്ത് വന്നിരിക്കുന്നു. സമുദ്രത്തിലുള്ളതിനെക്കാൾ എത്രയോ മടങ്ങ് മൈക്രോപ്ലാസ്റ്റിക്ക് മാലിന്യങ്ങൾ മണ്ണിലാണുള്ളതെന്ന് ലോകഭക്ഷ്യകാർഷിക സംഘടന (FAO) അതിന്റെ ഈയിടെ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

കൃഷി മേഖലകളിലും, ഭക്ഷ്യശൃംഖലയിലും മൈക്രോപ്ലാസ്റ്റിക്ക് മാലിന്യങ്ങൾ മനുഷ്യനും പക്ഷിമൃഗാദികൾക്കും വൻതോതിലുള്ള ആരോഗ്യ പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. 2019 – ൽ തന്നെ കാർഷികാവശ്യങ്ങൾക്കായി 12.5 ദശലക്ഷം ടണ്ണും, ഭക്ഷണം പാക്ക് ചെയ്യുന്നതിന് 37.3 ദശലക്ഷം ടണ്ണും പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടുണ്ട്. ഗ്രീൻഹൗസ്, ഗ്രോബാഗുകൾ, കവറിങ് ഫിലിമുകൾ, രാസവസ്തുക്കളിലെ പോളിമെർ കോട്ടിംങ്, അങ്ങനെ എത്ര എത്ര രൂപങ്ങളിലാണ് കാർഷിക രംഗത്തെ പ്ലാസ്റ്റിക്കിന്റെ ഉപയോഗം. പ്ലാസ്റ്റിക്കിന്റെ ഏറ്റവുമധികം ഉപയോഗം നടക്കുന്നത് ഏഷ്യയിലാണ്. എന്നാൽ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ നാലിൽ ഒന്നു പോലും റീസൈക്കിൾ ചെയ്യുന്നില്ല എന്നതാണ് സങ്കടകരമായ മറ്റൊരു കാര്യം.

മൈക്രോ പ്ലാസ്റ്റിക്ക്, മണ്ണിന്റെ വളക്കൂറ് മുഴുവനായും തന്നെ ഇല്ലാതാക്കുന്നു. കൂടാതെ, മണ്ണിലെ വായു സഞ്ചാരം ഇല്ലാതാക്കുകയും, മണ്ണിരയടക്കമുള്ള സൂക്ഷമാണുജീവികളെ സമൂലം തന്നെ ഇല്ലാതാക്കുകയും ചെയ്യുന്നു. അത് ആത്യന്തികമായി മണ്ണിന്റെ ജീവൻ തന്നെ ഇല്ലാതാക്കുന്നതിനും, വൻതോതിൽ തന്നെ ഭക്ഷ്യക്ഷാമത്തിന് ഇടവരുത്തുകയും ചെയ്യും.

പ്രകൃതിയുടെ ആരോഗ്യം നിലനിർത്തേണ്ട കാലം അതിക്രമിച്ച് കഴിഞ്ഞിരിക്കുന്നു. അന്തരീക്ഷ മലീനികരണവും സമുദ്രമലീനികരണവും, തന്മൂലമുണ്ടായികൊണ്ടിരിക്കുന്ന ആഗോളതാപനവും ഇല്ലാതാക്കി ഭൂമിയെ രക്ഷിക്കേണ്ടതുണ്ട്.

*****

ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

# താരൻ

ഡോ. ദേവീദാസ് വെള്ളോടി - 9747480903.

തലയോട്ടിയിൽ (SCALP) നിന്ന് അമിതമായ തോതിൽ ചർമ്മത്തിലെ മൃതകോശങ്ങൾ പൊഴിയുന്നതാണ് താരൻ. അപര്യാപ്തമായ മുടി സംരക്ഷണം മൂലമാകാം ഇത്. തലയോട്ടിയിൽ കാണപ്പെടുന്ന മറ്റൊരു തരത്തിലുള്ള ഡെർമറ്റൈറ്റിസ് (ഡ്രൈ എക്സിമ) ആണ്.

ചൊറിയുമ്പോൾ സ്കെയിലിംഗ് (എക്സ്ഫോളിയേഷൻ) പോലെയുള്ള നേർത്ത മൈക്ക, സ്രാവമില്ലാത്ത ചൊറിച്ചിൽ അനുഭവപ്പെടുന്നു. താരൻ പൊടി (സ്കെയിലുകൾ) വരണ്ടതോ വെളുത്തതോ ചാരനിറമോ ആയി കാണപ്പെടുന്നു.

താരൻ സാധാരണയായി സീസണൽ ആണ്. ശൈത്യകാലത്ത് ഇത് കഠിനവും വേനൽക്കാലത്ത് കുറവും ആയിരിക്കും. സ്കെയിലിംഗ് എവിടെയും സംഭവിക്കാം തലയോട്ടിയിൽ, മുടിയിൽ, പുരികങ്ങളിൽ, കഴുത്തിലേക്കും തോളിലേക്കും വരെ വ്യാപിക്കാം.

സെബാസിയസ് ഗ്രന്ഥിയുടെ (എണ്ണ ഗ്രന്ഥികൾ) അമിതമായ പ്രവർത്തനം മൂലം താരൻ ഉണ്ടാകാം.

**സെബാസിയസ് ഗ്രന്ഥികൾ (SEBACEOUS GLANDS)**

സെബാസിയസ് ഗ്രന്ഥികൾ ഫാറ്റി ആസിഡുകൾ അടങ്ങിയ സെബം ഉത്പാദിപ്പിക്കുന്നു. എണ്ണമയമുള്ള പദാർത്ഥങ്ങൾ മുടിക്ക് ഈർപ്പവും തിളക്കവും നൽകുകയും, മുടി ഉണങ്ങാതെ സംരക്ഷിക്കുകയും ചെയ്യുന്നു. സെബം അധികമായി ഉത്പാദിപ്പിക്കപ്പെടുമ്പോൾ, മുടി എണ്ണമയമുള്ളതും കൊഴുപ്പുള്ളതും ഇരുണ്ടതും ഒട്ടിപ്പിടിക്കുന്നതുമായിരിക്കും.

എന്നാൽ ചിലപ്പോൾ ഇത് ptiyrosforum-ovle സൂക്ഷ്മാണുക്കൾ അല്ലെങ്കിൽ ഫംഗസ് malasezia കാരണമാകാം.. പൊടി, കെമിക്കൽ അധിഷ്ഠിത ഷാംപൂ, എന്നിവയിൽ സമ്പർക്കം പുലർത്തുമ്പോൾ രോഗലക്ഷണങ്ങൾ സാധാരണയായി വഷളാകുന്നു.

**തെറ്റിദ്ധാരണ:**

മുടിയുടെ വരൾച്ച കൊണ്ടാണ് താരൻ ഉണ്ടാകുന്നത് എന്ന തെറ്റിദ്ധാരണയുണ്ട്. അതിനാൽ താരനെ dry scalp (വരണ്ട തലയോട്ടി) എന്നും വിളിക്കുന്നു. മുടി ഉണക്കാൻ ഷാംപൂ ഉപയോഗിക്കുന്നത് പ്രശ്നം വർദ്ധിപ്പിക്കും. എണ്ണമയമുള്ള ചർമ്മവും മുടിയും ഉള്ളവരിൽ താരൻ കൂടുതലായിരിക്കും.

താരൻ ഒരു സ്വാഭാവിക പ്രക്രിയയാണ്. സ്കെയിലിംഗ് എന്നത് നമ്മുടെ ഉപാപചയ പ്രവർത്തനങ്ങളുടെ ഭാഗമാണ്, അത് നമ്മുടെ നഗ്നനേത്രങ്ങൾ കൊണ്ട് നമ്മൾ ശ്രദ്ധിക്കില്ല. ശരാശരി 28 ദിവസം കൂടുമ്പോൾ തലയോട്ടിയിലെ ചർമ്മം സ്വയം മാറ്റിസ്ഥാപിക്കുന്നു. ഇതു 10-12 ദിവസത്തിനുള്ളിൽ ആണെങ്കിൽ, ആകെ ഫലം താരൻ ആണ്.

അതിനാൽ ഇത് ഇല്ലാതാക്കാൻ കഴിയില്ല, നിയന്ത്രിക്കാനോ ലഘൂകരിക്കാനോ മാത്രമേ കഴിയുകയുള്ളൂ. ഇത് ഡെർമറ്റൈറ്റിസുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ, ചികിത്സിച്ചില്ലെങ്കിൽ എക്സിമ പോലുള്ള അസുഖങ്ങൾ ഉണ്ടാകാം. അധിക സ്കെയിലിംഗ് സോറിയാസിസുമായി ബന്ധപ്പെട്ട ഒരു ലക്ഷണമാകാം. താരൻ ചികിത്സിച്ചില്ലെങ്കിൽ ത്വക്ക് ക്ഷതം, മുടിക്ക് കേടുപാടുകൾ, കഷണ്ടി എന്നിവയ്ക്ക് കാരണമാകുന്നു.

**താരന്റെ തരങ്ങൾ:**

തീവ്രത, ലക്ഷണങ്ങൾ, പടരുന്ന പ്രദേശം എന്നിവയെ ആശ്രയിച്ച് താരനെ മൂന്നായി തരം തിരിക്കാം, സാധാരണ താരൻ അല്ലെങ്കിൽ പിത്രിയാസിസ് കാപ്പിറ്റിസ്, സെബോറിയ ഡെർമറ്റൈറ്റിസ്, സോറിയാറ്റിക് താരൻ.

1. ptiyriasis-capitis: ഇതിനെ സാധാരണ താരൻ എന്നും അറിയപ്പെടുന്നു. തലയോട്ടിയിൽ നിന്ന് വീഴുന്ന വരണ്ട അടരുകളുള്ള താരൻ വളരെ സാധാരണമാണ്. ചർമ്മത്തിൽ സാധാരണയായി കാണപ്പെടുന്ന പിറ്റിറോസ്പോറം യീസ്റ്റ് ഈ പ്രശ്നം ഉണ്ടാക്കുന്നു. തലയോട്ടിയിൽ മാത്രം കാണപ്പെടുന്നു. ആയുർവേദത്തിൽ, ഇതേ ലക്ഷണങ്ങളുള്ള



താരനെ സുശ്രുതൻ 'ദാരുണക' എന്നാണ് വിശേഷിപ്പിക്കുന്നത്.

2. സെബർഹോയിക് ഡെർമറ്റൈറ്റിസ്: ശിരോചർമ്മം വളരെ കൊഴുപ്പുള്ളതും എണ്ണമയമുള്ളതും, ചെതുമ്പൽ, വീലിംഗ്, മഞ്ഞ അല്ലെങ്കിൽ ഇളം ചുവപ്പ് നിറമുള്ളതാണെങ്കിൽ. സെബോറിയ ഡെർ മറ്റൈറ്റിസ് എന്നാണ് ഇത് അറിയപ്പെടുന്നത്. ഇത് തലയോട്ടി, മുഖം, നെറ്റി, പുരികം, കൺപീലികൾ, കൺപോളകൾ എന്നിവയിൽ അപൂർവ്വമായി കഴുത്തിൽ പോലും കാണാം.

3. സോറിയാസിസ്: ചൊറിച്ചിൽ കട്ടിയുള്ള ചെതുമ്പലുകൾ, വെള്ളി നിറത്തിലുള്ള ചെതുമ്പലുകൾ, കാൽമുട്ടിലും താഴത്തെ പുറകിലും ഉണ്ടാകാം. ഇതൊരു സ്വയം രോഗപ്രതിരോധ രോഗമാണ്. വമനം പോലുള്ള പഞ്ചകർമ്മ ചികിത്സകളും തക്ര ധാര പോലുള്ള ചികിത്സകളും ഉപയോഗിച്ച് പ്രത്യേക പരിചരണം ആവശ്യമാണ്.

**ചികിത്സ:**

മുടി സംരക്ഷണമാണ് താരനുള്ള പ്രധാന പ്രതിവിധി. ആന്റി ഫംഗൽ, ആന്റി മൈക്രോബയൽ മെഡിക്കേറ്റഡ് ഓയിലുകളും ഷാംപൂവും പതിവായി ഉപയോഗിക്കുന്നത് താരൻ കുറയ്ക്കും. എപ്പോഴും വൃത്തിയുള്ള ചീപ്പുകളും ടവലുകളും വ്യക്തിഗതമായി ഉപയോഗിക്കുക. ചീപ്പുകളും കുളിക്കാനുള്ള തൂവാലകളും പങ്കിടരുത്, ഇത് മറ്റ് ആളുകളിലേക്ക് താരൻ പകരാൻ കാരണമാകും.

സോറിയാറ്റിക് താരൻ കേസുകളിൽ, ഇതൊരു സ്വയം രോഗപ്രതിരോധ രോഗമായതിനാൽ, ആന്തരിക ശുദ്ധീകരണ മരുന്നുകളും തക്ര ധാര പോലുള്ള ചികിത്സകളും 'വമനം ' പോലുള്ള പഞ്ചകർമ ചികിത്സകളും ആവശ്യമാണ്. 'സിദ്ധമഗ്ന തൈലം' പോലെയുള്ള ബാഹ്യ ഔഷധ എണ്ണയാണ് ഉപയോഗിക്കേണ്ടത്.

1. കറ്റാർവാഴ ഇലയിൽ നിന്നെടുത്ത ജെൽ രാത്രി മുഴുവൻ പുരട്ടി പിറ്റേന്ന് രാവിലെ കഴുകാം.

2. ദിവസേന തലയിൽ കുളിക്കുക, മുടി കഴുകി ഉണക്കിയ ശേഷം തലയോട്ടി നന്നായി കഴുകുക.

3. മുടി നന്നായി എണ്ണ തേച്ച് സൂക്ഷിക്കുക

4.'ധൂർധൂരപത്രാദിവെളിച്ചെണ്ണ' അല്ലെങ്കിൽ 'പാമാന്തക തൈലം' പോലെയുള്ള എണ്ണകൾ തലയോട്ടിയിൽ മസാജ് ചെയ്യാൻ ഉപയോഗിക്കുക.

5. ആന്റിഡാൻഡ്രഫ് ഷാംപൂ അല്ലെങ്കിൽ ഷിക്കാക്കായ് (സോപ്പ് മരത്തിന്റെ ഫലം) അല്ലെങ്കിൽ ചെമ്പരത്തി ഇലകൾ ചേർത്തുണ്ടാക്കുന്ന ഷാംപൂ ഉപയോഗിക്കുക.

6. സമ്മർദ്ദവും ഉത്കണ്ഠയും കൊണ്ട് താരൻ വർദ്ധിക്കും, അതിനാൽ പ്രാണായാമം, യോഗ എന്നിവ പരിശീലിക്കുക.

7. വെള്ളത്തിൽ വേപ്പിലയട്ട് തിളപ്പിച്ച് മുടി കഴുകാൻ ഉപയോഗിക്കുക.

8. (ഹെയർ പായ്ക്കുകൾ): വേപ്പില ഇലകൾ ഒരു പേസ്റ്റ് ഉണ്ടാക്കി 7 ദിവസത്തേക്ക് 2 മണിക്കൂർ തലയോട്ടിയിൽ പുരട്ടുക.

2. തുളസി ഇലയും നെല്ലിക്കപ്പൊടിയും വെള്ളത്തിൽ കലർത്തി 7 ദിവസത്തേക്ക് ദിവസവും രണ്ട് മണിക്കൂർ തലയോട്ടിയിൽ പുരട്ടുക.

9. **ആന്തരിക മരുന്നുകൾ**: പുനർനവാസം 25 മില്ലി ഭക്ഷണത്തിന് ശേഷം ദിവസത്തിൽ രണ്ടുതവണ.

ത്രിഫല ചൂർണം 5 ഗ്രാം ഉറങ്ങുന്നതിനു മുൻപ് ചെറുചൂടുള്ള വെള്ളത്തിൽ കഴിക്കുക.

**ചില വീട്ടുവൈദ്യങ്ങൾ:**

1. നാരങ്ങ നീര് കോസ്മെറ്റിക് വിനാഗിരി (1:2 അനുപാതത്തിൽ) കലർത്തി തലയോട്ടിയിൽ തടവുക. ശേഷം തലയിൽ മൃദുവായി മസാജ് ചെയ്യുക. 30 മിനിറ്റിന് ശേഷം EGG SHAMPOO(മുട്ട ഷാംപൂ) ഉപയോഗിച്ച് മുടി കഴുകുക.

2. 5 ടീസ്പൂൺ ഉണക്കിയതും ഉപയോഗിച്ചതുമായ തേയില ഇലകൾ നാരങ്ങാ വെള്ളത്തിൽ തിളപ്പിക്കുക. താരൻ ഷാംപൂവിന് ശേഷം, ഈ ലോഷൻ തലയോട്ടിയിൽ കഴുകുക. മുടിയുടെ തിളക്കത്തിനും ഇത് സഹായിക്കും.

3. കഠിനമായ അവസ്ഥയിൽ 14 ദിവസം വേപ്പിൻ കഷായം ഉപയോഗിച്ച് ദിവസവും മുടി കഴുകുക

*****


## 2023 മെയ് മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**പാർവ്വതി മേനോൻ**
L/1104 PRESTIGE EXOTICA 3
CUNNINGHAM CRESCENT
BANGALORE560052



**ജയശങ്കർ. എം.**
L/2034 മേനോൻപറമ്പിൽ ,
ഇടപ്പള്ളി - 24



**കെ.ടി. മുകുന്ദൻ**
L/1144 സ്റ്റാർലിങ്ക് ലോട്ടസ്,
പാറത്തറലെയിൻ
മീൻചിറ റോഡ്
പോണേക്കര



**മാധവൻകുട്ടി. എ.**
L/2371, ശ്രീ,
കുടിലിങ്കൽ 14/158, എരൂർ
തൃപ്പൂണിത്തുറ



**ചന്ദ്രശേഖരൻ. ടി.**
**(കരയോഗം ട്രസ്റ്റി)**
L/490, പൂജ രേവതി,
തോട്ടയ്ക്കാട്ട് ,
എറണാകുളം -11

## എറണാകുളം കരയോഗാംഗത്വമെടുക്കൂ സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകൂ

**എറണാകുളം കരയോഗത്തിൽ അംഗത്വമെടുത്ത് ജീവകാരുണ്യ,സാമൂഹ്യസേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ എറണാകുളം ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ പരിധിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് ആജീവനാംഗത്വവും ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് അസ്സോസിയേറ്റ് അംഗത്വവും നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതാണ്.**

**താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.**

**ഫോൺ : 04842361160**

### എറണാകുളം കരയോഗം

## 2023 നവരാത്രി ആഘോഷം

2023 ഒക്ടോബർ മാസം 15 മുതൽ 24 വരെ വിവിധ പരിപാടികളോടെ നവരാത്രി പൂർവ്വാധികം ഭംഗിയായി ടി.ഡി.എം. ഹാളിൽ നടത്തുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. നവരാത്രിയോടനുബന്ധിച്ച് കുട്ടികൾക്കായി എല്ലാ വർഷവും നടത്തി വരാറുള്ള പുരാണേതിഹാസ - കലാ - സാഹിത്യ മത്സരങ്ങൾ സബ്ജൂനിയർ, ജൂനിയർ, സീനിയർ എന്നീ 3 വിഭാഗങ്ങളായി തിരിച്ച് 2023 ഓഗസ്റ്റ് 6 മുതൽ ഒക്ടോബർ 8 വരെ നടത്തുന്നു. അതിലേക്കായുള്ള അപേക്ഷാഫോറം ജൂലായ് 1 മുതൽ 15 വരെ കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

പൂരിപ്പിച്ച അപേക്ഷ ജൂലായ് 30 നകം തിരികെ ലഭിക്കേണ്ടതാണ്.

**കൂടുതൽ വിവരങ്ങൾക്ക് 0484-2361160**

# മനുഷ്യവർഗ്ഗത്തെക്കുറിച്ച് പ്രത്യാശ പകരുന്ന ഒരു ചരിത്രം.

പി. ജയരാമൻ – 9847102015

*(തുടർച്ച)*

**1.6. പതറുന്ന പ്രബുദ്ധത**

മനുഷ്യസ്ഥിതി കലർപ്പില്ലാത്ത നന്മയോ തിന്മയോ എന്നതാണ് പ്രശ്നം. ജന്തുസാമ്രാജ്യത്തിലെ ഏറ്റവും സൗഹാർദ്ദപരമായ വർഗ്ഗമായിരുന്നു തുടക്കത്തിൽ നാം. പക്ഷെ 10000 വർഷങ്ങൾക്ക് മുൻപ് വീഴ്ച ആരംഭിച്ചു. ഒരു സ്ഥലത്തുതന്നെ സ്ഥിരതാമസമാക്കുകയും, സ്വകാര്യഭൂസ്വത്ത് വാരിക്കൂട്ടാൻ തുടങ്ങുകയും ചെയ്ത നിമിഷം മുതൽ നമ്മുടെ സഹജവാസന നിരുപദ്രവമല്ലാത്തതായിത്തീർന്നു. അധികാരശ്രേണികളോടും ഇല്ലായ്മകളോടും കൂടിച്ചേർന്ന് അത് വിഷലിപ്തമായി. നേതാക്കൾ തങ്ങളുടെ ആവശ്യാനുസരണം സൈന്യങ്ങളെ കെട്ടിപ്പടുക്കുവാൻ ആരംഭിച്ചത് മുതൽ അധികാരത്തിന്റെ ദൂഷിത ഫലങ്ങളിൽ നിന്നും മോചനമില്ലാതായി.

എന്നിരുന്നാലും, യുക്തിയെന്ന നമ്മുടെ ശ്രദ്ധേയമായ പാടവം നമ്മുടെ പല താൽപ്പര്യങ്ങളും വളർത്തിയെടുക്കാൻ പ്രാപ്തമാണ്. ഇത് മറ്റ് ഇനങ്ങളിൽ നിന്ന് നമ്മെ വേറിട്ട് നിർത്താൻ സഹായിക്കുന്നു. പൊതുനന്മയ്ക്കായി പ്രയോജനപ്പെടുത്താൻ ഈ പാരിതോഷികം നമുക്ക് മുറുകെപിടിക്കാം.

പരിജ്ഞാനം നമുക്ക് തുല്യത നൽകിയെങ്കിലും അത് വർഗ്ഗവിവേചനത്തേയും സൃഷ്ടിച്ചു. നാം അവയിൽ വിശ്വസിക്കുന്നതുകൊണ്ട് മാത്രം ചില കാര്യങ്ങൾ ശരിയായിത്തീരുന്നു; ആ ശുഭപ്രതീക്ഷ സ്വയം സഫലീകരിക്കുന്ന ഒരു പ്രവചനമായി മാറുന്നു.

**2. ഒരു നൂതന യാഥാർത്ഥ്യവാദം**

'പിഗ്മാലിയൻ ഫലം' (Pygmalian effect) മനശാസ്ത്രപരമായ ഒരു പ്രതിഭാസമാണ്; ഉയർന്ന പ്രതീക്ഷകൾ ഒരു വ്യക്തമായ പ്രവർത്തനരംഗത്ത് മെച്ചപ്പെട്ട നിർവ്വഹകണം സാധ്യമാക്കുന്നു. ഗ്രീസിലുള്ള ഒരു ഐതീഹ്യത്തിൽ നിന്നാണ് ഈ ഫലത്തിന് പിഗ്മാലിയന്റെ പേര് ലഭിച്ചത്. അദ്ദേഹം ഒരു ശില്പിയായിരുന്നു. താൻ നിർമ്മിച്ച തികഞ്ഞ സൗന്ദര്യമുള്ള പ്രതിമയിൽ അദ്ദേഹം അകമഴിഞ്ഞ് ആസക്തനായപ്പോൾ അതിന് ജീവൻ ലഭിച്ചു. മന:ശാസ്ത്ര ഗവേഷണത്തിൽ പിഗ്മാലിയൻ ഫലം ഒരു പ്രമുഖസ്ഥാനം കൈവരിച്ചിട്ടുണ്ട്.

'അനേകം പേരുടെ അറിവില്ലായ്മ' (Pluralistic ignorance) യുടെ ഫലങ്ങൾ ദാരുണവും, പലപ്പോഴും മാരകവുമാവാൻ സാധ്യതയുണ്ട്. ഒരു ഉദാഹരണം ഈ ആശയത്തെ കൂടുതൽ വ്യക്തമാക്കും. വ്യക്തിഗതമായി ഓരോ വിദ്യാർത്ഥിക്കും ക്ലാസ്സിൽ പ്രൊഫസർ അവതരിപ്പിച്ച ഒരു സാങ്കേതികപദത്തിന്റെ അർത്ഥം മനസ്സിലാക്കാൻ കഴിഞ്ഞില്ല. തങ്ങളുടെ സഹപാഠികളെല്ലാം ശ്രദ്ധയോടെ കേൾക്കുന്നത് കണ്ടപ്പോൾ പ്രശ്നം തന്റേതുമാത്രമാണെന്ന് ഓരോ വിദ്യാർത്ഥിയും കരുതി. ആർക്കും ഒന്നും മനസ്സിലായില്ല. കൂടുതൽ ആശ്ചര്യകരമെന്ന് പറയട്ടെ, ആരും പ്രൊഫസറോട് ഒരു വിശദീകരണവും തേടിയില്ല.

മനുഷ്യസ്ഥിതിയെപറ്റി നമുക്കുള്ള നിഷേധാത്മകമായ ചിന്താഗതികൾ പലരുടേയും അറിവില്ലായ്മയുടെ ഒരു രൂപമായിരിക്കുമോ? വിദ്വേഷം പോലെ തന്നെ വിശ്വാസവും പകരുന്നതാണ്. ആരെങ്കിലും ഒഴുക്കിനെതിരായി നീന്താൻ തുനിയുമ്പോഴാണ് പ്രത്യാശ ഉടലെടുക്കുന്നത്. വിശ്വസിക്കാൻ ഒരു മനസ്സുണ്ടായ നിരവധി വ്യക്തികളെ ഈ പുസ്തകത്തിൽ നമുക്ക് പരിചയപ്പെടാം. തങ്ങളുടെ സ്വന്തം പ്രതിച്ഛായയിൽ ലോകത്തെ പുനഃസൃഷ്ടിച്ച കുറെ പേർ.

**2.1. നൈസർഗ്ഗികമായ പ്രേരണയുടെ ശക്തി**

മാനേജർമാർ നമുക്ക് ശരിയായ രീതിയിലുള്ള പ്രോത്സാഹനം തരേണ്ടതുണ്ട്. ഇരുപതാം നൂറ്റാണ്ടിലെ രണ്ട് പ്രമുഖ പ്രത്യയ ശാസ്ത്രങ്ങൾ. മുതലാളിത്തവും (Capitlalism), കമ്മ്യൂണിസവുമാണ്. രണ്ടും മനുഷ്യരെപറ്റി ഏതാണ്ട് ഒരേ വീക്ഷണം പങ്കുവച്ചു. മുതലാളികൾ 'കാരറ്റിനെ' (പണം) ആശ്രയിച്ചപ്പോൾ, കമ്യൂണിസ്റ്റുകാർ 'വടി' (stick –ശിക്ഷ) യിൽ വിശ്വാസം അർപ്പിച്ചു. മനുഷ്യർ സ്വയം പ്രചോദിതരാകുന്നില്ലെന്ന് രണ്ട് പേരും കരുതി. ജോലിക്കാർ വിശ്വാസയോഗ്യരും, ഉത്തരവാദിത്തബോധമുള്ളവരുമാണെന്ന് വിശ്വസിച്ചാൽ അവർ അപ്രകാരം തന്നെയായിരിക്കും. മറ്റുള്ളവരെ എങ്ങിനെ പ്രചോദിപ്പിക്കാം എന്നതല്ല പ്രശ്നം; ജനങ്ങൾ തനിയെ പ്രചോദിതരാകുന്ന ഒരു സമൂഹം എങ്ങിനെ ആവിഷ്കരിക്കാം എന്നതാണ് കാതലായ ചോദ്യം. ഒരു പുതിയ പ്രസ്ഥാനത്തെയോ, യാഥാർത്ഥ്യവാദത്തേയോക്കുറിച്ച് അത് പ്രസ്താവിക്കുന്നു. മനുഷ്യൻ സ്വയം ഇഷ്ട്ടപ്പെട്ട് ഒരു കാര്യം ചെയ്യുന്നതിനേക്കാൾ കൂടുതൽ ശക്തമായ മറ്റൊന്നില്ല.

**2.2. ഹോമോലൂഡൻസ് (Homo Ludens)**

എവിടെ നോക്കിയാലും കുട്ടികളുടെ സ്വാതന്ത്ര്യം നിയന്ത്രിക്കപ്പെടുന്നു. 1971 ൽ 8 വയസ്സുകാരായ 80 ശതമാനം ബ്രിട്ടീഷ് കുട്ടികളും അവരുടെ സ്ക്കൂളിലേയ്ക്ക് തനിയെ നടന്നാണ് പോയിരുന്നത്. ഇപ്പോൾ അത് വെറു 10 ശതമാനമായിച്ചുരുങ്ങി. ഗൃഹപാഠങ്ങൾക്കായി (home work) അവർ ചിലവഴിച്ചിരുന്ന സമയം 145 ശതമാനം വർദ്ധിച്ചു. മുതിർന്നവർ, കുട്ടികളുടെ സമയം, ഗൃഹപാഠം, കായികാഭ്യാസം, സംഗീതം, നാടകം, സ്വകാര്യട്യൂഷൻ, പരീക്ഷയ്ക്ക് വേണ്ടിയുള്ള നിരന്തര അഭ്യാസം എന്നിങ്ങനെ അന്തമില്ലാത്ത പ്രവർത്തനങ്ങൾക്കായി വ്യാപിപ്പിക്കാൻ തുടങ്ങി. ഒരു അമേരിക്കൻ പഠനമനുസരിച്ച് കുട്ടികൾക്ക് അവരുടെ ജീവിതം മറ്റുള്ളവരാണ് നിശ്ചയിക്കുന്നതെന്ന ബോധം ശക്തമായിട്ടുണ്ട്.

ഘടനയില്ലാത്ത കളി (unstructured play) വിരസതക്കെതിരായ പ്രകൃതിയുടെ പ്രതിവിധിയാണ്. കളി ജീവിതത്തിന് ഒരു അർത്ഥം നൽകുന്നുവെന്നാണ് ഡച്ച് ചരിത്രകാരനായ ജോഹാൻ ഹുസിംഗ്സ് (Johan Huizings) 1938 ൽ എഴുതിയത്. അദ്ദേഹം നമ്മളെ ഹോമോലുഡൻസ് (കളിയിൽ താൽപ്പര്യമുള്ള മനുഷ്യർ) എന്ന് നാമകരണം ചെയ്തു. നമ്മൾ സംസ്കാരം എന്നുവിളിക്കുന്നതിന്റെ ഉത്ഭവം കളിയിൽ നിന്നാണ്. കളിയിൽ നിന്ന് കുട്ടികൾ സഹകരണം അഭ്യസിക്കുന്നു. മനുഷ്യർ ഒരു സ്ഥലത്തുതന്നെ അധിവസിക്കാൻ തുടങ്ങിയപ്പോൾ കളിയുടെ സംസ്കാരത്തിന് മൗലികമായ ഒരു മാറ്റം സംഭവിച്ചു. എന്താണ് വിദ്യാഭ്യാസത്തിന്റെ ഉദ്ദേശമെന്നാണ് ചോദിക്കേണ്ട പ്രധാന ചോദ്യം. നമ്മൾ പദവികളിലും, ശമ്പളത്തിലും പ്രതിഷ്ഠിതരാണോ? ലോകാരോഗ്യ സംഘടനയുടെ (WHO) നോട്ടത്തിൽ വിഷാദം (Depression), ലോകവ്യാപകമായ ഒരു രോഗമാണ്. ഇടിവ് ബാങ്ക് നിക്ഷേപത്തിലല്ല, നമ്മുടെ ഉള്ളിൽ തന്നെയാണ് സംഭവിച്ചിട്ടുള്ളത്. സമൂഹത്തിൽ പരിശീലകരുടെ സഹായത്തോടെ, പക്ഷെ സ്വതന്ത്രമായി പ്രവർത്തിക്കാൻ കുട്ടികളെ വിടുകയാണെങ്കിൽ അവർ നല്ല പാഠങ്ങൾ അഭ്യസിക്കുക തന്നെ ചെയ്യും.

**3. മറ്റെ കവിൾ (The other cheek)**

നാം മറ്റുള്ളവരോട് യുക്തമായി ഇടപ്പെട്ടാൽ അവരും നിങ്ങളോട് ശരിയായ രീതിയിൽ പെരുമാറും. നിങ്ങളോട് ദയാപുരസ്സരം പെരുമാറിയാൽ, യുക്തമായ ഇടപെടൽ നിങ്ങളുടെ ഭാഗത്തുനിന്നും എളുപ്പമായിരിക്കും.

ഇരുപതാം നൂറ്റാണ്ടിലെ രണ്ട് മഹൽ വ്യക്തികളായിരുന്നു മഹാത്മഗാന്ധിയും, മാർട്ടിൻ ലൂതർ കിങും (Martin Luther King Junior) ലക്ഷക്കണക്കിന് മനുഷ്യരെ അവർ സ്വാധീനിച്ചു. നാം മറുകവിൾ നീട്ടി പ്രതികാരം ചെയ്യാതിരിക്കാൻ ഒരുക്കമാണോ? ഈ കഴിവ് ഭീകരപ്രവർത്തനത്തിനുശേഷമോ, യുദ്ധകാലത്തോ, വ്യാപകമായ അളവിൽ പോലീസ് സ്റ്റേഷനുകളിലേക്കും, ജയിലുകളിലേക്കും പ്രാവർത്തികമാക്കാൻ നിങ്ങൾക്ക് സാധിക്കുമോ?

(തുടരും)

****

# സുന്ദരികളും സുന്ദരന്മാരും ആയ നമ്മൾ

കെ.പി. അജിത് കുമാർ - 9544527241

**പൂ**തപ്പാട്ടിന് എഴുപതായെങ്കിൽ, ഇടശ്ശേരിയുടെ മനസ്സറിഞ്ഞിരുന്ന പി സി കുട്ടികൃഷ്ണൻ എന്ന ഉറൂബിന്റെ 'സുന്ദരികളും സുന്ദരന്മാരും' എന്ന മലയാളത്തിന്റെ മഹാനോവലും എഴുപതിന്റെ പടവിലടുക്കുന്നു..

ഒരു വലിയ നോവലിന് ഒരു പ്രണയ കഥ തന്നെ ധാരാളമാണെന്നിരിക്കെ, പരസ്പരം വളരെയൊന്നും കെട്ടുപിണയാത്ത ഏഴിലധികം പ്രണയ കഥകൾ ഒരു ചരടിൽ കോർത്താണ് ഉറൂബ് സുന്ദരികളും സുന്ദന്മാരും ഒരുക്കിയത്.. ഇതിലെ ഏതാണ്ട് എല്ലാ പ്രണയങ്ങളും പരാജയ രുചിയറിഞ്ഞ് ഒടുങ്ങുന്നവയുമാണ്.. അപൂർണ്ണമായ പ്രണയ കഥകളിൽ തീർത്ത ഈ സാഹിത്യ ശില്പം, പക്ഷേ, മലയാള സാഹിത്യത്തിന്റെ സമസ്ത ഭംഗിയും അണിഞ്ഞ ഇതിഹാസമാനങ്ങളുള്ള നോവലായി ഇന്നും തുടരുകയാണ്..

'എന്റെഗുരുവായൂരപ്പാ.............' എന്ന, പ്രാർത്ഥനയേക്കാൾ നിലവിളിയാണെന്ന് എഴുത്തുകാരൻ തന്നെ പറയുന്ന ശബ്ദത്തോടെ ആരംഭിക്കുന്ന സുന്ദരികളും സുന്ദരന്മാരും ലോകത്തിന്റേയും ഇന്ത്യയുടേയും കേരളത്തിന്റേയും ചരിത്ര സന്ധികളുടെ ജീവിത ബിംബങ്ങൾ അണിനിരക്കുന്ന ശക്തമായ സാമൂഹ്യ നോവലാണ്..

നിരാലംബയായി, അനാഥയായി വഴിയോരത്ത് വീണ് കിടന്ന്, പ്രസവവേദനയിൽ അലറിപ്പിടയുന്ന കുഞ്ഞു കുട്ടിയമ്മയെ സഹായിക്കാനൊരുങ്ങുന്ന രാമൻ നായരുടെ മുഖത്ത് നിന്ന കേട്ട, 'വരൂ.......' എന്ന വാക്ക് ജീവിതത്തിൽ കേട്ട ഏറ്റവും മധുരമുള്ള വാക്കായി തോന്നുന്നത് കുഞ്ഞു കുട്ടിയമ്മയ്ക്ക് മാത്രമല്ല.. മലയാള സാഹിത്യത്തിൽ മറ്റൊരിടത്തും 'വരൂ..... ' എന്ന രണ്ടക്ഷരങ്ങൾക്ക് ഇത്രമാത്രം നന്മയും, സഹജീവി സ്നേഹവും ചൊരിയാൻ കഴിഞ്ഞിട്ടില്ല.. 'ആ രണ്ടക്ഷരത്തിൽ ഒരാത്മാവ് കുടികൊണ്ടിരുന്നു' എന്നാണ് നോവൽ തുടരുന്നത്. നോവൽ മുഴുവൻ വായിച്ച് കഴിഞ്ഞ് വീണ്ടും ആദ്യത്തെ രണ്ട് പേജ് പിന്നിട്ട് ആ സംഭവത്തിലെത്തുമ്പോൾ, ആ വാക്ക് വായനക്കാരനെ വല്ലാതെ ബാധികും... മനസ്സിന്റെ സൗന്ദര്യ ചിത്രീകരണത്തിലൂടെ, എല്ലാവരും സുന്ദരികളും സുന്ദരന്മാരുമാണെന്ന് സ്ഥാപിക്കുന്ന എഴുത്തുകാരനെ എഴുന്നേറ്റ് നിന്ന് വണങ്ങാൻ തോന്നും.. ..

നാനൂറിലേറെ പേജുകൾ നീണ്ട ഈ നോവലിൽ വെറും മുപ്പത് പേജുകളിൽ മാത്രം ജീവിച്ച് മരിക്കുന്ന കുഞ്ചുകുട്ടിയെന്ന ദു:ഖപുത്രി നോവലിലെ സുപ്രധാന കഥാപാത്രമാണ്. ജീവിത ദുരിതത്തിന്റേയും സംഘർഷത്തിന്റേയും നടുക്കടലിൽ നിന്ന് സുന്ദരികളും സുന്ദരന്മാരും എന്ന നോവൽ ഉൽഭവിച്ചൊഴുകുകയാണ്, ജീവിതത്തിന്റെ മഹാപ്രവാഹമായി..

അനുഭവിപ്പിക്കുന്ന സാഹിത്യം കാലത്തെ മറികടന്ന് ജീവിക്കും എന്ന് ഉറൂബ് ഒരു അഭിമുഖത്തിൽ പറയുന്നുണ്ട്. 'ഞാനൊരു വെറും സൗന്ദര്യാത്മക കവി മാത്രം..' എന്ന് പറഞ്ഞ വൈലോപ്പിള്ളി സൗന്ദര്യം എന്ന വാക്കിൽ നിറച്ച അർത്ഥഗാംഭീര്യമുണ്ട്, ഉറൂബ് പറയുന്ന അനുഭവിപ്പിക്കലിന്. ഏത് സാഹിത്യവും എന്തെങ്കിലും അനുഭൂതികൾ ജനിപ്പിക്കാറുണ്ട്. എന്നാൽ അനുഭൂതിയിൽ നിന്ന് അനുഭവത്തിലേയ്ക്ക് വളരെയേറെ ദൂരമുണ്ട് എന്ന് ഉറൂബ് മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് ഉറൂബിന്റെ കൃതികൾ കേവലാനുഭൂതികൾ ഉപേക്ഷിച്ച് അനുഭവത്തിന്റെ ജൈവതീക്ഷ്ണതയിലേയ്ക്ക് നമ്മെ എടു

ത്തുയർത്തുന്നത്. 'രാച്ചിയമ്മ' പോലെ ഏതാനും പേജുകൾ മാത്രം നീളുന്ന ചെറുകഥകളിലും ഈ ജീവിതം കാണാം.

ആദ്യാനുരാഗത്തിന്റെ ശ്മശാനത്തിൽ കൂടുകെട്ടിപ്പാർക്കാതെ പുറത്തെ ജീവിതത്തിലേയ്ക്ക് ഇറങ്ങിത്തിരിച്ച രാമൻ നായർക്ക് വർഷങ്ങൾക്ക് ശേഷം, അതേ പ്രണയിനി, ദാരിദ്ര്യം താണ്ഡവമാടുന്ന തന്റെ ഭവനത്തിൽ, തന്റെ മുന്നിൽ അനാഥയായി മരിക്കുന്നതും അതിന് മുൻപായി മറ്റൊരനാഥന് ജന്മം നൽകുന്നതും കണ്ടു നിൽക്കേണ്ടി വരുന്നു.

നിത്യരോഗിയായ ബാലാമണിയെന്ന മകളുടെ മരണം പോലും ആ വീട്ടിൽ ആരേയും ബാധിക്കുന്നില്ല... വിഷാദം സ്ഥായീഭാവമാകുന്ന അന്തരീക്ഷത്തിൽ ചലിക്കുന്ന നിഴലുകൾ പോലെ മനുഷ്യർ. വേലുമ്മാൻ എന്ന ചീത്ത കഥാപാത്രത്തിന്റെ ചതിയിൽ പെട്ട് തൊഴിൽ നഷ്ടപ്പെട്ട് അതിദാരിദ്ര്യത്തിലേയ്ക്ക് അമർന്നുകൊണ്ടിരിക്കുന്ന രാമൻനായർ മരിക്കുന്നതിന് മുൻപ് മകളായ രാധയെന്ന കൊച്ചു പെൺകുട്ടിയോട് പറയുന്നു:

'പാപത്തെക്കുറിച്ചും പുണ്യത്തെക്കുറിച്ചും ഞാൻ നിങ്ങൾക്ക് എമ്പാടും വിഡ്ഢിത്തങ്ങൾ പറഞ്ഞ് തന്നിട്ടുണ്ട്..അതൊക്കെ, ... നുണയാണ്..അതൊക്കെ മറക്കണം...

നോവലിൽ രാധ ആദ്യമായി കരയുന്നത് ഇവിടെയാണ്.. 'രാധ തേങ്ങിത്തേങ്ങിക്കരഞ്ഞു ...' എന്ന് വായിക്കുന്നതിന് മുൻപ്തന്നെ വായനക്കാരന്റെ കണ്ണുകൾ നിറഞ്ഞിരിക്കും...

തനിക്ക് പിറക്കാതെ പോയ മകനാണ് വിശ്വം എന്ന് രാമൻ നായർ കരുതുന്നതായി ഉറൂബ് ഒരു സൂചനയും തരുന്നില്ല. കാല്പനികതയുടെ ആടകളണിഞ്ഞ് കിടന്നിരുന്ന റിയലിസം ജീവിതത്തിന്റെ ഋജു വീഥികൾ അറിയാൻ തുടങ്ങിയത് ഉറൂബിലൂടെയാണ്.. ആത്മാഭിമാനവും ദാരിദ്ര്യവും കണ്ണു തുറന്ന് കളിച്ചപ്പോൾ രാമൻ നായർ അറിഞ്ഞ ജീവിത ദുരിതത്തിന്റെ ആഴത്തിന് മലയാള നോവലുകളിൽ താരതമ്യങ്ങളില്ല.

പാരിലില്ല ഭയമെന്നുമേറെയു
ണ്ടാരിലും കരുണയെന്നുമേതിനും
പോരുമെന്നുമരുളീ പ്രസന്നമായ്
ധീരമായ മുഖകാന്തിയാലവൻ..

എന്ന നളിനീ വരികൾ കേൾക്കുമ്പോൾ ഗദ്യസാഹിത്യത്തിലെ ഗോവിന്ദൻ നായരെ ഓർമ്മവരും. ശക്തനും തന്റേടിയും നല്ലവനുമായ ഗോവിന്ദൻ നായർക്ക് മലബാർ കലാപത്തിന്റെ ബാക്കിപത്രമായി കൂടെയെത്തിയ കുഞ്ചുകുട്ടിയിൽ ജനിച്ച മകനാണ് വിശ്വം എന്ന് നോവലിസ്റ്റ് വായനക്കാരെ ബോദ്ധ്യപ്പെടുത്തുന്ന കലാമികവിന് മറ്റു മാതൃകകളില്ല... കലാപത്തിൽ നിശ്ശബ്ദമായി നഷ്ടപ്പെടുന്ന ഗോവിന്ദൻ നായർ, ഈ നോവലിലെ നായകരിലൊരാളാണ്.. നായക പദവിയിൽ വ്യാഖ്യാതാക്കൾ വാഴ്ത്തിയ വിശ്വനാഥന്റേയും നാഥൻ... ജീവിതത്തെ അതിന്റെ കർക്കശമായ മുഖത്ത് നോക്കിത്തന്നെ നേരിടുന്ന സുലൈമാൻ എന്ന ഗോവിന്ദൻ നായർ ഒരിക്കൽ മാത്രം പതറുന്നത് വിശ്വം അറസ്റ്റ് ചെയ്യപ്പെടുമ്പോൾ മാത്രമാണ്. വിശ്വത്തിന്റെ അറസ്റ്റ് വായനക്കാരിൽ നടുക്കമൊന്നും ഉണ്ടാക്കുകയില്ലെങ്കിലും സുലൈമാൻ വേച്ച് പോകുന്നത് കാണുമ്പോൾ വായനക്കാരന്റേയും മനസ്സ് പിടയും..

എല്ലാവരേയും അവരവരുടെ വഴിക്ക് ജീവിക്കാൻ വിടുന്ന സുലൈമാൻ എന്തെങ്കിലും ചെയ്യണമെന്ന് ആവശ്യപ്പെടുന്നത് ദുരിത സഹനത്തിന്റെ ആൾരൂപമായ രാധയോട് മാത്രമാണ്.... അതിന് കാരണവും സുലൈമാൻ പറയുന്നുണ്ട്: 'നീ വളരെയേറെ സഹിച്ചു കഴിഞ്ഞു...'

അന്തരിക ശക്തിയും സൗന്ദര്യവുമുള്ള സ്ത്രീകഥാപാത്രങ്ങൾ അവയുടെ പൂർണ്ണ ഭാവങ്ങളിൽ ആവിഷ്കൃതമാകുന്നത് ഉറൂബിന്റെ സാഹിത്യ ലോകത്തിലാണ്. സ്ത്രീനാമങ്ങൾ ശീർഷകങ്ങളായ ഉറൂബിന്റെ നോവലുകളും കഥകളും അസാധാരണ വ്യക്തിത്വ

ങ്ങളുടെ വിസ്മയിപ്പിയ്ക്കുന്ന മാനസിക ഭാവങ്ങളാണ് പറഞ്ഞത്.. ഉമ്മാച്ചു , അമ്മിണി, ആമിന, രാച്ചിയമ്മ (ചെറുകഥ) തുടങ്ങിയ കൃതികൾ മലയാളത്തിലെ സവിശേഷസാഹിത്യശില്പങ്ങളാണ്.

ശീർഷകങ്ങളായിത്തന്നെ സ്വന്തമായി നിലനിൽക്കാൻ കെൽപുള്ള സ്ത്രീകഥാപാത്രങ്ങളാണ് സുന്ദരികളും സുന്ദരന്മാരും എന്ന കൃതിയിൽ ഉറൂബ് അവതരിപ്പിക്കുന്ന രാധയും, ശാന്തയും, ലക്ഷ്മിയമ്മയും, ഖദീജയും, മാധവിയമ്മയും. സ്ത്രീവാദമോ സ്ത്രീപക്ഷവാദമോ സ്ത്രീവിരുദ്ധതയോ, ഒന്നുമല്ല ഉറൂബിന്റെ സ്ത്രീകളെ ശ്രദ്ധേയരാക്കുന്നത്. മനുഷ്യത്വ വാദത്തിന്റെ മാസ്മരികതയാണ്...

വായിച്ചു തീർക്കാൻ ഇനിയും ഏറെയുള്ള കഥാപാതമാണ് ഉറൂബിന്റെ രാധ. കുഞ്ഞിരാമനും രാധയും തമ്മിൽ എപ്പോഴും കാണുകയും സംസാരിക്കുകയും ചെയ്തുകൊണ്ടിരിക്കണം എന്ന് വായനക്കാർ ആഗ്രഹിച്ചു പോകും. എന്നാൽ അവർ തമ്മിൽ കാല്പനിക പ്രണയത്തിന്റെ വാക്കുകൾ ഒരിയ്ക്കൽ പോലും കൈമാറുന്നില്ല..

'രാധ വലുതായല്ലോ..' എന്ന് കൗമാരത്തിലേയ്ക്ക് കടക്കുന്ന രാധയോട് കുഞ്ഞിരാ മൻ ചോദിക്കുമ്പോൾ പതിവ് നായികമാരെപ്പോലെ രാധ ലജ്ജാവിവശയാകുന്നില്ല. 'എന്താ എനിക്ക് വലുതാകാൻ പാടില്ലേ?' എന്ന് കോപലേശമില്ലാതെ തിരിച്ച് ചോദിക്കുകയാണവൾ... സൗന്ദര്യ വർണ്ണനക ളുടെ അകമ്പടിയില്ലാതെ നോവലിൽ ജീവിയ്ക്കുന്ന രാധയെ ഓരോ പേജിലും കാണാൻ വായനക്കാർ കൊതിച്ചു പോകും.. ദുരിതങ്ങൾ തുടർച്ചയായി തോളിലേറ്റുന്ന രാധ ഒരിക്കലും അബലയായി കാണപ്പെടുന്നില്ല. സമൂഹത്തിന്റെ എല്ലാ സ്ഥാനങ്ങൾക്കും അപ്പുറത്തുള്ള ശക്തിയെ രാധ ഓർമ്മിപ്പിക്കും ഉറൂബിന്റെ സ്ത്രീകളെല്ലാം അതി ശക്തരാണ്..

'ഞാനും ഒരു മനുഷ്യനല്ലേ ?' എന്നാണ് രാധ ചോദിക്കുന്നത്.. 'ഞാനും ഒരു സ്ത്രീയല്ലേ..?' എന്നല്ല. പ്രത്യേക ചതുരങ്ങളിലേയ്ക്ക് സ്ത്രീകളെ മാറ്റി നിർത്തുന്ന സ്ത്രീവാദമല്ല, ഉറൂബിന്റേത്.. വിവേചനങ്ങളില്ലാത്ത മാനവികതയുടെ വസ്തുതകളാണ് ഉറൂബ് സ്ഥാപിക്കുന്നത്..

ജീവന്റെ ജീവനായ കുഞ്ഞിരാമനേയും, കുഞ്ഞിരാമന്റെ മാർഗ്ഗത്തിൽ നിന്ന് വഴി മാറിയ വിശ്വത്തിനേയും, വിശ്വത്തിനെ വെറുക്കുന്ന തന്റെ അനുജൻ ഗോപാലകൃഷ്ണനെയും ഒരേ കരുണയോടെ മനസ്സിലാക്കുന്നു, രാധ.. തന്റെ ശരീരം കൊതിച്ച കാർത്തികേയന്റെ നീക്കങ്ങളിൽ തേങ്ങിക്കരയുന്നുണ്ടെങ്കിലും, പ്രതാപിയായ കാർത്തികേയനെക്കുറിച്ച് രാധ മനസ്സിലോർക്കുന്നത് 'വിഡ്ഢി ..!' എന്ന് മാത്രമാണ്..

ഭൂമിയുടെ അറ്റം തേടി നടന്ന വിശ്വം അവസാനം രാധയോടൊത്ത് ജീവിതം തുടങ്ങുമ്പോൾ പറയുന്നത്, താൻ തന്നെത്തന്നെ കണ്ടുപിടിച്ചു എന്നാണ്. സ്വപ്നാടകനായി ജീവിക്കുന്നുണ്ടെങ്കിലും ആർക്കും പിടികൊടുക്കാത്ത കഥാപാത്രമാണ് വിശ്വം.. അയാളെയും സ്നേഹ കാരുണ്യങ്ങളാൽ തോല്പിച്ചെടുക്കുന്നു, രാധ എന്ന സ്ത്രീ.

ജീവിതത്തിലെ പ്രതിസന്ധികളെ എങ്ങനെ നേരിടണമെന്ന് രാധയുടെ ജീവിതം പറഞ്ഞു തരും. ആന്തരികമായ കരുത്ത് ഉപയോഗിച്ച്, സഹജാവബോധം ഉപയോഗിച്ച്, അനന്തമായ സ്നേഹഭാവം കൊണ്ട്.... സഹനത്തിന്റെ എല്ലാ ഘട്ടങ്ങളിലും അതിജീവിക്കാൻ തുടിക്കുന്ന രാധ ഒരു വിസ്മയമാണ്..

'നമ്മളൊക്കെ മനുഷ്യരല്ലേ? മണ്ണുകൊണ്ട് ഉണ്ടാക്കിയതല്ലല്ലോ..?' എന്ന് ഉറൂബിന്റെ 'രാച്ചിയമ്മ ' എന്ന മറ്റൊരു കഥയിൽ രാച്ചിയമ്മ ചോദിക്കുന്നത് കേട്ട് ഇന്നും വായനക്കാർ അമ്പരന്നു നിൽക്കുന്നു..

ഒരിടത്തും പേരു സൂചിപ്പിക്കാതെ, എല്ലായിടത്തും 'ഖദീജയുടെ മകൾ' എന്ന്

മാത്രം നോവലിസ്റ്റ് സൂചിപ്പിക്കുന്ന ഒരു തിളക്കമുള്ള കഥാപാത്രമുണ്ട് സുന്ദരി മാർക്കൊപ്പം. സൂര്യരശ്മി പോലൊരു പെൺകുട്ടി എന്നാണ് ഖദീജയുടെ മകളെക്കുറിച്ച് രാധ പറയുന്നത്... നന്മയിൽ ജനിച്ച് നന്മയിൽ വളർന്ന്, നന്മയിലേയ്ക്ക് കണ്ണയച്ച് നിൽക്കുന്ന ഈ സൂര്യരശ്മിക്കുട്ടിയെ വ്യാഖ്യാതാക്കളൊന്നും വലുതായി ശ്രദ്ധിച്ചിട്ടില്ല..

രാമൻ നായരുടെ ജീവിതവും മരണവും ദുരിതത്തിൽ മുക്കിയ വേലുമ്മാൻ എന്ന കഥാപാത്രം പോലും ഒരു ഘട്ടം കഴിയുമ്പോൾ അനുകമ്പയും സ്നേഹവും പിടിച്ചു പറ്റുന്ന ഒരാളായി പരിണമിക്കുകയാണ് ഇങ്ങനെയാണ്. മനുഷ്യർ സുന്ദരികളും സുന്ദരന്മാരും ആയി മാറുന്നത്....

അൻപതുകൾക്ക് ശേഷമുള്ള ഗദ്യസാഹിത്യകാരന്മാരിൽ പലരും ഉറൂബിനെ നോക്കിയാണ് എഴുതിയത്..എല്ലാ കാലത്തേയും എഴുത്തുകാരുടെ പ്രചോദനമാണ് ഉറൂബ്.

സാഹിത്യം ചരിത്രം തന്നെയാണല്ലോ.. ചരിത്രമായി നാമറിയുന്ന സംഭവങ്ങളും ചലനങ്ങളും മനുഷ്യന്റെ വ്യക്തിജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും പ്രത്യക്ഷമായും പരോക്ഷമായും ഇടപെട്ടതിന്റെ സൂക്ഷ്മവും ഭാവനാത്മകവുമായ അവലോകനങ്ങളാണ് ഓരോ സാഹിത്യ കൃതിയും. പ്രത്യേക ചരിത്ര പശ്ചാത്തലത്തിലെഴുതിയ സാഹിത്യകൃതികൾ വിശ്വസാഹിത്യത്തിൽ നിരവധിയുണ്ടല്ലോ. ഡിക്കൻസും ടോൾസ്റ്റോയ്യും വിക്ടർ ഹ്യൂഗോയും ഉൾപ്പെട്ട പ്രതിഭാശാലികൾ പലരുടേയും ചരിത്ര പശ്ചാത്തലമുള്ള നോവലുകൾ പ്രശസ്തങ്ങളാണ്.

ഉറൂബിന്റെ നോവലിൽ ചരിത്രം വെ റും പശ്ചാത്തലമല്ല. നോവലിനെ ചലിപ്പിക്കുന്ന ജൈവ യാഥാർത്ഥ്യമാണ്. ഒന്നാം ലോകമഹായുദ്ധവും, മലബാർ ലഹളയും, രണ്ടാം ലോകമഹായുദ്ധവും, ജന്മിത്വത്തിന്റെ പിന്മാറ്റവും, വ്യവസായ രീതികളുടെ വര വും, ക്വിറ്റിന്ത്യാ സമരവും, സോഷ്യലിസ്റ്റ് ദർശനങ്ങളുടെ സ്വാധീനവും എല്ലാം ഇതിലെ കഥാപാത്രങ്ങളുടെ ജീവിതത്തെയും പെരുമാറ്റങ്ങളേയും നിർണ്ണയിക്കുന്നുണ്ട്..

ഇങ്ങനെ, മനുഷ്യ ജീവിതവും ലോക ചരിത്രവും തത്ത്വചിന്തയും അഭിലാഷങ്ങളും ഇടകലർന്ന വിശാലമായ ഒരു കാഴ്ച പകർന്ന് കൊണ്ട് ഇപ്പോഴും തുടരുന്നതിനാലാണ് ഉറൂബിന്റെ 'സുന്ദരികളും സുന്ദരന്മാരും' എന്ന കൃതി മലയാളത്തിലെ എക്കാലത്തേയും ഏറ്റവും മികച്ച നോവലുകളിലൊന്നായി ഇന്നും വായിക്കപ്പെടുന്നത്....

****

മിനിക്കഥ

# അയാളുടെ ഒരു ദിവസം

ഉണ്ണി വാരിയത്ത്
9867179480

രാവിലെ ഉണർന്നെഴുന്നേറ്റാൽ അയാൾ കണികാണുന്നത് മൊബൈലാണ്. പിന്നെ, വാട്സാപ്പിൽ സുപ്രഭാതാശംസയോ ശുഭദിനാശംസയോ സന്ദേശമായി പലർക്കും അയയ്ക്കും.

തുടർന്ന്, പലവിധ വീഡിയോകളും, ഓഡിയോകളും, സത്യമോ അസത്യമോ എന്ന് ബോധ്യമില്ലാത്ത അനർത്ഥവിഷയങ്ങളും, ഇടയ്ക്കിടെ അയച്ചുകൊണ്ടിരിക്കും. ദിനാന്ത്യത്തിൽ, 'സമാധാനപരമായ ഉറക്കം' നേരുകയും ചെയ്യും.

അപ്പോഴേക്കും, നേരത്തെ ഉണ്ടായിരുന്ന മന:സമാധാനം നഷ്ടപ്പെട്ടിരിക്കും പലരുടെയും!

അയാളാകട്ടെ, സുഖമായി ഉറങ്ങുകയും ചെയ്യുന്നുണ്ടാവും!

## എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം

2023 ജൂലൈ മാസം 7-ാം തീയതി രാവിലെ 10 മണി മുതൽ ഇ സി.എഫിന്റെ രജതജൂബിലി ആഘോഷപരിപാടികൾ ടി.ഡി.എം. കാവേരിഹാളിൽ വെച്ച് നടത്തപ്പെടുന്നു.

## എറണാകുളം കരയോഗം
### ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ
### ജൂൺ - ജൂലൈ

| | | | | |
|---|---|---|---|---|
| 1. | 11-06-2023 | ഞായർ | സാഹിതി യോഗം | 4.00 pm - 6.00 pm |
| 2. | 12-06-2023<br>10-07-2023 | തിങ്കൾ | വുമൺസ് ഫോറം | 3.00 pm |
| 3. | 18-06-2023 | ഞായർ | സാംസ്കാരിക വേദി - സംഗീത സായാഹ്നം | 4.00 pm |
| 4. | 27-06-2023 | ചൊവ്വ | ബീം - വള്ളുവനാട് ബ്രഹ്മ അവതരിപ്പിക്കുന്ന നാടകം **രണ്ടു നക്ഷത്രങ്ങൾ** | 6.30 pm |
| 5. | 30-06-2023 | വെള്ളി | ഹെറിറ്റേജ് ഗ്രൂപ്പ് - കൊച്ചി രാജകുടുംബവും എറണാകുളവുമായിട്ടുള്ള ബന്ധം | 5.00 pm |
| 6. | 14-06-2023<br>21-06-2023<br>28-06-2023<br>05-07-2023 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് - വത്സല.പി.പി | 3.00 p.m. - 4.30 p.m. |
| 7. | 15-06-2023<br>22-06-2023<br>29-06-2023<br>06-07-2023 | വ്യാഴം | എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 8. | 10-06-2023<br>17-06-2023<br>24-06-2023<br>01-07-2023 | ശനി | വേദാന്ത പഠന ക്ലാസ്സ് - ശ്രീമദ് ഭഗവത്ഗീത - ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2023 മെയ് മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ജയരാമൻ. പി. 4 A, Katticaran Towers, Providence Road, Kochi - 682016 | 15,000/- |
| 2. | കെ.ജി. നാഥ്, ദ്വാരക, മേക്കാട് പി. ഒ., ശാന്തിഗ്രാം റോഡ്, അങ്കമാലി | 5000/- |

# ദൃക്ക് ദൃശ്യ വിവേകം

സി. നാരായണൻ - 9819456012

'തത്ത്വമസി' മഹാവാക്യം ജീവന്റെ സത്യം ബ്രഹ്മം തന്നെയാണെന്ന യാഥാർത്ഥ്യം വെളിപ്പെടുത്തുന്നു. അതിനു ത്വം പദാർത്ഥ മായ ജീവന്റെ ജഡാംശത്തെ നിരാകരിച്ച്, ജീവൻ 'തത്' ശബ്ദാർത്ഥമായ ബ്രഹ്മചൈത ന്യം തന്നെയാണെന്നറിയണം അതു തന്നെ യാണ് മോക്ഷം.

വേദാന്തശാസ്ത്രത്തിൽ, ജീവാത്മാവായ ഞാനെന്ന സത്തയുടെ യാഥാർത്ഥ്യമറിയാൻ പ്രധാനമായി രണ്ടു മാർഗ്ഗങ്ങളെയാണ് നിർദ്ദേ ശിക്കുന്നത്. ഒന്നു അഷ്ടാംഗയോഗത്തിലൂടെ മനസ്സിനെ ഏകാഗ്രമാക്കി ആത്മതത്ത്വം അ ന്വേഷിക്കുക. രണ്ടാമത്തേത്, ചിത ്ജഡങ്ങളെ മനസ്സിൽ വിവേചിച്ച് സത്യമായ ചിത്തിനെ സ്വീകരിച്ച് അനൃതമായ ജഡത്തെ തള്ളിക്കള യുക. ചിലർക്ക് ആദ്യം പറഞ്ഞ യോഗമാർഗ്ഗം സ്വീകാര്യമാകുമ്പോൾ മറ്റു ചിലർക്ക് രണ്ടാ മതു പറഞ്ഞ ദൃക്ക് ദൃശ്യവിവേകമാണ് താ രതമ്യേന എളുപ്പമായിത്തോന്നുക. ഭഗവാനും ഇതു പറയുന്നുണ്ട്

'ധ്യാനേനാത്മനി പശ്യന്തി
കേചിദാതാത്മാനനാത്മനഃ
അന്യേ സാംഖ്യേന യോഗേന'എന്നിങ്ങനെ.

ചിലർക്ക് യോഗാഭ്യാസത്തിനാവശ്യമായ സുഖകരമായ ഒരാസനം പോലും തിര ഞ്ഞെടുക്കാനായില്ലെന്നു വരാം. മറ്റു ചില ർക്ക് തീഷ്ണബുദ്ധിയോടെ ജഡത്തിൽ നിന്ന് ചേതനതത്ത്വത്തെ വേർതിരിക്കലും ക്ലിഷ്ടമാണെന്നിരിക്കും. അപ്പോൾ, ഓരോരു ത്തരും അവനവനു അനുയോജ്യമായ രീതി തിരഞ്ഞെടുക്കുക തന്നെ വേണം.

നാം നിരൂപണം ചെയ്യുന്ന ഗ്രന്ഥം രണ്ടാ മതു പറഞ്ഞ ചിത്ജഡ വിവേകം എങ്ങനെ ചെയ്യാമെന്നതിനു മാർഗ്ഗനിർദ്ദേശം തരികയാ ണല്ലോ ചെയ്യുന്നത്. അതായത് എന്നിലെ ജഡതത്ത്വങ്ങളെ നിരാകരിച്ച് ചേതനസ്വരൂപ മായ ശരിയായ ഞാനിനെ തിരിച്ചറിയാൻ സഹായിക്കുന്നു.

എന്തുകൊണ്ടാണ് ഈ രണ്ടു തത്ത്വങ്ങ ളെ വിവേചിക്കാൻ നമുക്ക് വിവേകത്തെ ആശ്രയിക്കേണ്ടതെന്നാൽ, ജഡങ്ങളായവയും ചിലപ്പോൾ ചേതനങ്ങളാണെന്ന തെറ്റിദ്ധാര ണയുണ്ടാക്കാറുണ്ട്. ജഡവസ്തുക്കൾ തങ്ങ ളുടേതല്ലാത്ത ചേതനാധർമ്മങ്ങൾ ചില പ്പോൾ കടമെടുക്കുന്നതു കൊണ്ടാണ് അ ങ്ങനെ സംഭവിക്കുന്നത്. വെള്ളത്തിനു സാധാ രണഗതിയിൽ പ്രകാശമില്ല. എന്നാൽ സൂര്യ പ്രകാശം നിറഞ്ഞ ഒരു സ്ഥലത്തു വെച്ച വെള്ളത്തിൽ സൂര്യബിംബം പ്രതിഫലിച്ച്, ആ ജലം സ്വയം ദീപ്തമാണെന്ന തെറ്റിദ്ധാരണ യുണ്ടാവാം. ആകാശത്തിലെ ചന്ദ്രൻ പ്രകാശി ക്കുന്നത് സ്വയം പ്രകാശിക്കാൻ കഴിവുണ്ടായി ട്ടല്ല. സൂര്യന്റെ പ്രകാശം തട്ടി അങ്ങനെയൊരു ഭ്രമമുണ്ടാവുന്നുവെന്നു മാത്രം.

ഇങ്ങനെ ഒരു വസ്തുവിന് അതിനില്ലാത്ത ധർമ്മമുണ്ടെന്നു വിശ്വസിക്കാൻ തുടങ്ങിയാൽ, അത് പല അപകടങ്ങൾക്കും വഴിവെയ്ക്കും. ഉദാഹരണത്തിനു ഒരു ബാങ്കിലെ കാഷ്യർ പണം ഉപഭോക്താക്കൾക്ക് കൊടുക്കുന്നത് കാണാറുണ്ടല്ലോ. അയാളുടെ പക്കൽ നി ന്ന് പണം കൈപ്പറ്റാൻ നാട്ടിലെ ധനികരായ കച്ചവടക്കാർ പോലും വരിയായി നിൽക്കാറു ണ്ട്. അതു കണ്ട്, ഈ ബാങ്കുദ്യോഗസ്ഥൻ അതീവ ധനവാനാണെന്നു കരുതി, ഒരാൾ തന്റെ മകളെ അയാൾക്ക് വിവാഹം ചെയ്തു കൊടുത്ത്, ഇനിമേൽ തന്റെ പുത്രി മണിമേട യിലാണ് വസിക്കാൻ പോകുന്നതെന്നു സ്വ പ്നം കണ്ടാലത് വലിയൊരബദ്ധമാവില്ലേ. കാഷ്യറുടെ പക്കലുള്ള കറൻസി അയാളിൽ തത്ക്കാലം നിക്ഷിപ്തമാണെന്നു മാത്രം. അത് അയാളുടേതൊന്നുമല്ല.

ഇങ്ങനെ ജഡത്തിൽ ചിലപ്പോളൊക്കെ ചിത് ധർമ്മങ്ങൾ പ്രകടമാകാറുണ്ട്.

നാം നിരൂപിക്കുന്ന ശ്ലോകത്തിൽ, 'കാണു

ന്ന തത്ത്വം', 'കാണപ്പെടുന്ന തത്ത്വം' എന്ന നിലയിലാണ് അവ രണ്ടിനേയും വിവേചിക്കുന്നത്. ആദ്യത്തെതിനെ ദൃക്ക് എന്നും രണ്ടാമത്തേതിനെ ദൃശ്യമെന്നും വിളിക്കുന്നു. ആ തത്ത്വം മനസ്സിലാക്കാൻ ആദ്യത്തേതിനെ വിഷയിയെന്നും രണ്ടാമത്തേതിനെ വിഷയമെന്നും വിളിക്കാം.

വിഷയീകരിക്കപ്പെടാവുന്നതൊന്നും വിഷയങ്ങളെ അറിയുന്ന ഞാനാവാൻ വഴിയില്ല എന്ന യുക്തിയെ ആശ്രയിച്ചാണ് ഇങ്ങനെ വിവേചനം ചെയ്യുന്നത്. നാം ശ്ലോകത്തിന്റെ ആദ്യത്തെ വരിയിൽ, രൂപങ്ങൾ വിഷയീകരിക്കപ്പെടാവുന്നവയാണെന്നും കണ്ണുകളാണ് ആ വിഷയങ്ങളെ അറിയുന്ന തത്ത്വമെന്നും കണ്ടു.

പക്ഷേ കണ്ണുകളോ മറ്റു പഞ്ചേന്ദ്രിയങ്ങളോ ഞാനാവാൻ വഴിയില്ല. ആ ജ്ഞാനേന്ദ്രിയങ്ങൾ, രൂപശബ്ദാദി വിഷയങ്ങളെ അറിയുന്നുണ്ടെന്നു ശരി തന്നെ. പക്ഷേ , അവ സ്വയം വിഷയങ്ങളാകുന്നുണ്ട്. അവ മനസ്സ് എന്ന ദൃക്കിന്റെ ദൃശ്യങ്ങളാണ്. മനസ്സിന്റെ പിന്തുണയില്ലാതെ ഇന്ദ്രിയഗ്രഹണം സാദ്ധ്യമല്ല. മനസ്സ് അന്യവിഷയങ്ങളിൽ വ്യാപരിക്കുമ്പോൾ നാം തൊട്ടു മുന്നിലുള്ള വസ്തുവിനെപ്പോലും കണ്ടില്ലെന്നിരിക്കും. ചെവി, മൂക്ക് മുതലായ മറ്റിന്ദ്രിയങ്ങളുടെ സ്ഥിതിയും അതുത്തന്നെ.

എന്നാൽ മനസ്സിനെ പരമജ്ഞാതൃതത്ത്വമായ ഞാനായി കണക്കാക്കാമോ ? അതും സാദ്ധ്യമല്ല. കാരണം, മനസ്സും വിഷയീകരിക്കപ്പെടുന്നുണ്ട്. നമ്മുടെ മനസ്സ് ചിലപ്പോൾ അശാന്തമായും മറ്റു ചിലപ്പോൾ സ്വസ്ഥമായുമിരിക്കുന്നത് നമുക്കനുഭവപ്പെടാറുണ്ടല്ലോ.നാമറിയുന്ന മനസ്സ് വിഷയവൃത്തികളും ദുഃഖം സന്തോഷം മുതലായ മറ്റു വൃത്തികളും നിറഞ്ഞതാണ്. വൃത്തികൾ ജഡമാണെന്നു പറയേണ്ടതില്ലല്ലോ. കാരണം, അവ അറിയപ്പെടുന്ന തത്ത്വമാണ്. നാം അന്വേഷിക്കുന്നതാവട്ടെ, ജഡമായവയെ അറിയുന്ന ചേതനതത്ത്വമെന്താണെന്നാണ്. ദൃശ്യമായ മനസ്സിനേയും അറിയുന്ന, എപ്പോളും ദൃക്കായിത്തന്നെ സ്ഥിതി ചെയ്യുന്ന ഒരു തത്ത്വമുണ്ട്.

ശ്ലോകത്തിന്റെ അവസാനവരിയിൽ പറയുന്നു, 'സാക്ഷീ ദൃഗേവ ന തു ദൃശ്യതേ.'

അതായത്'അറിയുന്ന' തത്ത്വമായ സാക്ഷി, ഒരിക്കലും ഒന്നിനും വിഷയമാകുന്നില്ല. ലോകത്തിൽ 'അറിയുന്ന' ഒരൊറ്റ തത്ത്വമേയുള്ളൂ. അതാണാത്മാവ്. മറ്റെല്ലാം ജഡങ്ങളായി അറിയപ്പെടുന്നവ.

നമുക്കു പൊതുവായി എല്ലാത്തിനേയും വിഷയീകരിക്കാൻ മാനസികമായി ഒരു അഭിവിന്യാസ (orientation) മുണ്ട്. അറിയാൻ ശ്രമിക്കുന്ന എന്തും നാം വിഷയമായേ കാണാൻ ശ്രമിക്കൂ. സ്ക്കൂളിൽ വെച്ച് ജ്യോഗ്രഫി ക്ലാസിൽ ഗംഗയെപ്പറ്റി പറയുമ്പോൾ നാം ഒരു ഭൂപ്രദേശവും അതിലൊരു നദിയും മനസ്സിൽ വിഷയീകരിക്കുന്നു. അറിയാൻ ആഗ്രഹിക്കുന്ന വിഷയം ആറ്റമായാലും ആശാൻകവിതയായാലും നമുക്കവ വിഷയങ്ങളാണ്. അങ്ങനെ ആത്മാവിനെ അറിയാൻ ശ്രമിക്കുമ്പോളും നാമതിനെ അറിയപ്പെടാവുന്ന ഒരു വിഷയമായെടുക്കുന്നു.

ആത്മാ ഒരിക്കലും വിഷയമാവില്ലെന്നർത്ഥത്തിൽ ശ്രുതികളിൽ നിരവധി സൂക്തങ്ങളുണ്ട്

'സ വേത്തി വേദ്യം,
ന തസ്യാസ്തി വേത്താ

(അത് വേദ്യമായതിനെ അറിയുന്നു. അതിനെ അറിയുന്ന മറ്റൊരു ദ്രഷ്ടാവില്ല)

'യേനേദം സർവ്വം വിജാനീതം,
കേന വിജാനീയാത് '

(ഏതൊന്നിനാൽ സർവ്വവും അറിയപ്പെടുന്നുവോ, അത് മറ്റൊന്നിനാൽ എങ്ങനെ അറിയപ്പെടും?)

'യം ന പശ്യതി കിഞ്ചന
(ഇത് ഒരറിവിന്റേയും വിഷയമാകുന്നില്ല)

വിഷയത്തിൽ ആമഗ്നമായ മനസ്സിനെ ഈ തത്ത്വം പഠിപ്പിക്കാൻ ശ്രുതി ഒരേ വാക്കിനു തന്നെ രണ്ട് വ്യത്യസ്ത വ്യംഗ്യാർത്ഥം നൽകി വിശദീകരിക്കുന്നതും കാണാം. ഉദാഹരണത്തിന് കേനോപനിഷത്തിലെ ഈ മന്ത്രം നോക്കുക.

'യസ്യാമതം, തസ്യ മതം
മതം യസ്യ ന വേദ സഃ
അവിജ്ഞാതം വിജ്ഞാനതാം
വിജ്ഞാതമവിജ്ഞാവതാം
ആദ്യപാദത്തിൽ

'യസ്യ അമതം', ആർക്കിത് അമതമോ, അതായത് ആരിതിനെ ഒരു വിഷയമായെടുക്കുന്നില്ലയോ, 'തസ്യ മതം' എന്നു പറയുന്നു. അതായത്, അവനാൽ അറിയപ്പെടുന്നു

വെന്ന്.

പിന്നെ പറയുന്നു,

മതം യസ്യ, അതായത് ആർക്കിത് വിഷയമാണോ,

ന വേദ സഃ, അവനിതിനെ അറിയുന്നില്ല.

രണ്ടാം പാദത്തിൽ,

'അവിജ്ഞാതം
വിജ്ഞാതതാം'

വിജ്ഞാതരാൽ അവിജ്ഞാതമായിരിക്കുന്നുവെന്നു പറഞ്ഞാൽ ആര് ആത്മാവിനെ വിഷയീകരിക്കുന്നുവോ, അവൻ ആത്മാവിനെ അറിയുന്നില്ലെന്നർത്ഥം.

അതുതന്നെ പിന്നീട്

'വിജ്ഞാതം അവിജ്ഞാതതാം' എന്ന് വിശദീകരിക്കുന്നു

ആര് ആത്മാവിനെ വിഷയമായെടുക്കുന്നില്ലയോ, അവൻ ആത്മാവിനെയറിയുന്നെന്നു പറയുന്നു

അവസാനവരിയിലെ. 'ദൃഗേവ'

എന്നതിലെ ഏവം ശബ്ദം കൊണ്ടും, തു

ശബ്ദം കൊണ്ടും, സാക്ഷി ദൃഗ് എന്ന തത്ത്വത്തിൽ നിന്നൊരിക്കലും വ്യതിചലിക്കുന്നില്ലെന്നുറപ്പു പറയുന്നു.

യുക്തിയാലും സാക്ഷിയെ, അറിയാൻ മറ്റൊരു ദൃക്കുണ്ടാവാൻ സാധിക്കില്ല. കാരണം, സാക്ഷിയെ അറിയാൻ വേറൊരു ദൃക്കുണ്ടെങ്കിൽ ആ ദൃക്കിനേയും മറ്റൊരു ദൃക്ക് കൊണ്ടറിയാനാവും. അതിനേയും അറിയാൻ പിന്നെയുമൊന്നിങ്ങനെ അവസാനിക്കാത്ത ഒരു ശൃംഗലയിലാണത് ചെന്നു കലാശിക്കുക. അതിനു യുക്തിയിൽ 'അനവസ്ഥ ദോഷം' എന്നു പറയും

അങ്ങനെ നാം 'ഞാനെ'ന്നാൽ മനോശരീരാദി വിഷയങ്ങൾക്കെല്ലാം സാക്ഷിമാത്രമായ, സർവ്വദാ ദൃക്കായിരിക്കുന്ന ചൈതന്യമാണെന്ന നിഗമനത്തിലെത്തുന്നു. സാക്ഷി ശബ്ദത്തിന്റെ അർത്ഥവും എന്തെന്നു പരിശോധിക്കാം.

'സ്വാദ്ധ്യസ്ഥം സർവ്വം സാക്ഷാദനന്യാനപേക്ഷയാ ഈക്ഷതേ പ്രകാശയതി ഇതി സാക്ഷി'

തന്നിൽ അദ്ധ്യസ്ഥമായ എല്ലാത്തിനേയും നേരിട്ടും അവയിൽ നിന്ന് വിട്ടു നിന്നും പ്രകാശിപ്പിക്കയും വെളിപ്പെടുത്തുന്നതുമായ തത്ത്വത്തെയാണ് സാക്ഷി എന്നു വിളിക്കുന്നത്.

(തുടരും)

*****

# അഭിനന്ദനങ്ങൾ



2023-ലെ CBSE പരീക്ഷയിൽ +2 വിഭാഗത്തിൽ എല്ലാ വിഷയങ്ങൾക്കും A1 ഗ്രേഡോടെ മികച്ച വിജയം കരമാക്കിയ കൃഷ്ണമാധവിന് (S/o അഡ്വ. അരുൺ വാലെൻചേരി, L/4429, ശ്രീലക്ഷ്മി, MIG 428, 27/458, പനമ്പിള്ളിനഗർ കൊച്ചി - 682036) എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ. മേലിലും ഇതുപോലെ നല്ല വിജയങ്ങൾ കൈവരിക്കുവാൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടേയെന്ന് ആശംസിക്കുകയും ചെയ്യുന്നു.


**THOTTEKKATT DIWAN'S MEMMORIAL HALL**

**ERNAKULAM! !! KARAYOGAM**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

*For Details Contact: 0484 2361160*

Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com

# തമസോ മാ ജ്യോതിർഗമയ

പത്മജ മേനോൻ - 8289887472

*(തുടർച്ച)*

**അ**ന്ന് ആ ദിവസം ഞങ്ങൾ ഗോവിന്ദമലക്ക് യാത്ര പുറപ്പെട്ടു. വളരെ ബുദ്ധിമുട്ടിയാണ് മലകയറിയത്. ക്ഷേത്രത്തിൽ മറ്റാരും ഉണ്ടായിരുന്നില്ല, തൊഴുതതിനുശേഷം താൻ മലയുടെ സൗന്ദര്യം ആസ്വദിച്ചു നില്ക്കുമ്പോഴാണ് രാധേച്ചി ഭയന്ന മുഖത്തോടെ ഓടി മല ഇറങ്ങാൻ തുടങ്ങിയത്. തന്നെ കാണാതെ ധൃതിയിൽ മല ഇറങ്ങുന്ന രാധേച്ചി.... ഞാൻ ഇവിടെയുണ്ട് എന്ന് വിളിച്ച് പറഞ്ഞെങ്കിലും വെപ്രാളപ്പെട്ട് ഇറങ്ങുന്ന രാധേച്ചി പെട്ടെന്നാണ് ഒരു കല്ലിൽ തട്ടി വീണ് ഉരുണ്ട് താഴേക്ക് പതിച്ചത്. താൻ കരഞ്ഞ് രാധേച്ചി എന്ന് അലറി വിളിച്ചുകൊണ്ട് താഴെത്തേക്ക് എത്തിയപ്പോഴേക്കും ചോരയിൽ കുളിച്ചു കിടക്കുകയാണ് രാധേച്ചി. എന്തു പറ്റിയെന്ന് ചോദിച്ചുകൊണ്ട് താൻ രാധേച്ചിയുടെ തല തന്റെ മടിയിൽ വെച്ച് കുലുക്കി വിളിച്ചുകൊണ്ടിരുന്നു. അപ്പോഴെക്കും മലയടിവാരത്തിൽ നിന്നും ആളുകൾ ഓടിക്കൂടി. ഒടുവിൽ ചുണ്ടുകൾ അനങ്ങുന്നതുകണ്ട് പറയൂ എന്തിനാണ് ഓടിയിറങ്ങിയത് പറയൂ...രാധേച്ചി എന്ന് താൻ ഉറക്കെ പറഞ്ഞുകൊണ്ടിരുന്നു. നേർത്ത സ്വരത്തിൽ രാധേച്ചി പറയുന്നുണ്ട് വിവേകാനന്ദ.......ബാക്കി പറയുന്നതിനുമുമ്പ് തന്നെ രാധേച്ചിയുടെ ചുണ്ടുകൾ നിശ്ചലമായി. ഓടിക്കൂടിയ ആളുകൾ തന്റെ നേരെ വിരൽ ചൂണ്ടുവാൻ തുടങ്ങി. ഇവനാണ് രാധേച്ചിയുടെ മരണത്തിനു കാരണം എന്ന് പറഞ്ഞ് ബഹളം വെയ്ക്കുവാൻ തുടങ്ങി. മലമുകളിൽ വെച്ച് രാധേച്ചിയെ ഉപദ്രവിക്കാൻ ശ്രമിച്ചപ്പോൾ അവർ ഓടിയിറങ്ങിയതാവാം അങ്ങനെയാണ് അപകടം ഉണ്ടായത് എന്ന കഥയുണ്ടാക്കി. ഇല്ല...ഞാനൊന്നും ചെയ്തിട്ടില്ല എനിക്ക് ഒന്നും അറിയില്ലയെന്ന് ഉറക്കെ ഹൃദയംപൊട്ടി കരഞ്ഞുകൊണ്ട് പറഞ്ഞതൊന്നും ആരും ചെവികൊണ്ടില്ല. വിവരങ്ങൾ കാട്ടുതീ പോലെ നാടുമുഴുവനും പടർന്നു. താൻ ഭയന്നു വിറച്ചുകൊണ്ട് വീട്ടിലേക്ക് ഓടിപോയി. അമ്മ നെഞ്ചുപ്പൊട്ടിക്കരയുന്നുണ്ട് അമ്മേ...അമ്മയുടെ മകൻ ഒരു തെറ്റും ചെയ്തിട്ടില്ലായെന്ന് പറഞ്ഞ് അമ്മയെ കെട്ടിപ്പിടിച്ചു. അമ്മ പറഞ്ഞു എനിക്കറിയാം എന്റെ കുട്ടി തെറ്റു ചെയ്യില്ലായെന്ന് പക്ഷേ നീ ഓടി പോയ്ക്കോ അമ്മക്ക് കാണണ്ട, എവിടെയെങ്കിലും പോയി ജീവിക്ക് എന്നു പറഞ്ഞ് ഏങ്ങലടിച്ച് കരയുന്ന അമ്മ പറയുന്നുണ്ടായിരുന്നു. നാട്ടുകാരും പോലീസും നിന്നെ വകവരുത്തും മുമ്പ് പോ.... പോ.... എന്ന്. അച്ഛന്റെ മൗനമാണ് തന്നെ ആകെ തകർത്തുകളഞ്ഞത്. അച്ഛന്റെ ശ്വാസ നിശ്വാസങ്ങളിൽ നിറഞ്ഞു നിന്നിരുന്ന എന്നെ അച്ഛൻ ചേർത്തു പിടിക്കും. എന്നു കരുതിയ ഞാൻ, പക്ഷേ....അച്ഛന്റെ വിങ്ങുന്ന മനസ്സിലെ പൊള്ളുന്ന മൗനത്തിൽ ഞാനൊരു തൻമാത്ര മാത്രമായി മാറി... ചിന്തകൾ കൊണ്ട് ത്രസിപ്പിക്കുന്ന ഭ്രാന്തൻ മൗനത്തിലേക്ക് അച്ഛൻ മാറിക്കൊണ്ടിരിക്കുകയായിരുന്നു.....നിന്നെ എനിക്ക് കാണണ്ട പോയ്ക്കൊള്ളണം ഈ നാട്ടിൽ നിന്ന്. ഈ നാട്ടിൽ തിരിച്ച് വന്നാൽ അന്ന് ഞാൻ തീ കൊളുത്തി മരണം വരിക്കുമെന്ന് കണ്ണു തുറക്കാതെ ഉറക്കെ വിളിച്ചു പറയുന്ന തന്റേതാണെന്ന് വിശ്വസിച്ച അവൾ പ്രസീദ മാനസികസംഘർഷങ്ങളെ മറികടക്കാൻ മാത്രം പക്വതയൊന്നും ഇരുപ

ഞ്ഞൊന്നുകാരനായ തനിക്ക് ഇല്ലായിരുന്നു. വിശ്വസിച്ച് സ്നേഹിച്ച തന്റെ പ്രിയപ്പെട്ടവരുടെ മുന്നിൽ പിടിച്ച് നില്ക്കാൻ കഴിയാതെ പടി ഇറങ്ങി, പ്രസീദ അവൾ എന്നെ വിശ്വസിച്ചിരുന്നെങ്കിൽ ഒരു പക്ഷെ കഥ മാറിയേനെ....പ്രണയം...ആത്മാവിലാണ് അത് പൂക്കേണ്ടത്, അസ്ഥികളിൽ തളിർക്കുകയും ചെയ്യണം എന്റെ വിശ്വാസത്തിന്റെ ഹൃദയത്തിലെറ്റ അവിശ്വാസത്തിന്റെ മുറിവുകളായിരുന്നു അവൾ....നഷ്ടനൊമ്പരവും പേറിയുള്ള പാഥേയത്തിൽ വർഷം പതിമൂന്ന് കഴിഞ്ഞിരിക്കുന്നു. ഉത്തരമില്ലാത്ത ഒരു ചോദ്യം ഇപ്പോഴും എന്നെ തുറിച്ച് നോക്കുകയാണ്. രാധേച്ചി എന്ത് കൊണ്ടാണ് ഭയപ്പെട്ടത്. അവിടെയാരെയും കണ്ടിരുന്നില്ലല്ലോ. അവർ എന്തിനാണ് തന്റെ പേരു പറഞ്ഞത്. രാധേച്ചി അവസാനമായി ശബ്ദിച്ചത് തന്റെ പേരാണ് എന്തായിരുന്നു അവർക്ക് പറയാനുണ്ടായിരുന്നത് അവരുടെ അവസാന വാക്കാണ് തന്റെ ജീവിതത്തെ നാശോന്മുഖമാക്കിയത്. വയ്യ....ഗുരു മനസ്സിലെ ഈ ഭാരമെല്ലാം ഇറക്കിവെയ്ക്കണം, ഗുരു അതിനായ് എന്നെ സഹായിക്കണം എന്നു പറഞ്ഞ് താൻ ഗുരുവിന്റെ മുമ്പിൽ മുഖം പൊത്തി കരഞ്ഞു.

ദ്രുതഗതിയിലായിരുന്നു തന്റെ പഠനം സന്യാസിവര്യന്മാരോടൊത്ത് വേദോപനിഷത്തുകളെല്ലാം താൻ മനസ്സിലാക്കി, പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രണത്തിൽ കൊണ്ടുവരുവാൻ സാധനകൾ ചെയ്തുകൊണ്ടിരുന്നു. ഒരു ദിവസം താൻ ഗുരുവിനോട് പറഞ്ഞു... ഗുരോ..എന്റെ ഏകാഗ്രതയെ ഭംഗപ്പെടുത്തിക്കൊണ്ട് ഒരു മുഖം മാത്രം മനസ്സിൽ തെളിഞ്ഞ് നില്ക്കുകയാണ് ഉത്തരം അറിയാത്ത ചോദ്യവുമായി ഗുരു പറഞ്ഞു. മനസ്സിലുള്ളത് തെളിച്ചു പറഞ്ഞുകൊള്ളുക. രാധേച്ചി അവർ എന്തിനാണ് എന്റെ പേര് ഉച്ചരിച്ചത് എന്തായിരുന്നു? അവർ ഉദ്ദേശിച്ചത്...? ഗുരു പറഞ്ഞു. ഈ പ്രപഞ്ചത്തിൽ ഉത്തരം കിട്ടാത്ത അനേകായിരം ചോദ്യങ്ങളുണ്ട്, ഉത്തരം കിട്ടുവാൻ സാദ്ധ്യതയുള്ളതിന്റെ പിന്നാലെ പോകും. സാദ്ധ്യതയില്ലായെന്ന് ഉറപ്പുള്ള കാര്യത്തിന്റെ പിന്നാലെ പോയാൽ സമയനഷ്ടം മാത്രമല്ല മനസ്സിനെ അചഞ്ചലമാക്കുവാനും കഴിയില്ല. അവർ ഭയന്ന് ഓടി എന്നല്ലേ പറഞ്ഞത് അതെ..ഗുരോ പക്ഷേ അവിടെ മറ്റാരും ഇല്ലായിരുന്നു. മനുഷ്യമനസ്സുകൾ നിഗൂഢതകളും സങ്കീർണ്ണതകളും നിറഞ്ഞതാണ് ഭ്രമവും വിഭ്രാന്തിയുമെല്ലാം. ഒരു നിമിഷ നേരത്തെക്ക് ഏതൊരു മനുഷ്യനും സംഭവിക്കാം. നിങ്ങൾ പറയുന്ന ഭവതിയുടെ അന്തരംഗത്തിൽ മലീമസമാക്കപ്പെട്ട അനുഭവങ്ങൾ ഉണ്ടോ എന്നറിയില്ല. അവരുടെ രാഗദ്വേഷങ്ങളും അറിയില്ല. ചേതോവികാരവും അറിയില്ല, അറിയില്ല അറിയില്ല എന്നതിന്റെ പിന്നാലെ പോകാതെ, ഹ്രസ്വമായ ജീവിതത്തിൽ മരിച്ചുപോയ ഇന്നലെകളെ പറ്റിയോ....പിറക്കാത്ത നാളകളെപറ്റിയോ ചിന്തിച്ച് വ്യാകുലതപ്പെടാതെ ജീവിക്കുന്ന ഇന്നിൽ കർമ്മ നിരതനാവുക. വൈകൃതമായ അനുഭവങ്ങളെ അനുധാവനം ചെയ്യാതിരിക്കുക. നല്ലതേ ഭവിക്കൂ ശുഭചിന്തകൾ...ശുഭ വീക്ഷണങ്ങൾ അങ്ങനെയാവട്ടെയെന്നു പറഞ്ഞ് ഗുരു ധ്യാനത്തിനായി പോയി..

ഒരു ദിവസം ഗുരു പറഞ്ഞു. സന്യാസിവര്യന് ദേശാടനത്തിനു പറപ്പെടുവാനുള്ള സമയം ആഗതമായിരിക്കുന്നു. താൽപ്പര്യമുള്ള ദിശ തിരഞ്ഞെടുത്തുകൊള്ളുക എന്ന്. ഒട്ടും ആലോചിക്കാതെ താൻ നാടിന്റെ പേര് പറ്ഞ്ഞു വളരെ നല്ലത് കടുപ്പമേറിയ ഭാഗത്തിൽ നിന്നുതന്നയാവട്ടെ തുടക്കം. അങ്ങനെയാവുമ്പോൾ സുഖദുഖങ്ങളായ മനസ്സിന്റെ ഉൽപ്പന്നങ്ങളെ നിയന്ത്രിക്കുവാൻ തക്കവണ്ണം ധീരനാവുകാൻ കഴിഞ്ഞോ എന്ന പരീക്ഷണം നടത്താം. പ്രപഞ്ചത്തെക്കുറിച്ച് ഒരു ബൃഹദ്‌വീക്ഷണം എപ്പോഴും ഉണ്ടാവട്ടെ...എന്നു പറഞ്ഞു തഥാസ്തു പറഞ്ഞു ഇരിക്കുന്ന ഗുരുവിനെ നമസ്ക്കരിച്ച് സന്യാസിവര്യൻ യാത്രയായി.

*തുടരും*

# കർമ്മവും ജ്യോതിശ്ശാസ്ത്രവും

ഡോ. കെ. ഹരിഹരൻ - 9847313322

ലോകത്താകമാനം, ബാഹ്യലോകത്തിലും മാനസികലോകത്തിലും, സർവ്വജീവജാലങ്ങളും പ്രകൃതിസിദ്ധാന്തങ്ങൾക്കാധാരമായി അസ്വതന്ത്രരായിട്ട് കർമ്മനിരതരായി ജീവിക്കുന്നു. കൈകാലനക്കാതെ ഇരിക്കുന്നവർ പോലും ഒന്നും ചെയ്യാതിരിക്കുന്നു എന്ന് വിചാരിച്ചുകൂടാ. അവന്റെ മനസ്സ് അപ്പോൾ എന്തെല്ലാം ചെയ്തുകൊണ്ടിരിക്കുന്നു എന്ന് ഒന്നു പരിശോധിച്ചാൽ അതിന്റെ പരമാർത്ഥമറിയാം. ഭൗതികപ്രകൃതിയുടെ ത്രിഗുണങ്ങളിൽ നിന്നുളവാക്കുന്ന വാസനകൾക്കനുസരിച്ച് ഓരോ മനുഷ്യനും കർമ്മം ചെയ്യാൻ നിർബന്ധിതരാണ്. കർമ്മകുശലനാണ് ലോകത്തിൽ വിജയം നേടുന്നത്. അവനവനുള്ള കർമ്മപദ്ധതി ഇന്നതാണെന്ന് ബുദ്ധിപൂർവ്വം നിർണ്ണയിച്ച് അതനുസരിച്ച് ജീവിതം നയിക്കലാണ് കർമ്മകുശലത.

വേദത്തിൽ കർമ്മമെന്നാൽ ബുദ്ധിപൂർവ്വമായി ചെയ്യുന്ന പ്രവൃത്തി എന്നു സൂചിപ്പിച്ചിട്ടുണ്ട്. ഏതു കർമ്മത്തിനും അതിന്റെ സ്വഭാവത്തിനും ശക്തിക്കും അനുസരിച്ച് പ്രകൃതിസിദ്ധമായിട്ട് ചില വ്യവസ്ഥകളുണ്ട്. അതിനെ കർമ്മനിയമമെന്ന് നിർവ്വചിക്കുന്നു. ശുഭാശുഭങ്ങളായ കർമ്മങ്ങൾക്ക് അവയ്ക്കനുയോജ്യമായ ഫലങ്ങൾ അനുഭവസിദ്ധമാകും എന്നതാണ് കർമ്മനിയമം.

ഒരു ജീവാത്മാവിന്റെ നിലയിൽ ഓരോ മനുഷ്യനും പൂർവ്വജന്മങ്ങളിലും ഈ ജന്മത്തിലും കായികമായും മാനസികമായും പല കർമ്മതരംഗങ്ങളും ഉണ്ടാക്കിക്കഴിഞ്ഞിട്ടുണ്ട്. അവയിൽ ചിലത് കർമ്മ നിയമമനുസരിച്ച് പുറപ്പെട്ട സ്ഥാനത്ത് തിരിച്ചു വന്നടിക്കുന്നു. അങ്ങനെ വന്നടിക്കുന്ന മാനസികവും കായികവുമായ കർമ്മതരംഗങ്ങളാണ് ഓരോ വ്യക്തിയുടേയും അപ്പോഴപ്പോളുള്ള അനുഭവങ്ങൾ. ഇവ അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ, പുതുതായ കർമ്മതരംഗങ്ങളെ മനുഷ്യൻ ഉണ്ടാക്കിക്കൊണ്ടുമിരിക്കുന്നു. മനുഷ്യൻ സാമാന്യമായി മൂന്നു വിധം കർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ബാഹ്യേന്ദ്രിയ വ്യാപാരങ്ങൾ, മനോവികാരങ്ങൾ, വിചാരങ്ങൾ എന്നിവ പ്രായേണ ഇവ മൂന്നും ഇടകലർന്നിരിക്കും. കൈകൊണ്ട് ദാനം കൊടുക്കുന്നത് ഒരു ബാഹ്യകർമ്മമാണ്, ആ ദാനം കൊടുക്കാൻ പ്രേരിപ്പിച്ച മനസ്സലിവ് വികാരകർമ്മം, ദാനം മേടിച്ചവന്റെ കഷ്ടതകളെക്കുറിച്ചുള്ള ആലോചന വിചാരകർമ്മമായി തീരുന്നു.

ഇഹലോകത്തിലെ പുണ്യപാപങ്ങളുടെ ഫലമായി മനുഷ്യൻ മരണാനന്തരം സ്വർഗ്ഗനരകങ്ങൾ അനുഭവിക്കുമെന്ന് പ്രായേണ എല്ലാ മതങ്ങളും പറയുന്നുണ്ട്. സ്വർഗ്ഗനരകങ്ങളിലെ അനുഭവങ്ങൾക്കുശേഷം, പിന്നീടുള്ള ജന്മങ്ങളിലും കർമ്മഫലങ്ങൾ അനുഭവിക്കേണ്ടിവരുന്നു. മരണാനന്തരദശയിൽ വാസ്തവത്തിൽ കർമ്മഫലപ്രാപ്തിയില്ല. സ്ഥൂലദേഹത്തോടു കൂടി ഇരിക്കുന്ന കാലത്തു ചെയ്തിട്ടുള്ള കർമ്മങ്ങളുടെ ഫലം ദേഹമെടുത്തിട്ടു തന്നെ അനുഭവിക്കണമെന്നാണ് കർമ്മ നിയമം.

ജീവിതകാലത്തുചെയ്തിട്ടുള്ള കർമ്മങ്ങളുടെ സൂക്ഷ്മങ്ങളായ മുദ്രകൾ ദേഹം നശിച്ചാലും ബാക്കി നില്ക്കുന്നു. സൽക്കർമ്മത്തിന്റെ ചിത്രങ്ങൾ സുഖകരങ്ങളും ദുഷ്ക്കർമ്മത്തിന്റെ ചിത്രങ്ങൾ ദുഖതങ്ങളുമാണ്. അങ്ങനെയുള്ള സൂക്ഷ്മലോകചിത്രങ്ങളുടെ മദ്ധ്യത്തിലാണ് മനുഷ്യൻ മരണാനന്തരം വർത്തിക്കുന്നത്. നമ്മുടെ ചില പ്രതിദിനാനുഭവങ്ങളിൽ നിന്ന് ഈ തത്ത്വം മനസ്സിലാക്കാം. ഉണർന്നിരിക്കുമ്പോഴത്തെ പ്രവൃത്തികളും വിചാരങ്ങളും അനുസരിച്ച് നമുക്ക് സ്വപ്നങ്ങൾ ഉണ്ടാകുന്നു. ദുഷ്പ്രവൃത്തികളുടേയും ദുർവ്വിചാരങ്ങളുടേയും ഫലമായി ദുസ്വപ്നങ്ങൾ ഉണ്ടാകാറുണ്ട്. ആ സ്വപ്നാവസ്ഥയിൽ നമുക്ക് ഭയവും ദുഖവും അനുഭവപ്പെടുന്നു.

അതുപോലെ തന്നെ, സദ്വിചാരങ്ങളുടേയും സൽക്കർമ്മങ്ങളുടേയും ഫലമായി സുഖസ്വപ്നങ്ങളും ഉണ്ടാകുന്നു. ഇങ്ങനെ സ്വപ്നത്തിൽ സുഖദുഖാനുഭവങ്ങൾ ഉണ്ടായതുകൊണ്ട് ഉണർന്നിരിക്കുമ്പോൾ ചെയ്ത കർമ്മങ്ങളുടെ ഫലം അങ്ങിനെ തീർന്നു എന്നു വരുന്നതല്ല. മരണാനന്തര കാലത്തെ അനുഭവങ്ങളും ഈ തരത്തിലാണ്. വിഷാംശങ്ങളുള്ള ആഹാരം കഴിച്ചാൽ അത് ദഹിക്കുന്ന സമയത്ത് പല അസ്വാസ്ഥ്യങ്ങളും ഉണ്ടാകും. വാസ്തവത്തിൽ ദേഹത്തിനുണ്ടാകുന്ന വിഷദോഷം ഈ ആസ്വാസ്ഥ്യം കൊണ്ടു തീരുന്നില്ല. അത് ദഹിച്ച് ദേഹത്തിൽ ചേർന്ന് ശരീരത്തിലുള്ള ധാതുക്കളെ ദുഷിപ്പിക്കലാണ് ഈ വിഷഭോജനത്തിന്റെ ശരിയായ ഫലം. അതുപോലെ നമ്മുടെ ജീവിതത്തിലെ കർമ്മങ്ങൾ, വികാരങ്ങൾ വിചാരങ്ങൾ ഇവ സൂക്ഷ്മശരീരങ്ങളിൽ വാസനകളായും ശീലങ്ങളായും ലയിച്ചു ചേരുന്ന അവസ്ഥയാണ് സ്വർഗ്ഗനരകങ്ങൾ.

പുരാതന കാലം മുതല്ക്കുതന്നെ നമ്മുടെ ആത്മീയവും ഭൗതികവുമായ എല്ലാ പ്രധാന കർമ്മങ്ങളിലും ജ്യോതിഷത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ഭാരതീയർ അനുസരിച്ചു പോരുന്നു. ജ്യോതിഷം ഒരു പ്രാചീന ശാസ്ത്രമാണ്. ഭാരതത്തിൽ ജ്യോതിഷം ഒരു വേദാംഗമാണ്. ജനനസമയത്തുള്ള ഗ്രഹസ്ഥിതിയെ അടിസ്ഥാനമാക്കി ഒരാളുടെ ഈ ജന്മത്തിലെ ജീവിതഗതി മുൻകൂട്ടി നി ർണ്ണയിക്കാമെന്ന് ജ്യോതിശാസ്ത്രം അവകാശപ്പെടുന്നു. എന്റെ ജാതകഫലം എൻെറ ഗ്രഹപ്പിഴ ഗ്രഹാചാരം എന്നെല്ലാം മനുഷ്യർ പറയുമ്പോൾ അവരുടെ കർമ്മത്തേയും സുഖദുഖങ്ങളേയും നിയന്ത്രിക്കുന്നത് കേവലം ഗ്രഹങ്ങളാണെന്ന തോന്നൽ സ്വാഭാവികം. കർമ്മനിയമവും ജ്യോതിഷവും തമ്മിലുള്ള യഥാർത്ഥ ബന്ധം സദൃഢമാണ്. ജ്യോതിഷം വെറും അന്ധവിശ്വാസമാണെന്ന് ചിലർ പറയുമ്പോൾ മറ്റു ചിലർ പ്രതിദിനം പഞ്ചാംഗം നോക്കിയിട്ടു വേണം പ്രവൃത്തി തുടങ്ങാൻ എന്ന് നിഷ്കർഷിക്കുന്നു. ആദ്ധ്യാത്മിക തത്ത്വങ്ങളിൽ വിശ്വസിക്കുന്നവരുടെ നില ഈ രണ്ടറ്റങ്ങൾക്കുമിടയിലാണ്. സൗരമണ്ഡലം ഒരു സംഘടിത വ്യൂഹമാണെന്നും അതിലെ ഭരണകേന്ദ്രവും ശക്തിവികീരണകേന്ദ്രവും സൂര്യനിലാണെന്നും പ്രകൃതിശാസ്ത്രം പഠിപ്പിക്കുന്നു. ഈ വാസ്തവം ജ്യോതിഷം പണ്ടേ പറഞ്ഞിട്ടുള്ളതാണ്. എന്നാൽ പ്രകൃതിശാസ്ത്രം ഇതുവരെ കണ്ടുപിടിച്ചിട്ടില്ലാത്ത ചില സംഗതികൾ കൂടി ജ്യോതിശാസ്ത്രസിദ്ധാന്തങ്ങളിലുണ്ട്. സൂര്യനും ഗ്രഹങ്ങളും ഏതോ ഒരു ശക്തിക്കധീനമായി ചലിച്ചുകൊണ്ടിരിക്കുന്ന ഭൗതികഗോളങ്ങളാണെന്നു മാത്രം ധരിച്ചാൽ പോരെ. ഓരോ ഗോളത്തിനും ആത്മീയമായ ഒരു വ്യക്തിത്വമുണ്ടാ. അതിന്റെ സകല ചേഷ്ടകലും ബോധപൂർവ്വമാണ് നടക്കുന്നത്. അതുപ്രകാരം ഈ ഭൂഗോളം കേവലം ഒരു മൃൽപിണ്ഡമെന്നു കരുതിയാൽ മതിയാവില്ല. ഭൂമിക്ക് മാനസികവും ആത്മീയവുമായ ദിവ്യ ശക്തികൾ ഉണ്ട്. ഭൂമീദേവിയുടെ ഒരു സ്ഥൂലോപാധി മാത്രമാണ് ഭൂഗോളം. ഈ ഗോളത്തിൽ സ്ഥൂലമായും സൂക്ഷ്മമായും നടക്കുന്ന സകല വ്യാപാരങ്ങളും ആഗ്രഹദേവിയുടെ നിയന്ത്രണത്തിലാണ് സംഭവിക്കുന്നത്. ഈ തരത്തിലാണ് ഗ്രഹങ്ങളെ പറ്റി ജ്യോതിശാസ്ത്രജ്ഞന്മാരുടെ വിശ്വാസം മനുഷ്യന്റെ ഇന്ദ്രിയങ്ങൾക്കും മനുഷ്യനിർമ്മിതങ്ങളായ യന്ത്രങ്ങൾക്കും അഗോചരങ്ങളായ പല ശക്തിവിശേഷങ്ങളും ഉള്ളതുപോലെ ഗ്രഹങ്ങൾക്കുമുണ്ടെന്നും അതുകൊണ്ട് അവയുടെ ചലനങ്ങളും അവയ്ക്ക് പരസ്പരമുള്ളതായ ബന്ധങ്ങളും ഈ ഗ്രഹങ്ങളേയും അതിലുള്ള ജീവികളേയും സാരമായി ബാധിക്കുന്നുണ്ടെന്നും ജ്യോതിശാസ്ത്രം സിദ്ധാന്തിക്കുന്നു. നമുക്ക് ഏററവും അടുപ്പമുള്ള ഒരു ഗ്രഹമാണ് ചന്ദ്രൻ. ചന്ദ്രനിൽ തട്ടി പ്രതിബിംബിക്കുന്ന സൂര്യരശ്മിയെ നാം നിലാവായി അറിയുന്നു. ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾക്കനുസരിച്ച് കടലിൽ വേലിയേറ്റവും വേലിയിറക്കവും ഉണ്ടാകുന്നു. അതുപോലെ ചന്ദ്രന്റെ സ്ഥിതി മനുഷ്യശരീരത്തിലും ചില വ്യതിയാനങ്ങൾ ഉണ്ടാക്കുന്നുണ്ടെന്ന് നമുക്ക് അനുഭവംകൊണ്ടറിയാം. കാസം, ഉന്മാദം മുതലായ രോഗങ്ങൾക്ക് വാവടുക്കുമ്പോൾ ശക്തിവർദ്ധിക്കുന്നു.

ആസന്നമൃത്യുവായ ഒരുവന് അമാവാസി ഒരു വിഷമഘട്ടമാണ്. സൂര്യരശ്മി ചന്ദ്രനിൽ തട്ടി പ്രതിബിംബിക്കുന്നതുപോലെതന്നെ മറ്റു ഗ്രഹങ്ങൾ വഴിക്കും ഭൂമിയിൽ എത്തുന്നുണ്ടാകണം. അതുകൊണ്ട് നിലാവിനുള്ളതുപോലെ തന്നെ മറ്റുഗ്രഹങ്ങളിൽ നിന്നും വരുന്ന രശ്മികൾക്കും ഭൂമിയേയും അതിലെ ജീവികളേയും ബാധിക്കുവാൻ സാദ്ധ്യമാണെന്നനുമാനിക്കാം.

സൂര്യനും മറ്റുഗ്രഹങ്ങളും പല പ്രകാരത്തിൽ ചലിച്ചുകൊണ്ടിരിക്കുകയാണ്. അത് ഹേതുവായി, ഗ്രഹങ്ങൾക്കും ഭൂമിക്കും തമ്മിലുള്ള സ്ഥിതി ഭേദങ്ങൾ പ്രതിനിമിഷം വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നു. ഭൂമിയുടെ ചലനത്തെപ്പറ്റി തന്നെ ആലോചിക്കാം. അതിന്റെ ദിനചലനം ആകാശത്തിൽ ഒരു വൃത്തമുണ്ടാക്കും. ചന്ദ്രനാകട്ടെ ഇതുപോലെ രണ്ടു വൃത്തശ്രേണികളോടുകൂടി സൂര്യനു ചുറ്റും സഞ്ചരിക്കുന്നു. ഇപ്രകാരം മറ്റുഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും ആകാശത്തിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന വൃത്തശ്രേണികളേയും അവ തമ്മിലുള്ള ബന്ധുമിത്രഭാവങ്ങളേയും ഒന്നു വിഭാവനം ചെയ്തു നോക്കുക. അവ ഓരോന്നും ഓരോ പ്രത്യേക നിറത്തിലുള്ളവയാണെന്നുകൂടി സങ്കല്പിച്ചാൽ പല നിറങ്ങളിലുള്ള ചങ്ങലകൾ ഭൂമിയുടെ പരിവർത്തന ശൃംഘലയിൽ കെട്ടിപ്പിണക്കുന്നതായി നമുക്കു കാണാൻ കഴിയും. ഇവ അതിശീഘ്രത്തിൽ ചലിച്ചുകൊണ്ടിരിക്കുകയും അവയുടെ സഞ്ചാരപഥം വ്യത്യാസപ്പെട്ടിരിക്കുകയും ചെയ്യുന്നതുകൊണ്ട് ഇവയിലുണ്ടാകുന്ന മാറ്റങ്ങൾ ഭൂമിയെ പല വിധത്തിൽ ബാധിക്കും. അവ പ്രതിനിമിഷം വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും.

സൂര്യന്റെ വെളിച്ചത്തെ സ്പെക്ട്രോസ് കോപ്പ് എന്ന ഉപകരണം കൊണ്ട് പരിശോധിച്ച് അതിൽ അടങ്ങിയിട്ടുള്ള ലോഹങ്ങൾ എന്തെല്ലാമാണെന്നു മനസ്സിലാക്കാം. അങ്ങനെ മറ്റു ഗ്രഹങ്ങളിൽ നിന്നും ഉണ്ടാകുന്ന രശ്മികളെ പരിശോധനയ്ക്കു വിധേയമാക്കിയാൽ ഓരോ ഗ്രഹങ്ങളുടേയും സ്ഥൂലഉപാധിയുടെ ധാതു ഘടകങ്ങൾ വ്യത്യസ്തങ്ങളാണെന്ന് മനസ്സിലാകും. കൂടാതെ ഓരോ ഗ്രഹത്തിനും സ്ഥൂലഉപാധിക്കു പുറമെ മാനസികവും ആത്മീയവുമായ ഒരു വ്യക്തിത്വമുണ്ടെന്നും കരുതാം. അതുകൊണ്ട് ഭൂമിയോട് ഓരോ ഗ്രഹത്തിനുമുള്ള ബന്ധം ഹേതുവായിട്ട്, ഭൂമിയിലുള്ള ജീവികളിൽ കായികമായും മാനസികമായും സൂക്ഷ്മമായ മാറ്റങ്ങൾ പ്രതിനിമിഷം സംഭവിച്ചുകൊണ്ടിരിക്കുന്നു.

സൗരമണ്ഡലം ആകെകൂടി ഒരു സംഘടിത വ്യക്തിയാണ്. മനുഷ്യദേഹത്തിൽ അസ്ഥി, മജ്ജ, മാംസം എന്നിങ്ങനെ പല ധാതുക്കളും ഉണ്ട്. അസ്ഥിയിൽ കാൽസിയം, രക്തത്തിൽ ഇരുമ്പ് എന്നിങ്ങനെ ഓരോ വിഭാഗത്തിൽ ഓരോ ഘടകങ്ങൾ പ്രധാനമായിരിക്കുന്നു. അതു പോലെ തന്നെ പ്രാണൻ, അപാനൻ, ഉദാനൻ തുടങ്ങി പഞ്ചപ്രാണങ്ങൾ ദേഹത്തിൽ വ്യത്യസ്തവ്യാപാരങ്ങളെ നിയന്ത്രിക്കുന്നു. അപര്കാരം സൗരമണ്ഡലത്തിലെ ഓരോ ഗ്രഹത്തിനും ആ ബ്രഹ്മാണ്ഡ ശരീരത്തിലെ ഓരോ അംഗം എന്ന നിലയിൽ പ്രത്യേക ധർമ്മങ്ങൾ ഉള്ളതായി കരുതണം. അതുപ്രകാരം ഓരോ ഗ്രഹത്തിലും ചില പ്രത്യേക ധാതുക്കൾക്ക് പ്രാധാന്യമുണ്ടാകാമെന്നും നാം മനസ്സിലാക്കണം. ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചു എന്ന് ക്രിസ്തുദേവൻ പറഞ്ഞിട്ടുണ്ട്. പ്രപഞ്ചം ബ്രഹ്മാണ്ഡവും മനുഷ്യൻ പിണ്ഡാവുമാണെന്ന് വേദാന്തികൾ പറയുന്നു. ആ ബ്രഹ്മാണ്ഡത്തിലുള്ള സകല ശക്തികളും, സകലഘടകങ്ങളും മനുഷ്യനിൽ ഉണ്ടെന്നും, മനുഷ്യനും ബ്രഹ്മാണ്ഡവും തമ്മിൽ അഭേദ്യമായ ഒരു ശാശ്വത ബന്ധമുണ്ടെന്നുമാണ് ഹിന്ദുമതസിദ്ധാന്തം ഉത്ഘോതിപ്പിക്കുന്നത്. ഈ തത്ത്വമനുസരിച്ച് സൗരമണ്ഡലത്തിലുള്ള മാറ്റങ്ങൾക്ക് അനുഗുണമായ വ്യത്യാസങ്ങൾ മനുഷ്യരിലും ഉണ്ടാകാതെ തരമില്ല. ഇതുവരെ പറഞ്ഞ തത്ത്വങ്ങളുടെ വെളിച്ചത്തിൽ നോക്കുന്നതായാൽ ഒരു പുതിയ മനുഷ്യദേഹത്തിന്റെ ബീജാവാപമുഹൂർത്തവും അതിനനുസരിച്ചുള്ള ജനനസമയവും അപ്പോഴത്തെ ഗ്രഹസ്ഥിതിയും തമ്മിൽ എത്രത്തോളം ബന്ധമുണ്ടെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

*(തുടരും)*

**16/06/23 മുതൽ 16/07/23 വരെ**

# മാസഫലം

മിഥുനമാസഫലം

# ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160, Mob : 8848036518, 9645683491

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**



മേടക്കൂർ (അശ്വതി ഭരണി, കാർത്തിക ആദ്യപാദം) വാക്ക് സാമർത്ഥ്യം, സ്ഥാനാന്തരപ്രാപ്തി ശത്രു നാശം ധനാഭിവൃദ്ധി, സുഹൃത്തുക്കളും ബന്ധുക്കളും അനുകൂലമാകും. ദുർജ്ജന സംസർഗ്ഗം മൂലം മനപ്രയാസം പനി ഉദര രോഗം എന്നീ ദോഷങ്ങളും വാഹനം വീട് എന്നിവക്ക് വേണ്ടി ധനവ്യയം. ജൂലായ് 1, 2 തീയതികൾ അഷ്മരാശി നക്ഷത്രങ്ങൾ ആയതിനാൽ പുതിയ സംരംഭങ്ങളുടെ ആരംഭം ഒഴിവാക്കുന്നത് നല്ലതാണ്. നാഗയക്ഷി, നാഗരാജ പ്രീതികരമായ വഴിപാടുകൾ നടത്തണം.



ഇടവക്കൂർ (കാർത്തിക അവസാന മൂന്നു ഭാഗം, രോഹിണി, മകീര്യം ആദ്യപകുതി) ലൗകിക സുഖങ്ങൾക്ക് വേണ്ടി പണം ചില വഴിക്കും. കലാപരമായ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് ധനപരമായ നേട്ടം ലഭിക്കുമെങ്കിലും അഭിപ്രായ വ്യത്യാസങ്ങൾ രൂക്ഷമാകും. ജൂലായ് 3, 4 തീയതികൾ അത്ര അനുകൂലമായിരിക്കില്ല. ആയതിനാൽ മാറ്റിവെക്കാൻ പറ്റുന്ന പ്രധാന കാര്യങ്ങൾ ഈ ദിവസങ്ങളിൽ ഒഴിവാക്കുന്നത് നല്ലതാണ് ദേവീപ്രീതികരമായ കർമ്മങ്ങൾ അനുഷ്ഠിക്കുക.



മിഥുനക്കൂർ (മകീര്യം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന് പാദം) നേട്ടങ്ങൾക്ക് വേണ്ടി കഠിന പരിശ്രമം വേണ്ടി വരും. മനസന്തോഷത്തിനായും, ദൈവീക കാര്യങ്ങൾക്കാ യും ധനം ചിലവഴിക്കും. സാമ്പത്തിക വിഷയത്തിൽ അഭിപ്രായ വ്യത്യസങ്ങൾ ഉണ്ടാകും. ഉദര രോഗം നെഞ്ചിടിപ്പ് എന്നീ രോഗങ്ങൾ അലട്ടും. ജൂലായ് 5, 6 ദിവസങ്ങൾ പുതിയ കാര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് നല്ലത്. ദുർഗ്ഗാ ദേവീ ക്ഷേത്രദർശനം നടത്തി പ്രാർത്ഥിക്കുന്നത് നല്ലതാണ്.



കർക്കിടകക്കൂർ (പുണർതം അവസാന പാദം, പൂയ്യം, ആയില്യം) പല കർമ്മ രംഗങ്ങളിൽ നിന്നും സാമ്പത്തിക നേട്ടങ്ങൾ പ്രതീക്ഷിക്കാം. ഗൂഢ വിദ്യകൾ പഠിക്കുന്നതിനും ആത്മീയ കാര്യങ്ങളിലും താൽപര്യം വർദ്ധിക്കുകയും ധനം ചിലവ് ചെയ്യുകയും ചെയ്യും. മറ്റുള്ളവരുടെ പ്രേരണയാൽ ചതിയിലൂടെ ആപത്ത് പറ്റുവാൻ സാധ്യത ഉള്ളതിനാൽ കരുതലോടെ പ്രവർത്തിക്കുക. ജൂലൈ 7, 8 ദിവസങ്ങൾ ശുഭകര്യമായിരിക്കില്ല. ഗണപതി ഹോമം ക്ഷേത്ര ദർശ്ശനം എന്നിവ നടത്തുന്നത് നല്ലതാണ്.

ചിങ്ങക്കൂർ (മകം, പൂരം, ഉത്രം ആദ്യപാദം ) സ്വപ്രയത്നത്തിലൂടെ ധനലാഭം നേടാം ഭാഗ്യപരീക്ഷണത്തിനായും സുഖലോലുപതയ്ക്കായും ധനം



ചിലവഴിക്കും. കർമ്മരംഗത്ത് ബുദ്ധി മികവിനാൽ പ്രകീർത്തിക്കപ്പെടും. സഹായസ്ഥാനത്ത് നിൽക്കുന്നവരിൽ നിന്നും സമ്മിശ്രഗുണാനുഭവങ്ങൾ ഉണ്ടാകും. ജീവിതപങ്കാളിയുടെ അലസത അഭിപ്രായവ്യത്യാസങ്ങൾക്ക് ഇട വരുത്തും. ജൂലൈ 9, 10 ദിവസങ്ങൾ അനുകൂലമല്ല. നവഗ്രഹക്ഷേത്രത്തിൽ ശനി പ്രീതികരമായ വഴിപാടുകൾ നടത്തുക.

കന്നിക്കൂർ (ഉത്രം അവസാന മൂന്ന് പാദം, അത്തം, ചിത്തിര ആദ്യപകുതി) കുടുംബാന്തരീക്ഷം സന്തോഷം പകരുന്നതായിരിക്കും. ധനപരമായ



നേട്ടവും ബുദ്ധിപരമായ മികവും ഉണ്ടാകും. കർമ്മരംഗത്ത് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകും. ആരോഗ്യപരമായ ചില പ്രശ്നങ്ങൾ ഉണ്ടാകും. വാക്ക് മൂലം കലഹത്തിന് സാധ്യയത ഉള്ളതിനാൽ ശ്രദ്ധയോടെ അഭിപ്രായങ്ങൾ പറയാൻ പാടുള്ളൂ. ജൂലൈ 11, 12 തീയതികൾ ശുഭകരമല്ല. നാഗയക്ഷി പ്രീതി സർപ്പാരാധന എന്നിവ നടത്തുക.



തുലാക്കൂറ് (ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന് പാദം) നാളുകളായി കിട്ടാതെ കിടക്കുന്ന സ്വയാർജ്ജിത ധനം ഭാഗ്യം കൊണ്ട് കൈവശം വന്ന് ചേരാം. പ്രണയിതാക്കൾക്കും, വിവാഹത്തിന് ശ്രമിക്കുന്നവർക്കും കാലം അനുകൂലമാണ്. കർമ്മ രംഗത്തെ കലഹവും പ്രതിസന്ധിയും രൂക്ഷമാകും. ചില തെറ്റിദ്ധാരണകൾ മൂലം മനസമാധാനം നഷ്ടപ്പെടാം. ജൂലൈ 13, 14 ദിവസങ്ങൾ പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. വിഷ്ണു പ്രീതി വരുത്തുക.



വൃശ്ചികക്കൂർ (വിശാഖം അവസാന പാദം അനിഴം, തൃക്കേട്ട) വിദേശവുമായി ബന്ധപ്പെട്ട് കിട്ടാനുള്ള ധനം ലഭ്യമാകും. മുടങ്ങി പോയ വിവാഹാലോചന തിരികെ വരാം. ബിസിനസ്സിൽ നിന്ന് അകന്ന് നിന്ന ചിലർ പങ്കാളിയാക്കാൻ തയ്യാറായി വരാം. ദീർഘകാലമായി രോഗ ദുരിതമനുഭവിക്കുന്നവർക്ക് ശരിയായ ചികത്സ ലഭ്യമാകാനും രോഗശമനം ഉണ്ടാവാനും സാധ്യത ഉണ്ട്. 15, 16 തീയതികൾ ശുഭകരമല്ല. വൈഷ്ണവ പ്രീതികരമായ വഴിപാടുകൾ നടത്തുക.



ധനുക്കൂർ (മൂലം, പൂരാടം, ഉത്രാടം ഒന്നാം പാദം ) സാമ്പത്തിക സാമൂഹിക രംഗങ്ങളിൽ അഭിവൃദ്ധി ഉണ്ടാകും. പിതൃ സംബന്ധമായും സർക്കാർ സംബന്ധമായും പ്രതീക്ഷിക്കുന്ന സഹായങ്ങൾ ലഭ്യമാകും. കർമ്മ രംഗത്ത് നിന്നും പങ്കാളികളിൽ നിന്നും ശത്രുതാപരമായ സമീപനം ഉണ്ടാകാം. സ്വയാർജ്ജിത ധനത്തിൽ കുറവ് വരാം. സന്താന വിഷയത്തിൽ പ്രതീക്ഷക്ക് വകയുണ്ട്. ജൂൺ 20, 21 തീയതികൾ ശുഭകാര്യാരംഭത്തിന് സ്വീകരിക്കരുത്. ദേവീ ക്ഷേത്ര ദർശ്ശനം നടത്തി യഥാശക്തി വഴിപാടുകൾ നടത്തുന്നത് നല്ലതാണ്.

മകരക്കൂർ (ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം



ആദ്യപകുതി) സന്തുഷ്ടമായ വിവാഹം വിവാഹാന്തര സാമൂഹികബന്ധങ്ങൾ സാമ്പത്തിക നേട്ടങ്ങൾ സംരംഭങ്ങളിൽ മികവ് ആഡംബര ജീവിതത്തിനായുള്ള താൽപര്യം വർദ്ധിക്കൽ എന്നീ ഗുണങ്ങളും, ആലോചനയില്ലാത്ത പ്രവൃത്തികൾ കാരണം അപവാദം കേൾക്കാനുള്ള സാദ്ധ്യതയും കൂടി ഉണ്ട്. ജൂൺ 23, 24 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. ദേവീ പ്രീതികരങ്ങളായ വഴിപാടുകളും മന്ത്രജപവും നടത്തുന്നത് നല്ലതാണ്.

കുംഭക്കൂർ (അവിട്ടം അവസാന പകുതി, ചതയം, പൂരൂരുട്ടാതി ആദ്യ മൂന്ന് പാദം) ബാങ്ക്, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവിട



ങ്ങളിൽ നിന്നും ധന പരമായ സഹായങ്ങൾ പ്രതീക്ഷിക്കാം. കുടുംബ കാര്യങ്ങളിൽ ബുദ്ധിപരമായ മികവ് പ്രകടിപ്പിക്കും. ബന്ധുജനപ്രീതി വർദ്ധിക്കും. പങ്കാളികളുമായി അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാമെങ്കിലും തന്മയത്തോടെയുള്ള നീക്കങ്ങൾ ഫലം കാണും. ജൂൺ 26, 27 തീയതികൾ പ്രായേണ ഗുണം കുറയും. ദേവീ ക്ഷേത്ര ദർശനവും ദേവീപ്രീതികരങ്ങളായ വഴിപാടുകളും നടത്തുക.



മീനക്കൂർ (പൂരൂരുട്ടാതി അവസാന പാദം, ഉത്രട്ടാതി, രേവതി) വിജ്ഞാനദാഹം വർദ്ധിക്കുന്നതിനാൽ അറിവിന്റെ വിവിധ മേഖലകളിലൂടെ സഞ്ചരിക്കും. പുതിയ പല അറിവുകളും സ്വായത്തമാക്കും. ധനപരമായ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരമാകും. ജൂൺ 29, 30 തീയതികൾ പൊതുവേ അനുകൂലമായിരിക്കില്ല. ഗണപതി ക്ഷേത്ര ദർശനം നടത്തുന്നതും കറുകമാല സമർപ്പിക്കുന്നതും ഗണപതി ഹോമം നടത്തുന്നതും തടസ്സങ്ങൾ മാറി കിട്ടാൻ നല്ലതാണ്.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 30/175 cm, Anizham, Fair, MBA, PGDM, Working at ICICI, Pref:- MBA/Nursing/IT/BDS, Mob:- 9847133997

Email:drisyaadvertising@yahoo.co.in
Date of Birth:13-03-1993 (04.54 pm)
Sishta Dasa:

കു ബു ര ഗു

| | | | | | |
|---|---|---|---|---|---|
| | ശു മാ | | ശി | കു | |
| ശു | ര ബു മ | ഗ്രഹനില & അംശകം | | | ല ശി |
| | | | | ല | |
| സ | | ച സ | | ഗു | |

മ മാ ച

Contact Address:
MR. RADHAKRISHNAN
SAVITHRI NIVAS, 6-104 B KNRA 87
NEAR THURUTHI TEMPLE
MARADU NORTH
ERNAKULAM - 682304

Nair Boy, 28/160 cm, Aayilyam, Master in Computer Application (MCA), IT Professional, Madras, At present WFH

Email:advvgnair@gmail.com
Date of Birth:15-02-1995 (10.40 am)
Sishta Dasa:

മ ച കു ബു

| | | | | | |
|---|---|---|---|---|---|
| | | ല ശി | മാ | | ല |
| സ മാ | ര മ | ഗ്രഹനില & അംശകം | | ച കു | |
| | ബു | | | | ശി |
| ഗു | ശു | ഗു | സ | | |

ര ശു

Contact Mobile:
9447052261
9037501659

Nair Boy,27/168cm, Karthika 1/4 (Medam), Bachelor in Hotel Management, Human Resource Professional, The Novotel Infopark, Not maching Stars:- Aswathi, Chathayam,Uthrattathi
Mob:- 9847413132, 9744953132

Email:sathishbabuyes@gmail.com
Date of Birth: 23-03-1996 (4.14 pm)
Sishta Dasa: Ravi - 05-0-29

ല

| | | | | | |
|---|---|---|---|---|---|
| | ര ബു കു മ ശി മാ | ച ശു | | | |
| ശി | | ഗ്രഹനില & അംശകം | | | |
| മാ | | | | ല | ബുസ കു മ |
| ച | ഗു | | | സ | |

ശു ഗു ര

Contact Address:
MR. SATHEESH BABU
PERAYIL SANKARANILAYAM
MANNAM ROAD - 60
KOCHI - 682024

## വധുവിനെ ആവശ്യമുണ്ട്

Nair Boy, 26/5'6", Karthika, B.com, MBA, Business, Pref:- Degree/PG, Preferably From Trissur, Ernakulam, Chennai, Mob:- 9710427673

Email:supremeplasticind@yahoo.co.in
Date of Birth:28/07/1997 (2.20pm)
Sishta Dasa:Ravi - 03-09-08

ബു ശി

| | | | | | |
|---|---|---|---|---|---|
| | മ | | ച | | |
| മ മാ | ശി | ഗ്രഹനില & അംശകം | | ര | ശു |
| ച | ഗു | | | ബു ശു സ | കു ഗു |
| സ | | ല മാ | | കു | ല |

ര

Contact Address:
MR.KRISHNADAS
SUPREME PLASTIC, NO.25
6th STREET, TRUSTPURAM
SEETHA APARTMENT
BASEMENT, KODAMBAKAM
CHENNAI - 600024

**മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ**

**ഉത്തമ പങ്കാളിയെ കണ്ടെത്തു.**

For matrimony registration on KarayogamMangalyam visit

https://karayogammangalyam.com/free/a1

**കൂടുതൽ വിവരങ്ങൾക്ക്:-**

**Ph: 9447171160**

## വരനെ ആവശ്യമുണ്ട്

Nair Girl, 25/154 cm, Thiruvathira, B.Tech in Computer Science and Engineering, Microsoft Assure Developer, Infosys Banglore, Mob:- 9544374957

Email:menonchandrakumar@gmail.com
Date of Birth:30-04-1998 (11.48 am)
Sishta Dasa: Rahu

മ ഗു

| | | | | | |
|---|---|---|---|---|---|
| | ബു ശു | ര മ കു | | ച മാ | |
| ശി മാ | ഗു ശി | ഗ്രഹനില & അംശകം | | ല | ശു |
| | | | | സ | ര സ |
| ച ബു | | | | | |

കു ല

Contact Address:
MR.CHANDRAKUMAR N.A
NETHRAMANGALATH HOUSE
NAYARAMBALAM
ERNAKULAM - 682509











എറണാകുളം കരയോഗം സാംസ്ക്കാരികവേദിയുടെ ആഭിമുഖ്യത്തിൽ നടത്തിയ
കുട്ടികളുടെ അവധിക്കാല ക്യമ്പിൽ നിന്ന്

DATE OF PUBLICATION: 10-06-2023

RNI NO. KERMAL/2008/23515
REGISTERED NEWSPAPER
M6-57945/2007

REGISTERED NO. KL/EKM/761/2022-24
LICENSE NO. KL/CR/EKM/WPP-7/2022-24
LICENSED TO POST WITHOUT PREPAYMENT

Volume No. 15 JUNE 2023 Issue No. 6

## എറണാകുളം കരയോഗം സാംസ്ക്കാരിക വിഭാഗം

# 'രാഗസുധ'

വിവിധ രാഗങ്ങളെ ആസ്പദമാക്കിയുള്ള സിനിമാഗാനങ്ങളുടെ ഒരു സംഗീത വിരുന്ന് 2023 ജൂൺ 18 ഞായറാഴ്ച വൈകുന്നേരം 4 മണിക്ക്. രാഗങ്ങളെ കുറിച്ച് ഒരു ചെറുവിവരണം ഉണ്ടായിരിക്കുന്നതാണ്.

## ബീം ജൂൺ മാസ പരിപാടി

വള്ളുവനാട് ബ്രഹ്മ അവതരിപ്പിക്കുന്ന

### നാടകം

# രണ്ടു നക്ഷത്രങ്ങൾ

27–6–2023 ചൊവ്വാഴ്ച വൈകുന്നേരം 6.30ന്
ടി.ഡി.എം. ഹാളിൽ



എറണാകുളം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ 2023 ജൂൺ 30 വെള്ളിയാഴ്ച്ച അഞ്ചുമണിക്ക് ടി.ഡി.എം ഹാളിൽ. കൊച്ചി രാജകുടുംബവും, എറണാകുളവുമായിട്ടുള്ള ബന്ധവും, രാജാക്കന്മാരുടെ സംഭവനകളും.

ഈ വിഷയത്തിൽ സംസാരിക്കുന്നത് ശ്രീ ബാലഗോപാൽ വർമ്മ.

ഏവർക്കും സ്വാഗതം.

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.